# മലയാളരാജ്യം
## ആഴ്ചപ്പതിപ്പ്



THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII | As. 2 | No. 324

12th June 1950

# ഈ ആഴ്ചയിലെ നക്ഷത്രഫലം

29-10-125 മുതൽ 4-11-125
12-6-1950 18-6-1950

തകഴി കെ. രാമവാര്യർ

അശ്വതി—മോഹനസ്വപ്നങ്ങളിൽ കൂടി ചിന്താഗതി മറിഞ്ഞുകൊണ്ടിരിക്കും. പരുഷമായ പെരുമാററങ്ങൾക്കിടവരും അവിശ്രമവും അകാലഭോജനവും അരിഷ്ടാധിക്യവുമുണ്ടാകും, വ്യവസായത്താൽ വിടവുകൾ നികത്തും. അനിയന്ത്രിതമായ ചെലവുകൾ വരും.

ഭരണി—ഭരണീയഭരണക്കുഴപ്പത്തിൽ പരിഭ്രാന്തി വളരുകയും കാര്യനിർവഹണത്തിന നിരന്തരം പരിശ്രമിക്കയും ചെയ്യും. സുഖജീവിതവും സഞ്ചാരവും കുറയുകയില്ല. അമിതവ്യയം കരാറുകളെ ലംഘിക്കുന്നതിനിടയാക്കും. നാല്കാലിവർഗ്ഗത്തിന്റെ അനുഭവക്കുറവ് ഉണ്ടാകും.

കാർത്തിക—ബുദ്ധിപൂർവമല്ലാതെ ചില പ്രവൃത്തികളിൽ ഏർപ്പെടും. കാര്യവിളംബം പശ്ചാത്താപത്തിടനൽകും. പുതിയ ചുമതലകൾ ഏറെറടുക്കും. സംഘടനകളുടെ ദൃഢതയ്ക്കുവേണ്ടി പ്രയത്നിക്കും. സന്താനാവശ്യങ്ങൾ ഹിതാനുസരണം സാധിച്ചുകൊടുക്കും.

രോഹിണി—പുതിയ സ്നേഹിതരെ സമ്പാദിക്കും. വിദ്യാഭ്യാസവിഷയത്തിന് ചെലവുസാധിപ്പാൻ കുഴങ്ങും. ഭക്ഷണകാര്യത്തിന് ക്ലേശം തട്ടും. ശാരീരികമായും മാനസികമായും സുഖം കാണുകയില്ല. പരുക്കുകൾ പററും. തൊഴിലുകൾ മുറയ്ക്കു നടക്കും. അതിൽ നിരാശയ്ക്കു വഴിയില്ല.

മകയിരം—എല്ലാം കാര്യങ്ങളിലും വെറുപ്പും വിരക്തിയും വളരും. വിഷജന്തുക്കൾമൂലമോ സഭ്യേതരരിൽനിന്നോ ഭീതിയുണ്ടാകയോ നിദ്രാഭംഗമോ വരും. ചില വിവാദസംഗതികൾക്കിടയുണ്ട്. ചില അനിഷ്ടതയും അരിഷ്ടതയും കാണും.

തിരുവാതിര—സ്നേഹിതസഹകരണവും സഹായവും ലഭിക്കും. ഭാഗ്യോൻമുഖമായ പരിതഃസ്ഥിതികൾ സംജാതമാകും. തൊഴിലുകൾ അഭിവൃദ്ധിയെ പ്രാപിക്കും. സർവാംഗവേദനയും കൈകാൽ കഴപ്പും കാണും. കരാറുകൾ പാലിക്കയില്ല.

പുണർതം—ശരീരത്തിൽ ക്ഷതമോ കുരുക്കളോ വരും. അഗതികളോടു രൂക്ഷമായി പെരുമാറും. സഹോദരന്മാരോടുള്ള മൈത്രി കുറയും. നിഷ്ഠൂരവചനങ്ങൾ കേൾക്കും. പ്രവൃത്തനങ്ങളിൽ ക്രമീകരണം പാലിക്കയില്ല. കോശസ്ഥിതി മോശമായിരിക്കും. അശ്വോകൾ കോപിക്കും.

പൂയം—ത്രിദോഷകോപത്താൽ കഫക്കോളിളകും. സഞ്ചാരം നഷ്ടത്തിനും സങ്കടത്തിനുമിട നൽകും. ശ്രമങ്ങൾ നിരാശാജനകമായിത്തീരും. കാര്യങ്ങൾ മന്ദഗതിയിൽക്കൂടയാലും നടത്തിക്കൊണ്ടുപോകും.

ആയില്യം—അധികാരിവർഗ്ഗങ്ങളെ അപലപിച്ചു അപവാദങ്ങൾപരത്തും. അസൂയ ഗൂഢശ്രമങ്ങൾക്ക് പ്രേരണ നൽകും. ധനപരമായ വിഷമത ഏറും. കുടുംബജനങ്ങളുമായി കലഹിക്കും. സന്താനങ്ങൾ സദാഅലട്ടിക്കൊണ്ടിരിക്കും.

മകം—സ്നേഹിതസാഹചര്യം പൊതുജനസംഘടനയ്ക്കുവേണ്ടി പ്രേരിപ്പിക്കും, ആശ്രിതരുടെ നീരസം സമ്പാദിക്കും. എതിർപ്പുള്ള കാര്യങ്ങളിൽ ധൈര്യപൂർവം പ്രവേശിക്കും. വിവാദത്തിനിടവരുത്താതെ സൂക്ഷിക്കണം. സ്ഥാനചലനത്തിന്റെ ലക്ഷണവും കാണുന്നുണ്ട്.

പൂരം—ഹിതസാധനങ്ങൾക്കും ആഡംബരത്തിനും സൽക്കാരത്തിനും അലക്ഷ്യമായി പണം ചെലവാക്കും. പ്രവർത്തനതാൽപര്യത്തിൽ പ്രയോജനം ലഭിക്കും. ഉത്കർഷപരിവർത്തനപ്രതീതിയുണ്ട്. കളത്രാരിഷ്ടതയും അനിഷ്ടതയുമുണ്ട്.

ഉത്രം—പണക്കുഴപ്പം നല്ലതുപോലെയുണ്ടാകും. ആലോചനയില്ലാത്ത സഹായം പശ്ചാത്താപത്തിനിടയാക്കും. ഉത്തരവാദരഹിതമായ കാര്യങ്ങളിൽ പ്രവേശിക്കും. സംഘടനകൾക്ക് മറവിൽനിന്ന് പ്രവർത്തിക്കും. കാർഷികാവശ്യത്തിന് ക്ലേശിക്കും.

അത്തം—സന്തോഷവർത്തമാനങ്ങൾ കിട്ടും. പുതിയ വ്യക്തികളുമായുള്ള സ്നേഹം ലഭിക്കും. മനഃസന്തോഷവും സുഖവുമുണ്ടാകും. അകാരണകോപവും സാഹസകാര്യങ്ങൾചെയ്യുന്നതിനും സംഗതിയാകും. കാലുനോവേദനയോ നീർവീഴ്ചയോ സംഭവിക്കും, വിശ്രമം കുറയും. ചുമതല കൂടും.

ചിത്തിര—ആഗ്രഹപൂർത്തീകരണത്തിന് അമാന്തം വരും. സുഖഭക്ഷണമായിരിക്കയില്ല. മനോഭീഷ്ടം വിട്ടുമാറുകയില്ല. സഹപ്രവർത്തകരുടെ പെരുമാററം അഹിതമായി പരിണമിക്കും. അല്പംചില രോഗാദിപീഡകൾ ഉണ്ടാകും.

ചോതി—നല്ലകാര്യങ്ങൾ പലതും പ്രവർത്തിക്കും. പരിവർത്തനോൻമുഖമായ ജീവിതത്തിനിടയുണ്ടാകും. പരാധീനതയുടെ ആധിക്യവും വിദ്യാഭ്യാസപ്രതിപത്തിയുംകൂടി മനസ്സിനെ ചുട്ടുപിടിപ്പിക്കും. സഹായജനം കുറയും.

വിശാഖം—ഭയം, ഭരണീയഭിന്നത എന്നിവയാൽ ചില അനിഷ്ടതകളും കാര്യസാധ്യക്കുറവിനാൽ നിരാശയും നേരിടും. വരുമാനത്തിൽ കവിഞ്ഞ ചെലവിനാലും ഗൃഹാവശ്യത്തിനാലും ഉള്ള ക്ലേശവും ഉണ്ടാകും.

അനിഴം—സ്ത്രീജനപ്രീതിയും സേവനവും കൊണ്ട് മനസ്സമാധാനവും പുത്രമയിലേക്കുള്ള കുതിപ്പുപാട്ടവും സുഹൃത്സമാഗമവും ധനലബ്ധിക്കുള്ള ശ്രമങ്ങളും സന്താനാഭ്യുദയചിന്തയും ഫലം.

തൃക്കേട്ട—ദ്വിഷയങ്ങളിൽ പ്രതിപത്തിയും നേതൃത്വവുംനിമിത്തം വേണ്ടപ്പെട്ട ജനങ്ങളുടെ വിരോധവും കാര്യവിളംബവും ഉണ്ടാകും. ആദായമാർഗ്ഗങ്ങൾമായും. ശിരഃപീഡയും വാതപീഡയും സംഭവിക്കും.

മൂലം—പരിവർത്തനപരമായ പുരോഗതിക്കുവേണ്ടി പണിപ്പെട്ടുകൊണ്ടിരിക്കും. കർമ്മത്തിനും തൊഴിലിനും പുഷ്ടിവർദ്ധിക്കും. ശരീരസുഖം കുറയും. അമിതാദായങ്ങൾ ഉണ്ടാക്കുവാൻ മുതിരും. വിപ്ലവാത്മകകാര്യങ്ങളിൽ ഇടപെടും.

പൂരാടം—പണക്കുഴപ്പത്തിന്റെ പരിഹാരത്തിനു യോഗ്യമായ ചില മാർഗ്ഗങ്ങൾ സ്വീകരിക്കും. ഗവർമ്മെന്റാനുകൂല്യങ്ങൾ പ്രതീക്ഷിക്കും, അന്യരുടെ തെററുകൾ പർവ്വതീകരിച്ചു കാണിക്കും. അജീർണ്ണതയും ഉദരപീഡയും ഉണ്ടാകും.

ഉത്രാടം—ധാർമ്മികപ്രവർത്തികളെ ധൈര്യസമേതം അഭിമുഖീകരിക്കും. ഭയോദ്വേഗകമായ ചുററുപാടുകൾ വലയംചെയ്യും. സ്വന്തം കാര്യങ്ങളിൽ അലസത വന്നുചേരും. ഈശ്വരാനുഗ്രഹത്താൽ ഭാഗ്യപുഷ്ടിയുണ്ടാകും. പുതിയ പ്രസ്ഥാനങ്ങൾ സ്വീകരിക്കും. വഞ്ചനപററാതെ സൂക്ഷിക്കണം.

തിരുവോണം. സുഹൃത്തുക്കളുടെ അവശതകളെ പരിഹരിക്കുവാൻ ശ്രമിക്കുമ്പോഴും സ്വാർത്ഥലാഭം ശുദ്ധമായി കരുതുന്നതിൽ മടികാണിക്കയില്ല. പൊതുജനനേതൃത്വത്തിനു ശ്രമിക്കും. നീചമായ മാർഗ്ഗത്തിൽക്കൂടി വിപത്തുകളെ തരണംചെയ്യുവാൻ സാഹസപ്പെടും. സന്താനങ്ങൾ ഭൈസ്വരം തരികയില്ല.

അവിട്ടം—ആരാധനത്തിൽ അപരിമിതമായ ആസക്തി ജനിക്കും. അല്പമായ വരുമാനങ്ങൾ വന്നുകൊണ്ടിരിക്കും. ഗൃഹത്തിൽ അനർത്ഥങ്ങളും നഷ്ടവും സംഭവിക്കും. അപ്രതീക്ഷിതഗുണങ്ങൾ കർമ്മത്തെ പുഷ്ടിപ്പെടുത്തുന്നതിനു പര്യാപ്തമായിത്തീരും.

ചതയം—അദ്ധ്വാനം കൂടിയിരിക്കും. പഴയ പരിചയങ്ങൾ പുതുക്കും. മിതമായ വരുമാനങ്ങൾ വരുത്തിക്കൊണ്ടിരിക്കും. അവസരോചിതമല്ലാത്ത പ്രവൃത്തികളിൽ ഏർപ്പെടുകയാൽ ധനപരമായി വിഷമിക്കും. നീചാപമാനം ഉണ്ടാകും.

പൂരുരുട്ടാതി—അലങ്കാരങ്ങളിൽ താല്പര്യം അനുസരണയില്ലായ്മ, പതനഭയം, ക്ഷതം, വിരുദ്ധപ്രകടനങ്ങൾ, വിദേശസഞ്ചാരം, കാര്യലാഭം, കക്ഷിതാല്പര്യം, നയതന്ത്രപരമായ പെരുമാററം വിദ്യാഭ്യാസവിഷയങ്ങളിൽ പരിഭ്രമം.

ഉത്രട്ടാതി മനഃപ്രസാദം, വിജയപ്രാപ്തി, ന്യായാവകാശത്തിനുവേണ്ടിയുള്ള കലഹം, നാൽക്കാലികളിൽനിന്നുമുള്ള അനുഭവക്കുറവ്, കുടുംബജനങ്ങളിൽ അസുഖം, മംഗളകരമായ കാര്യങ്ങളിൽ ശ്രദ്ധ, വരുമാനങ്ങൾ ഉണ്ടാക്കുവാനുള്ള ശ്രമം.

രേവതി—നിരാശയും വിദ്വേഷവും ജനിക്കുക, സ്ഥിരമായ പരിപാടിയുടെകുറവിനാലുള്ള നഷ്ടം വരിക, അനിവാര്യതങ്ങളായ വിഷമതകൾ വലയംചെയ്യുക, പ്രശസ്തിയും വിമർശനബുദ്ധിയും വർദ്ധിക്കുക അഗതികളുടെ അഭ്യുദയത്തിൽ സന്തോഷം സന്താനങ്ങൾക്കു അരിഷ്ടതകൾ ഇവ ഫലം.

—০—

# മദമഥനം

വടക്കങ്കൂർ രാജരാജവർമ്മരാജാ

൧

ദൈവത്തെയും ഗുരുജനങ്ങളെയും ദൂഷിക്കാൻ
നാവസ്ഥരായ് നിജഗുണങ്ങളെവാഴ്ത്തുവാനും
പാവങ്ങൾതൻ പ്രമഥനത്തിനു ബാഹുശക്തി-
യേവംവസിച്ചു ഖലരീയുലകംമുടിപ്പൂ.

൨

കണ്ടാലറയ്ക്കുമതുമട്ടസൃഗാദിയെക്കൊ-
ണ്ടുണ്ടാക്കിയുള്ളതിഹ ഭൌതികദേഹമാക്കാം
തൊണ്ടായതല്പബലമസ്ഥിരമോർക്കിലെന്തൊ-
ന്നുണ്ടായതിൽ ഭ്രമമിയന്നുമദിക്കുവാനായ്.

൩

ആറായിരം മരികളാളിന ക്രൂരിരുട്ടം-
പോരാനരക്കിയലുമാത്തിമിരത്തൊടേല്ക്കാൻ
ഘോരാന്ധ്യമത്രയധികംപെടുവോർ ബുധന്മാ-
ക്കാരാദ്ധ്യരെന്നു ശിവനേ തെളിയുന്നു പാരിൽ.

൪

സ്ഫീതംധനാധിപതിയായ് നിധികാത്തിടുന്നു
ഭൂതംകണക്കനിവസിച്ചു നരൻമരിക്കിൽ
ജാതങ്ങൾ ബന്ധുകൃതദുർവ്യവഹാരകങ്ങ-
ളേതദ്ധനാത്തെയഖിലം പൊടിയാക്കിടുന്നു.

൫

തന്നാൽകഴിഞ്ഞിടിനപോലെ പിതാവുവിത്തം
കുന്നായ് പിടുക്കിയുളവാക്കിയതാത്മജന്മാർ
അന്നാടകം 'സിനിമ' വേശ്യഭിഷക്കിവക്കാ-
യൊന്നായ്ക്കൊടുത്തുതൊടിക്കൊണ്ടുമുടിച്ചിടുന്നു

൬

എന്നുംസുഖോന്നതിതരും പരമാത്മകാര്യ-
മൊന്നുംനിനപ്പതിനു മർത്ത്യനു നേരമില്ലാം
തിന്നുംകുടിച്ചുമഥ പട്ടികണക്കലഞ്ഞും
ചിന്നുംമദത്തൊടൊടുവിൽ പൊളിയുന്നുമൂഢൻ,

൭

ദിഷ്ടത്തിനാളിടുമദൃഷ്ടബലം ഗണിക്കാ-
തിഷ്ടത്തിനൊത്തപടി തുള്ളിയഹങ്കരിപ്പോൻ
കഷ്ടം! മഹാനരകഗർത്തശതത്തിൽവീണു
പുഷ്ടവ്യഥം ജനിയെനിഷ്ഫലമാക്കിടുന്നു.

൮

വേദംപുരാണമിവയാകെയബദ്ധമെന്നു
വാദത്തിനാലബുധർ തൊണ്ടവരട്ടിവാഴ്കെ
വൈദഗ്ദ്ധ്യമോടവ ശരിക്കുപഠിച്ച വിദ്യോ-
ന്മാദംകളഞ്ഞു പരമംസുഖമേൽപ്പു ശിഷ്ടർ.

൯

മോടിക്കുപാരിതുയരുന്നതിനെത്രയെത്ര-
കോടിക്കണെക്കിനുജനം പണിചെയ്യുമന്നാം
നേടിക്കഴിഞ്ഞഫലമെന്തിഹ? മുൻകണക്ക-
കോടിക്കുഴങ്ങിയുഴലുന്നിതു ലോകമിന്നും.

൧൦

കമ്പംപിടിച്ചു തലകീഴ മറിയുന്നു ലോകം
വൻപർവ്വതങ്ങളുമിടിഞ്ഞുപൊടിഞ്ഞിടുന്നു
ഉമ്പർക്കുപോലുമവശസ്ഥിതിവായ്പു, തോയ-
സമ്പത്തകന്നു കരയായ് കടലുംനശിപ്പൂ.

൧൧

ആരാണ്ടുവിൻ കമ്പളനത്തിനുപാത്രമായി-
ത്താരാധിപൻരവിയുമല്ലൂടമാർത്തികൊൾവൂ
പാരാകെയിങ്ങനെ വിപന്മയമപ്പൊഴല്ലാ-
ന്മാരാം നരക്കടയഗർവ്വിനൊരർത്ഥമുണ്ടോ.

൧൨

ഒന്നാമതായ്ശമദമാദിഗുണങ്ങൾകൊണ്ടു
തന്നാശയത്തെമനുജൻ ശുചിയാക്കിടട്ടേ
പിന്നായിടാമുലകതീവ പരിഷ്കരിച്ചു
നന്നാക്കിടുന്നതിനു വേണ്ടവിധം പ്രയത്നം.

൧൩

തന്നന്ധതയ്ക്കു പരിഹാരമിയന്നിടാതെ
ചെന്നങ്ങുവീണ കുഴിവിട്ടുകരേറിടാതെ
ഖിന്നതചാമാത്മനിപടന്നതു നീക്കിടാതെ
നിന്നന്യനെജ്ജനമെതിൻവിധമുദ്ധരിക്കും.

൧൪

ഏനസ്സുമൂലമുളവായിടുമിബ്ഭവാബ്ധ്യ-
ദീനത്തിനൊന്നൊഴികെയില്ല മരുന്നുവേറെ
ആനന്ദമേകുവതുഷീശരുരച്ചതത്വ-
ജ്ഞാനംപഠിച്ചുനിരുപിച്ചു ചരിക്കതന്നേ.

൧൫

ശ്രൂസംജനത്തിനുളവാക്കിടുമാറുചക്ര-
ശ്വാസംവലിച്ചു മിഴിരണ്ടുമുരുണ്ടുദഗ്രം
നൈസർഗ്ഗികംവെളിവുനീങ്ങവെയങ്ങുതീവ്രം-
യാസൻനരനു പ്രഭവാവലിയർത്ഥശൂന്യം.

൧൬

കായം തടിക്കുസമമായ്നിപതിച്ചു, വക്ത്ര-
ച്ഛായയ്ക്കു മങ്ങലുളവായ് കദനാന്ധനായി
ആയത്തമിന്ദ്രിയബലം സകലംനശിക്കെ
സ്വീയംനരനുവിഭവാവലിയർത്ഥശൂന്യം.

൧൭

ചോരത്തിളപ്പുടയനാളഖിലേശരന്റെ
പേരല്പവും മദവശൻ മനുജൻസ്മരിക്കാ
ഘോരം രുജാഭരമിയന്നു കിടപ്പിലാകാം-
നേരത്തുമോർപ്പതവനാത്മധനാദിവൃത്തം.

൧൮

മൂത്രംമലം വസരസാദിയിവയ്ക്കുതീവ്ര-
പാത്രം ജുഗുപ്സയുളവാക്കുവതാതവക്കാം
ഗാത്രം ക്ഷണനവിനശിപ്പതതിക്കലിത്ര-
മാത്രം പ്രിയംപെരുകുവാൻ ഗുണമെന്തിരിപ്പൂ.

൧൯

ഉണ്ടായ്,വളർന്നു,ഗൃഹിയായി,ജനങ്ങളെല്ലാം
കൊണ്ടാടി, നാട്ടുകൾജയിച്ചു, മഹീന്ദ്രനായി,
കണ്ടാലുമേ സുഭഗനെന്തുഫലം? നിമേഷം-
കൊണ്ടാ മഹാൻമൃതിയടഞ്ഞുവെടിഞ്ഞുസർവം.

൨൦

ഏത്താംനഭസ്സു മദരാഗമുഖാമയാംബു-
ഭൂത്താകെനീങ്ങി നിതരാംതെളിവേന്തിനില്ക്കെ,
സത്താത്മതത്വമയമാമൃതാംശു, കാന്തി-
യൊത്തായതിൽദ്രുതമുദിച്ചമൃതംപൊഴിപ്പൂ.

# പട്ടണത്തിൽ

പട്ടം എൻ. ഗോപാലൻനായർ

പുഷ്ടസമ്പൽസമൃദ്ധിയാളുമി-
പ്പട്ടണത്തിലെ വീഥിയിൽ
ഏതുമാലിന്യവും മറയ്ക്കുന്ന-
ക്കൂരിരുട്ടിൻ നിഴലിലായ്,
കാത്തുനില്ക്കുന്നുഞാൻ, വിശപ്പിനാൽ
കാളിടുന്ന വയറുമായ്,
കാമകേളീകുതുകമാർന്നെത്തും
കാമുകന്മാരാം നിങ്ങളെ !

പോരുവിൻവേഗം, മെയ് തളർന്നുഞാൻ
പാതയിൽവീഴും വൈകിയാൽ
തർക്കമേതുംചൊല്ലാതെ സാദരം
സല്ക്കരിച്ചീടാം നിങ്ങളെ.
കിട്ടിയെൻവിശപ്പിൻവിലയെങ്കിൽ
തൃപ്തയാകുവോളാണു ഞാൻ.
ആനന്ദം തിരഞ്ഞെത്തുന്നു നിങ്ങൾ,
ഞാൻകൊതിപ്പതെൻ ഭക്ഷണം!
ഏകുവിൻ നിങ്ങളായതിൻവില,
ഏകിടാം നിങ്ങൾക്കെന്നെ ഞാനും.
ഉററുനോക്കുന്നതെന്തിനെൻമെയ്യിൽ?
അല്പരസ്നേഹമല്ല ഞാൻ.

ഭീതരായിടാം നിങ്ങളെൻമുഖ-
ഭാവംസൂക്ഷിച്ചുകാണുകിൽ
ഞെട്ടലേകുമതിൽ തെളിയുന്ന-
നിത്യദുഃഖത്തിൻ പാടുകൾ.
എങ്കിലും നിങ്ങൾക്കായ് വരുത്തൊരു-
പുഞ്ചിരി ഞാൻ പൊഴിച്ചിടാം
യാതനകളുടലെടുത്തൊരു-
കാതരരൂപമാകിലും,
നാരിതന്നെഞാൻ, നിങ്ങൾക്കൊത്തു-
പോരുമല്ലോ രമിക്കുവാൻ.
നീതിസാരങ്ങളുദ്ധരിച്ചെന്നെ-
പാതകിയായ് വിധിച്ചിടും,
സ്വാർത്ഥലോലുപരെന്റെശോകാർദ്ര-
വൃത്തമെന്തറിയുന്നഹോ!
ദുർഭരംമമജീവിതഭാര-
മല്പമിന്നവർതാങ്ങുമോ?
പട്ടിണികൊണ്ടുഞാൻ മരിക്കുകി-
ലിഷ്ടമാണവർക്കൊക്കെയും!
ഇഷ്ടമില്ലെനിക്കേതുമല്പാല്പം
പട്ടിണിയാൽ മരിക്കുവാൻ
എന്നെയീവിധംപോററുംനിങ്ങളോ-
ടെന്നുമെന്നും കൃതജ്ഞഞാൻ...

# കമ്പിളിത്തൊപ്പി

—০—

വി. കെ. ശ്രീധരൻനായർ

തിരുമുക്കാലുംതച്ച
കമ്പിളിത്തൊപ്പിശേഷം
തുന്നുവാൻ തൊട്ടപ്പോൾ
കണ്ണുനീർക്കടൽതീർക്കും.
മാററാരുത്തിയിൽഭ്രമി-
ച്ചാത്മവല്ലഭൻനാടു
വിട്ടിട്ടുംസാധ്വീരത്ന-
മിത്രമേൽകരഞ്ഞില്ല.
നീറിടുംചേതസ്സുമാ
കാത്തിരിപ്പായ്ക്കുറ
നാളുകളാശാലത
പുത്തനാം പൂമൊട്ടിടാൻ.
ആയിടയ്ക്കുവൾ തച്ചു
തുടങ്ങി പട്ടുനൂലാ-
ലായിരംപ്രതീക്ഷയിൽ
ചെറുതാംവർണ്ണത്തൊപ്പി
വെളിച്ചംകാണാൻകാലം
കാത്തുനിന്നുദരത്തിൽ
മുളച്ചരാഗക്കുമ്പി-
ന്നണിയാൻ സംഭാവനം.
സ്വപ്നംകണ്ടുപോലവൾ
കൈകളിൽവിലങ്ങിത്തിൽ
സുസ്മിതംതൂകിത്തങ്ങും
ഭർത്താവിൻപ്രതിച്ഛായ.
നെടുതാംവിയോഗത്തിൻ
നോവുകൾപൂമൈതലിൻ
നലമാംതനുസ്പർശം
മായ്ക്കുമെന്നഭ്യൂഹിച്ചു.
... ......... ...... ......... ...
ചതിച്ചോ കാലം—? തുന്നി
ത്തീരാത്തമണിത്തൊപ്പി
ച്ചുടുകണ്ണീരിൽമുങ്ങി;
മൂർച്ഛിച്ചമനസ്വിനി
തകർന്നസങ്കല്പങ്ങൾ,
തപ്തയ്ക്കുമരണത്തിൽ
തണുത്ത കരങ്ങളിൽ
പററുവാൻതിടുക്കമോ?

# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ ‖ കൊല്ലം ൧൧൨൫ ഇടവം ൨൯-ാംനു തിങ്കളാഴ്ച, 12th June 1950. ‖ ലക്കം ൩൨൪



സിലോണിൽവച്ചുനടന്ന അഖില ലോകബുദ്ധിസ്റ്റ സമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച നിയമമന്ത്രി ഡാ: ബി. ആർ. അംബെത്കർ പത്നിയുമൊന്നിച്ച് സിലോണിലേക്കു പോകുന്നവഴി മദ്രാസിലെത്തിയ അവസരത്തിൽ മീനാമ്പക്കം വിമാനത്താവളത്തിൽവച്ചു പ്രവിശ്യാ കാൺഗ്രസ്കമ്മിററിയും മദ്രാസ് ഗവമ്മെൻറ് ഉദ്യോഗസ്ഥന്മാരുംചേൎന്നു നൽകിയ സ്വീകരണം. മുൻവരിയിൽ കണ്ണാടിവച്ചിരിക്കുന്നതു ഡാ: അംബെത്ക്കറും പത്നിയുമാണ്.

ഇന്ത്യാഗവമ്മെൻറിൽ നിയമവകുപ്പുമന്ത്രിയായ ഡാ: അംബെത്ക്കർ ഇന്ത്യൻ റിപ്പബ്ളിക്കൻഭരണഘടനാകമ്മിററി അദ്ധ്യക്ഷൻകൂടിയായിരുന്നു. ആ നിലയിലുള്ള അദ്ദേഹത്തിൻെറ സേവനം പ്രശംസനീയമാണെന്നു പരക്കെ സമ്മതിക്കപ്പെട്ടിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ പേർ ഡാ: ഭീമറാവുറാംജി അംബെത്കർ എന്നാണ്. ഇദ്ദേഹത്തിൻെറ ബിരുദങ്ങൾ, എം. ഏ. പി. എച്ച്. ഡി; ഡി.എസ്സി. ബാർ അററ്ലായാണ്. 1930-32-ൽ ലണ്ടനിൽ വച്ചു നടന്ന വട്ടമേശസമ്മേളനത്തിൽ ഒരംഗമായിരുന്നു. ഇന്ത്യൻ എക്സിക്യൂട്ടീവ് കൗൺസിലിൽ ഒരംഗമായിരുന്നു. ഒന്നാമത്തെ ദേശീയമന്ത്രിസഭ രൂപീകരിച്ചയവസരത്തിലും ഡാ: അംബെത്ക്കർ അംഗമായി നിയമിക്കപ്പെട്ടു. അന്നുമുതൽ അദ്ദേഹം തുടൎന്നു് ഇന്ത്യൻമന്ത്രിസഭയിൽ നിയമവകുപ്പിൻെറ ചുമതലവഹിച്ചുപോരുന്നു. ഡാ: അംബെത്ക്കർ ഇന്ത്യയിലെ പട്ടികജാതിഫെഡറേഷൻ അദ്ധ്യക്ഷൻകൂടിയായിരുന്നു. രൂപയുടെ പ്രശ്നം, ഇന്ത്യയിലെ ജാതികൾ, ജാതിനശീകരണവും ഫെഡറേഷൻെറ ധ്വംസനവുമാണ് സ്വാതന്ത്ര്യം, പാകിസ്ഥാനെപ്പററി ചിന്തകൾ തുടങ്ങിയവ ഡാ: അംബെത്ക്കറുടെ പ്രസിദ്ധീകരണങ്ങളിൽ ചിലതാണ്.





പുതിയ മന്ത്രിമാർ സത്യപ്രതിജ്ഞചെയ്യുന്നതു്: ൧൯൫൦ മേ ൨൯-ാംനു ന്യൂഡെൽഹിയിലെ ഗവമ്മെൻറു മന്ദിരത്തിൽവച്ചു പുതിയ മൂന്നു മന്ത്രിമാർ സത്യപ്രതിജ്ഞ നടത്തുകയുണ്ടായി. ഉദ്യോഗത്തിൽനിന്നു വിരമിച്ച ഡാ: ജാൺമത്തായിക്കു പകരം ധനകാര്യമന്ത്രിയായി നിയമിക്കപ്പെട്ട ശ്രീ: ചിന്താമൺദേശമുക്ക് സത്യപ്രതിജ്ഞ നടത്തുന്നതാണു ചിത്രം. ശ്രീ: ദേശമുക്ക് റിസൎവ്ബാങ്ക്ഗവർണ്ണരായിരുന്നു. ഇന്ത്യയിലെ ധനകാര്യവിദഗ്ദ്ധന്മാരിൽ ഒരാൾകൂടിയാണ്. ദേശമുക്കിൻെറ നിയമനത്തെ വാണിജ്യകേന്ദ്രങ്ങളും ധനകാര്യകേന്ദ്രങ്ങളും സ്വാഗതംചെയ്യുകയുണ്ടായി. പ്രസിഡൻറ് ഡാ: രാജേന്ദ്രപ്രസാദ് സത്യവാചകം ചൊല്ലിക്കൊടുക്കുന്നതും ശ്രീ: ദേശമുക്ക് അതു് ആവൎത്തിക്കുന്നതും ചിത്രത്തിൽ കാണാം. പ്രധാനമന്ത്രി പണ്ഡിതനെഹ്റു, മൗലാനാആസാദ്, സർദാർ പട്ടേൽ തുടങ്ങി മന്ത്രിസഭാംഗങ്ങളെല്ലാം തദവസരത്തിൽ സന്നിഹിതരായിരുന്നു.

ശ്രീ: കെ. സന്താനം, റെയിൽവേകുവപ്പുസ്റ്റേററ്മിനിസ്റ്റർ. ഒരു കാൺഗ്രസ്പ്രവൎത്തകനായും ഇന്ത്യൻഎക്സ്പ്രസ് പത്രത്തിൻെറ എഡിററരും ദീർഘകാലം കേന്ദ്രനിയമസഭാംഗവുമായി ഇദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ടു്.

# ഗ്രന്ഥവിഹാരം

## പ്രണാമം

—*—

ഗ്രന്ഥകർത്താ
ചെറിയാൻ ആൻഡ്രൂസ്
പ്രസാധകന്മാർ
ശ്രീ നരസിംഹവിലാസം
ബുക്കുഡിപ്പോ, തുറവൂർ.
വില രൂ. ൧

ഇന്ത്യാചരിത്രത്തിലെ രജപുത്രകാലം "കഥകൾ നിറഞ്ഞകാല"മായിരുന്നു. വീരപ്രധാനമായ ആ ചരിത്രം ചാരിത്ര്യസംവലിതവുമായിരുന്നു. ആ കാലഘട്ടത്തിലെ ഒരു സംഭവത്തെ അനുസ്മരിപ്പിക്കുന്ന 'ധർമ്മപത്നി'യും പാരീസിലെ തെരുവുകളിൽ നിന്നു പകർത്തിയിട്ടുള്ള കൺമണിയുടെ സമ്മാനവും വഴിയെപോയ 'വയ്യാവേലി'യും ബൈബിൾവിശ്വാസത്തിൽനിന്നു ഉടലെടുത്ത 'എന്റെ പുനർജ്ജന്മവും' കാശ്മീരിലെ ഒരു കലാരസികനു നേരിടേണ്ടിവന്ന കാലക്കേടിനെപ്പറ്റി പ്രതിപാദിക്കുന്ന 'ഗായകനും' അകനിഅമ്മായിയുടെ പൊരുന്നക്കോഴി എന്ന പേരിൽ ഒരു മലയാളകഥയുമായി പ്രസ്തുത ഗ്രന്ഥം നമ്മെ പരിചയപ്പെടുന്നു. രജപുത്രവനിതകൾക്കു നിസർഗ്ഗസിദ്ധമായ ആദർശപ്രിയത്വവും അപകടങ്ങളെ നേരിടുന്നതിലുള്ള ധീരോദാത്തതയും സവിശേഷമായി ഈ ചെറുകഥകൊണ്ടു സാധിക്കുന്നുണ്ട്. ഒരു സ്വതന്ത്രാനുകരണം എന്നു ഗ്രന്ഥകർത്താവു സമ്മതിക്കുന്ന ഈ കഥാരത്നത്തിൽ വർണ്ണനാകുസുമങ്ങൾകൊണ്ടു ഒരു ശബളകാന്തി ചെലുത്തുവാൻ കഥികനു കഴിഞ്ഞിട്ടുണ്ട്. വൈകാരികമായ തന്മയത്വം മാത്രം അനുഭവപ്പെടുന്നില്ലെന്നും പറയണം.

കൺമണിയുടെ സമ്മാനം പാരീസ് നഗരത്തിലാണ് സംഭവിക്കുന്നത്. മോൺഷ്യർലാൻടിൻ ഒരു ആഫീസ് ജോലിക്കാരൻ എന്ന നിലയിൽ സാധാരണ ജീവിതം നയിച്ചുവരവേ സുന്ദരിയായ ഒരു വധുവിനെ ജീവിതസഖിയായി തിരഞ്ഞെടുത്തു. അവരുടെ ജീവിതം ആനന്ദംകൊണ്ടു നിറഞ്ഞു. ഭാര്യയുടെ ആഭരണഭ്രമവും സിനിമായ്ക്കുപോകയേതീരുവെന്നുള്ള നിർബന്ധവും ആദ്യമാദ്യം പ്രതിബന്ധിക്കാൻ നോക്കിയെങ്കിലും ഭർത്താവതിൽ ഒരു അയഞ്ഞനില സ്വീകരിക്കയാണ പിന്നീടുണ്ടായത്. ചുരുങ്ങിയവരുമാനംമാത്രമുള്ള ആ കുടുംബം സുഭിക്ഷതയുടെ സങ്കേതമായും ഭാര്യ രത്നാഭരണഭൂഷിതയായും പരിശോഭിക്കുന്നു. പക്ഷേ ഈ ആഭരണങ്ങളെല്ലാം വെറും ഇമിറ്റേഷൻവജ്രങ്ങളാണെന്നു അവൾ ഭർത്താവിനെ വിശ്വസിപ്പിക്കുന്നു. അപ്രതീക്ഷിതമായി ആ യുവതി മരണമടയുന്നു. മോൺഷ്യർലാൻടിൻറിന്റെ കുടുംബസൗഭാഗ്യമെല്ലാംതകർന്നുവെന്നുമാത്രമല്ല ഒരു കടക്കാരനായും തീരുന്നു. ഒടുവിൽ ഭാര്യയുടെ ഇമിറ്റേഷൻ ആഭരണങ്ങൾ വിറ്റു നിവൃത്തിനേടാനായി പുറപ്പെടുകയും ലക്ഷക്കണക്കിനു വിലയുള്ളതാണ് ആ ആഭരണങ്ങൾ എന്നു അയാൾക്കു ബോദ്ധ്യമാകുകയും ആ സമ്പാദ്യരഹസ്യം അയാളുടെ അന്തരംഗങ്ങളിൽ തുളച്ചുകയറിയെങ്കിലും അങ്ങനെ അവിചാരിതമായി അയാൾ പ്രഭുപദവിയിലേക്കുയരുകയും ചെയ്യുന്നതാണ കൺമണിയുടെ സമ്മാനം. പാരീസിലെ തെരുവിൽ ആൾപിടിത്തത്തിനിറങ്ങുന്ന ഒരുത്തിയുടെ അഭിനയരീതിയെ നേരമ്പോക്കായി അനുകരിക്കാൻ തുടങ്ങിയ ഭർത്തൃമതിയായ ഒരു സ്ത്രീയ്ക്കു പിണഞ്ഞ അബദ്ധമാണ വഴിയെപോയ വയ്യാവേലി. പാരീസിലെ നാഗരികതയെ സങ്കല്പിച്ചുകൊണ്ടു ഇതിലെ കഥാസംഭവത്തിനു അസംഭാവ്യത പരിഹരിക്കാൻ സാധിച്ചേക്കാം. ഗ്രന്ഥകർത്താവിനും അത്രമാത്രം ഉത്തരവാദിത്വമേ അതിലുള്ളു. ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്താൻവേണ്ടിയുള്ള എന്റെ പുനർജ്ജന്മം എന്ന കഥ ഈ ഗ്രന്ഥശരീരത്തിൽ യോജിക്കാത്ത ഒരു വിചിത്രാവയവമായിട്ടാണ തോന്നുക. കഥികന്റെ സ്വതന്ത്രസൃഷ്ടിയായിട്ടുണ്ടെങ്കിൽ അതു ഗായകൻമാത്രമാണ്. ഇന്നത്തെ കഥാകഥനസമ്പ്രദായത്തിൽ എഴുതിയിരിക്കയാണ പ്രസ്തുത കഥ. ഗായകവൃത്തിയിൽ പ്രസിദ്ധനും വിദഗ്ദ്ധനും ആയ ഒരു ദേഹം ഒരു യുവതിയുടെ പ്രേമചാപല സംരംഭത്താൽ ആത്മസുഹൃത്തിന്റെ അവിശ്വാസപാത്രമായി ലൗകികജീവിതത്തിൽ നിരാശനായി ഭിക്ഷാംദേഹിയായി ചുറ്റിത്തിരിയേണ്ടിവന്ന ദയനീയകഥയാണ ഇതിലടങ്ങിയിരിക്കുന്നത്. ഇത്തരം കഥകൾകേട്ടു തഴമ്പിച്ചുപോയിരിക്കുന്ന സ്ഥിതിക്കു ഇതിനു ഗ്രന്ഥപ്രാധാന്യം കൊടുത്തു ഉയർത്തിഴനേല്പിക്കേണ്ടതുണ്ടായിരുന്നോ എന്നു തോന്നിപ്പോകും. അകനിഅമ്മായിയുടെ പൊരുന്നക്കോഴി ഇതിൽ അവസാനമായിട്ടാണ ചേർത്തിരിക്കുന്നതെങ്കിലും ആദ്യസ്ഥാനം അതിനാണ നൽകേണ്ടിയിരുന്നത്. അത്രമാത്രം അതു മലയാളക്കരയിലെ മണ്ണിനു യോജിക്കുന്നുണ്ട്. കഥാപാത്രങ്ങളിൽ സ്വാഭാവികത നല്ലപോലെ പ്രതിഫലിക്കുന്നുണ്ട്. ചാക്കോമാപ്പിളയുടെയും അയാളുടെ ഭാര്യയുടെയും ശരീരവർണ്ണനയിലും അവർ രണ്ടുപേരുടെ വായ്പ്പടവെട്ടിലും മാറും തെളിഞ്ഞുകാണാവുന്ന ആ പ്രത്യേകത ഗ്രന്ഥകർത്താവിനു കഥാലോകത്തിന് പ്രവേശനമരുളുന്ന പ്രത്യേകതകളായി പരിഗണിക്കാം. സ്വന്തം ഭർത്താവു വാതംകൊണ്ടു തളർന്നുവീണപ്പോൾ ആ സ്ഥൂലിച്ച ശരീരം മുട്ട അടവെച്ചു വിരിക്കാനുള്ള ഒരു യന്ത്രമാക്കി അങ്ങനെ ഒരു അടക്കോഴിയാക്കി മാറ്റിയ ആ സ്ത്രീയെപ്പറ്റി, ഭാര്യയാണെങ്കിലും പോൽ എന്നല്ലാതെ മറ്റെന്തു പറവാനാണ്.

—o—

## മാതൃക

—o—

(ഒരു സാമുദായികനോവൽ)
ഗ്രന്ഥകർത്താ,
പി. വി. വർഗ്ഗീസ് ആലപ്പുഴ
വി: ൧൪ ണ.

ശ്രീ. പി. വി. വർഗ്ഗീസിന്റെ മാതൃക, ഒരു സാമുദായികനോവൽ എന്നു അവകാശപ്പെട്ടു കാണുന്നു. നോവലുകൾ ചരിത്രപരവും സാമുദായികഗതവുമായി വേർതിരിക്കപ്പെട്ടിട്ടുള്ള ആ പഴയ വിഭജനപ്രമാണമായിരിക്കും ഗ്രന്ഥകർത്താവു് അതിലേക്കു തെളിവു ഹാജരാക്കാൻ പോകുന്നതു്. ഒരു സമുദായത്തിൽപ്പെടുന്ന ചില വ്യക്തികളെ സംബന്ധിച്ച കാര്യങ്ങൾക്കു ജീവിതവ്യാപാരങ്ങൾക്കു സാമുദായികമുദ്രകൂടി കൊത്തിച്ചേർക്കുക മാത്രമേ ഗ്രന്ഥകർത്താവു ചെയ്യുകാണുള്ളു. മാതൃകയെന്ന ഗ്രന്ഥനാമം, നോവൽപ്രസ്ഥാനത്തെയോ കഥാപാത്രങ്ങളെയോ പ്രതിനിധീകരിച്ചുകൊണ്ടുള്ളതല്ലെന്നു സ്പഷ്ടം. വിനീതനായ ഗ്രന്ഥകാരനു യോഗ്യതാഭംഗത്തിൽ അങ്ങനെ ഒരു ദുരാഗ്രഹം വരുമെന്നു വിശ്വസിക്കാനാവില്ല. ഇന്നു പലരും ചെയ്യാറുള്ളതുപോലെ ഒരു പേരുസ്വീകരിച്ചെന്നുമാത്രം. മാതൃകയിലെ കഥാഗതി ഒരു വാസ്തവചരിത്രത്തോടു ബന്ധപ്പെട്ടതാണെന്നു കഥികൻ ബലപ്പെടുത്തുന്നു. ഗ്രന്ഥകർത്താവല്ല സാക്ഷാൽ കർത്താവുതന്നെ സാക്ഷിപറഞ്ഞാലും സംശയം നീങ്ങാത്ത ഒരു കാര്യമാണ് അതു്. എന്തെന്നാൽ കേവലം പതിനാലുവയസ്സുമാത്രം പ്രായമുള്ള ഒരു പെൺകുട്ടി തന്റെ മാതാപിതാക്കന്മാരുടെ അറിവും സമ്മതവും കൂടാതെ അപരിചിതനായ ഒരു യുവാവിനെ നിഗൂഢമാർഗ്ഗത്തിൽ കൂടെ കൈയ്യയച്ചു സഹായിച്ചു വിദ്യാസമ്പന്നനാക്കാൻ ശ്രമിക്കുന്നതും മറ്റും വെറും കെട്ടുകഥകളായേ മലയാളിക്കു തോന്നുകയുള്ളു. നോവലിലെ നായിക സൗന്ദര്യവതിയും സൽഗുണപൂർണ്ണയും ആയിരിക്കണമെന്നുള്ള പഴയ റഗുലേഷനു കഥികൻ ഭേദഗതി ഒന്നും വരുത്തിയിട്ടില്ല. നോവലിലെ നായിക 'ഏകസന്താന'മായി കാണപ്പെടുകയുള്ളുവെന്ന നിബന്ധനയും ഇതു സ്വീകരിക്കുന്നുണ്ട്. നായികാനായകന്മാരുടെ പരിചയം അനുരാഗപ്പുഴയിലേക്കും പ്രതിബന്ധഹേതുക്കളാൽ അതു പ്രേമമായി പരിപുഷ്ടിപ്പെട്ടു ദാമ്പത്യബന്ധത്തിലേക്കും പരിണമിക്കുന്നതായുമുള്ള ശുഭപര്യവസായികമായ കഥാഗതിതന്നെയാണ ഇതിലും. അറപ്പുതോന്നിക്കുന്നതായ സംഭാഷണങ്ങളോ അഴിഞ്ഞമട്ടിലുള്ള പ്രേമപ്രകടനങ്ങളോ ഇതിൽ കടന്നുകൂടാതിരിക്കാൻ ഗ്രന്ഥകർത്താവുമനസ്സുവച്ചിട്ടുണ്ടെന്നു സന്തോഷപൂർവം സമ്മതിക്കതന്നെവേണം. നോവൽപ്രസ്ഥാനം പരീക്ഷീണദശയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ശ്രീ: പി. വി. വർഗ്ഗീസു അതിനു നൽകിയിരിക്കുന്ന ഈ വിനീതസംഭാവന തിരസ്കരിക്കത്തക്കതല്ല. (സി-എം-പി)

—o—


**M. P. PAUL'S COLLEGE,**

**CANTONMENT, TRIVANDRUM.**

E. S. L. C. and Intermediate classes begun on 8th June; B. A. and Matriculation a week later. For details write to:

M. P. PAUL, M. A.,
**Principal.**

(For details about the Kottayam branch write to N. Gopala Menon, M. A., Principal, M. P. Paul's College, Kottayam).


ബാലപംക്തി

## * ഒരു ശിപായിയുടെ ഔദാര്യം

എസ്. എസ്. മൂസ്സത്, ഹരിപ്പാട്

ഒരിക്കൽ ഇരുപതു മാവലീയുവാക്കന്മാർ ശിവാജിയുടെ സൈന്യത്തിൽ ചേരുന്നതിനു സ്വന്തം വീടുകളിൽനിന്നും പുറപ്പെട്ടു. അവർ വൃത്തിയുള്ള വസ്ത്രങ്ങൾ ധരിച്ചിരുന്നു. മിന്നിത്തിളങ്ങുന്ന ആയുധങ്ങളുമുണ്ടായിരുന്നു. നടന്നു നടന്ന് അവർ ഒരു പർവ്വതത്തിന്റെ താഴെ എത്തി. അവിടെ ഒരു ചെറിയ ഗ്രാമമായിരുന്നു. അതിന്റെ ഒരുവശത്തു ഒരു കാട്ടുനദി ഒഴുകുന്നുണ്ടായിരുന്നു. മഴക്കാലം അവസാനിച്ചിരുന്നെങ്കിലും നദിയിൽ വെള്ളം നിറഞ്ഞിരുന്നു. നദിയുടെ തീരത്തിൽ എത്തിയ മാവലീയുവാക്കന്മാർ വിചാരിച്ചു "നമ്മൾ നദികടക്കാമെന്നു വിചാരിച്ചാൽ വസ്ത്രങ്ങൾ മലിനമാകും" ഇതു വിചാരിച്ചു സ്വന്തം കുന്തം കുത്തി നദി ചാടിക്കടക്കുന്നതിനു തീരുമാനിച്ചു. ഈ സമയത്തിൽ ഒരു ദരിദ്രയായ വൃദ്ധയും അവിടെ എത്തി. വൃദ്ധ പറഞ്ഞു "മകനേ നിങ്ങൾക്കു ഐശ്വര്യമുണ്ടാകും എന്നെയും ഈ നദിയുടെ അപ്പുറം എത്തിക്കുക. എനിക്കു ഇതു കടക്കുന്നതിനു സാധിക്കുകയില്ല." ഓരോരുത്തരും അന്യരേ നോക്കിക്കൊണ്ടു സ്വന്തം കുന്തത്തിന്റെ സഹായത്താൽ നദി തരണംചെയ്തു. അങ്ങനെ ഒന്നാമനും രണ്ടാമനും മൂന്നാമനും നാലാമനും അഞ്ചാമനും നദിയുടെ മറുകര കടന്നു. വൃദ്ധ മിണ്ടാതെ ഇരുന്നു, ഓരോരുത്തരായിട്ടു എല്ലാവരും നദികടന്നു. എല്ലാവരിലുംപുറകിൽ ഒരു യുവാവു നിന്നിരുന്നു, അവൻ വൃദ്ധയോടു പറഞ്ഞു. "ഹേ, മാതാവേ പരഭ്രമിക്കരുതു്. ഞാൻ എന്റെ പുറത്തു കയറ്റി മറുകരഎത്തിക്കാം" വൃദ്ധ അനുഗ്രഹംകൊടുത്തിട്ടു മാവലിയുടെപുറത്തു കയറി നദി തരണംചെയ്തു. ആ യുവാവിന്റെ വസ്ത്രങ്ങൾ മലിനമായി. അദ്ദേഹം വസ്ത്രങ്ങൾ പിഴിഞ്ഞു ഉണക്കിയിട്ടു ശിവാജിയുടെ കോട്ടയിലേയ്ക്കു നടന്നുപോയി.

വൃദ്ധയെ നദിയുടെ അക്കരവിട്ടിട്ട് വസ്ത്രങ്ങൾ ഉണക്കുന്നതിന് വളരെ താമസിച്ചുപോയതുകൊണ്ടു് അവൻ ശിവാജിയുടെ അടുക്കൽ എല്ലാവരേക്കാളും താമസിച്ചാണ് എത്തിയതു്. ശിവാജി ശിപനേർപർവ്വതത്തിന്റെ കോട്ടയിൽ ഉള്ള മൈതാനത്തിൽ സർദാറിനോടുകൂടി കുതിരപ്പുറത്തു് സവാരിചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ സൈന്യത്തിൽ ചേരുന്നതിന് മറാട്ടിജാതിയിലുള്ള യുവാക്കന്മാർ വന്നുകൊണ്ടിരുന്നു. ശിവാജി അവരെ നല്ലവണ്ണം നോക്കുകയായിരുന്നു. അവരോടു് കുറച്ചു് സംഭാഷണം ചെയ്യുകയും ചിലപ്പോൾ കുതിരപ്പുറത്തുകയറി പരീക്ഷണം ചെയ്യുകയും ചെയ്തു. കുറച്ചുസമയത്തിനുശേഷം മാവലീയുവാക്കന്മാരും എത്തി. അവരെനോക്കി ശിവാജി പറഞ്ഞു — നിങ്ങളുടെ ഒരു കൂട്ടുകാരൻ എവിടെപ്പോയി?

മാവലിയു:—അവൻ "കഥറീ" എന്ന ഗ്രാമത്തിൽ കുറച്ചുസമയം വിശ്രമിക്കുകയാണ്. കുറച്ചുസമയത്തിനുള്ളിൽ വന്നുചേരും.

ശിവജി— അയാളുടെ വരവിനുശേഷം നിങ്ങളേയും പരിശോധിക്കാം.

കുറച്ചുസമയത്തിനുശേഷം ഇരുപതാമത്തെ മാവലീയുവാവും വന്നു.

ശിവജിവന്ന് ചോദിച്ചു—നിങ്ങൾ പുറകിലായതു് എങ്ങനെയാണ്. കഥരീഗ്രാമത്തിൽ കുറച്ചുജോലിയുണ്ടായിരുന്നോ?

മോരേജി—മഹാരാജ! ജോലി ഒന്നും ഇല്ലായിരുന്നു. കുറച്ചുസമയം താമസിച്ചുപോയി.

ശിവജി—നിങ്ങളുടെ വസ്ത്രങ്ങൾ മലിനമായതാണ്. ഓ മനസ്സിലായി. നിങ്ങൾക്ക് നദി ചാടിക്കടക്കുന്നതിന് കഴിഞ്ഞില്ല.

മോരേജി— ശരിയാണ്.

ശിവജി നോക്കി—മോരേജി മിണ്ടാതെ നിന്നു. അദ്ദേഹത്തിന്റെ മുൻപിൽ ഒന്നും പറയുന്നതിന് ഇഷ്ടപ്പെട്ടില്ല. കുറച്ച് സമയത്തിന് ശേഷം കോപത്തോടുകൂടി ശിവാജി പറഞ്ഞു:— മോരേജി, നിങ്ങൾ എന്റെ ചോദ്യത്തിന് എന്തുകൊണ്ട് മറുപടി പറയുന്നില്ല?

മോരേജി— മഹാരാജ്; ഞാൻ താമസിച്ചാണ് എത്തിയതു്. വേറെ കാരണം ഒന്നുംതന്നെ ഇല്ല.

ഈ സമയത്തു് വേറെ ഒരു മാവലിയുവാവു് വന്നിട്ടു് ശിവാജിയോടു് വൃദ്ധയുടെ സംഗതികൾ പറഞ്ഞു. ഇതുകേട്ട് ശിവാജി സ്വന്തം വാൾ മോരേജിയ്ക്കു് നൽകിക്കൊണ്ടു് പറഞ്ഞു എനിക്ക് ഇത്തരത്തിലുള്ള യുവാക്കന്മാരെയാണാവശ്യമായിട്ടുള്ളതു്. ആത്മപ്രശംസ ചെയ്യാതെ ദീനദുഃഖിതരുടെ അവശതകൾക്ക് സമാശ്വാസം നൽകുന്നവരുടെ സേവനമാണ് ലോകത്തിനാവശ്യമായിട്ടുള്ളതു്. ഇങ്ങനെ പറഞ്ഞിട്ടു് സ്വന്തം വാൾ മോരേജിയുടെ അരയിൽ തൂക്കീട്ടു് പറഞ്ഞു. നിങ്ങൾ ഇന്നുമുതൽ ആയിരം പടയാളികളുടെ സർദാർ ആയി. കഥരീഗ്രാമം നിങ്ങൾക്ക് കരമൊഴിവായിട്ടു് വിട്ടുതന്നിരിക്കുന്നു. എല്ലാവരും ഒത്തുചേർന്ന് പറഞ്ഞു.

"ശിവാജി മഹാരാജ് ജയ"

ആ വൃദ്ധയ്ക്കു് സഹായം നൽകിയതുകൊണ്ടു് മോരേജി ശിവാജിയുടെ മുമ്പിൽ പ്രശംസനീയനായി ഭവിച്ചു.

(* ഹിന്ദിയിൽനിന്ന്)

o


## താല്പര്യമുള്ള

വ്യക്തികളോ സ്ഥാപനങ്ങളോ തെക്കേ ഇൻഡ്യയിലെ പ്രസിദ്ധ ഉല്പന്നങ്ങളായ എണ്ണക്കുരുക്കൾ, എണ്ണകൾ, മലഞ്ചരക്ക്, തുടങ്ങിയ സാധനങ്ങൾ സപ്ലൈചെയ്യാമെന്നുള്ളവർ സൗകര്യപ്പെടുന്നിടത്തു സാമ്പിൾ സഹിതം എഴുതുക:

സിഗിൽ (ഇൻഡ്യാ)
സർവീസസ് ക്ലിപ്തം,
പോസ്റ്റ്ബോക്സ് 952,
381, ഹോൺബിറോഡ്,
ബോംബെ 1


## വിഷയവിവരം

—o—


| | | പേജ് |
|---|---|---|
| 1. | ഈ ആഴ്ചയിലെ നക്ഷത്രഫലം — തകഴി കെ. രാമവാര്യർ. | 2 |
| 2. | മദാലസം (കവിത) — വടക്കുംകൂർ രാജരാജവർമ്മരാജാ. | 2 |
| 3. | പട്ടണത്തിൽ (കവിത) — പട്ടം എൻ. ഗോപാലൻനായർ | 2 |
| 4. | കമ്പിളിത്തൊപ്പി (കവിത) — വി. കെ. ശ്രീധരൻനായർ | 2 |
| 5. | ചിത്രങ്ങൾ. | 3 |
| 6 | ഗ്രന്ഥവിഹാരം. | 4 |
| 7. | ബാലപംക്തി. | 4 |
| 8. | ചരിത്രപരമായ ഭൗതികവാദം — വി. ഗംഗാധരൻ. | 5 |
| 9. | ഹിമാലയദേശങ്ങളിലെ മൂന്നുപുണ്യസ്ഥലങ്ങൾ — മേക്കുന്നത്തു് കുഞ്ഞികൃഷ്ണൻനായർ. | 6 |
| 10. | ഖണ്ഡകാവ്യങ്ങൾ — എസ്. കെ. നായർ. | 7 |
| 11. | പണ്ഡിതജിയുടെ തിരു-കൊച്ചി സന്ദർശനം—ചിത്രങ്ങളോടു. | 8, 9 |
| 12. | പറിക്കട്ടെ (ചെറുകഥ) — എസ്. പി. പോത്തനാകുടി. | 10 |
| 13. | ആയുർവ്വേദവും ക്ഷീരപാനചികിത്സയും — ആത്മാദാസ്, ചങ്ങനാശേരി. | 11 |
| 14. | പ്രിവികൗൺസിൽ — എം. ആർ. കൃഷ്ണപിള്ള | 12 |
| 15 | കാർട്ടൂൺ. | 13 |
| 16. | നിയമവിശേഷങ്ങൾ — ശാസ്തമംഗലം പി. ഗോവിന്ദപ്പിള്ള ബി. എ. ബി എൽ. | 14 |
| 17. | ഇൻഡോചൈന — എം. കെ. ശങ്കർ. | 15 |
| 18. | സിനിമാപംക്തി. | 16 |

മുഖചിത്രം
ഇന്ത്യാനിയമവകുപ്പുമന്ത്രി ഡാ. അംബത്കർ.


—o—

മാർക്സിസം II.

# ചരിത്രപരമായ ഭൗതികവാദം

വി. ഗംഗാധരൻ



കാറൽമാർക്സ്

ചരിത്രത്തിനൊരു സുസൂക്ഷ്മമായ ശാസ്ത്രീയാടിസ്ഥാനം നൽകിയെന്നുള്ളതാണ് മാർക്സിന്റെ സവിശേഷത. മനുഷ്യസമുദായത്തിന്റെ വളർച്ചയെ പൊതുവിലും മുതലാളിത്തസാമൂഹ്യഘടനയുടെ വികാസത്തെ പ്രത്യേകമായും പരിശോധിച്ചതിനുശേഷം ചരിത്രത്തിന്റെ നിയാമകശക്തിയെന്തെന്ന് മാർക്സ് കണ്ടുപിടിച്ചു. ഉല്പാദനരീതിയിലുണ്ടാകുന്ന മാററങ്ങളാണ് സാമൂഹ്യപരിവർത്തനങ്ങൾക്കടിസ്ഥാനമെന്ന് അദ്ദേഹം വ്യക്തമാക്കി. ഉല്പാദനോപകരണങ്ങൾ, അവയുണ്ടാക്കുന്ന പരിഷ്കാരങ്ങൾ, ആ ഉപകരണങ്ങളുടെ ഉടമസ്ഥന്മാർ, ആ ഉടമസ്ഥന്മാരും ഉല്പാദനത്തിലേർപ്പെട്ടിട്ടുള്ള മററുള്ളവരും തമ്മിലുള്ള ബന്ധം എന്നിവയാണ് ഏതൊരു സാമൂഹ്യഘടനയുടേയും അടിസ്ഥാനസ്വഭാവങ്ങൾ നിർണ്ണയിക്കുന്നതു്. ഉല്പാദനസമ്പ്രദായം മാറുമ്പോൾ സാമൂഹ്യഘടനയും മാറുന്നു. അതിനോടുകൂടിത്തന്നെ സാമൂഹ്യാശയങ്ങൾക്കും നീതിനിയമങ്ങൾക്കും സദാചാരബോധങ്ങൾക്കും മററും മാററം സംഭവിക്കുന്നു. മാർക്സിന്റെ ഈ നിഗമനങ്ങൾ ചരിത്രപരമായ ഭൗതികവാദമെന്ന പേരിലാണറിയപ്പെടുന്നതു്.

എന്നാൽ ചില ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ സാമൂഹ്യപരിവർത്തനങ്ങളുടെ പിന്നിൽ യാതൊരു നിയമവുമില്ല. ചരിത്രമെന്നതു് അനേകം യാദൃച്ഛികസംഭവങ്ങൾ നിറഞ്ഞതാണ്. രാജാക്കന്മാരും അവരുടെ സേനാനായകന്മാരും ജനിക്കുകയും വളരുകയും വീരകൃത്യങ്ങൾ കാണിക്കുകയും വിവാഹങ്ങൾ കഴിക്കുകയും യുദ്ധത്തിലേർപ്പെടുകയും ഗൂഢാലോചന നടത്തുകയും മററും ചെയ്യുന്നതാണ് ചരിത്രമെന്ന പേരിൽ ഇന്നറിയപ്പെടുന്നതു്. ചില ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ മഹാന്മാരായ വ്യക്തികളുടെ ജീവചരിത്രമാണ് ചരിത്രം. ഇൻഡ്യയുടെ ദേശീയപ്രസ്ഥാനം മഹാത്മാഗാന്ധിയുടെ ചരിത്രമാണ്. മഹാത്മാഗാന്ധി ഉണ്ടായതുകൊണ്ടു ഇൻഡ്യയിൽ ബഹുജനപ്രസ്ഥാനം ഉണ്ടായെന്നാണ് അവർ പറയുന്നതു്. ലെനിൻ മഹാനായിരുന്നതുകൊണ്ട് റഷ്യൻ വിപ്ലവം ഉണ്ടായി. ചർച്ചിൽ സമർത്ഥനായിരുന്നതുകൊണ്ടു യുദ്ധത്തിൽ ഇംഗ്ലണ്ടു ജയിച്ചു. ഇതാണ് അവർ ചരിത്രത്തെ കാണുന്ന രീതി. ചരിത്രമെന്നാൽ ലക്ഷക്കണക്കിനും കോടിക്കണക്കിനുമുള്ള ജനങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന മാററങ്ങളാണെന്ന് അവർ കാണുന്നില്ല. തുടർച്ചയായ സമരങ്ങളിലൂടെ മനുഷ്യസമുദായം പടിപടിയായി മുമ്പോട്ടുപോകുന്നതെങ്ങനെയെന്നും ഈ ഗതിക്രമത്തിന്റെ അടിസ്ഥാനകാരണങ്ങളെന്തെന്നും അവർ അന്വേഷിക്കുന്നില്ല. വിഭിന്നകാലഘട്ടങ്ങളിൽ വിഭിന്നങ്ങളായ ആശയങ്ങളും ആചാരങ്ങളും സ്ഥാപനങ്ങളും ആവിർഭവിക്കുന്നതെന്തുകൊണ്ടാണെന്നു അവർക്കറിഞ്ഞുകൂടാ. പരസ്പരബന്ധമില്ലാത്തതും ചിന്നിച്ചിതറിയതുമായ സംഭവങ്ങളുടേയും തീയതികളുടേയും വിവരണങ്ങളായിട്ടല്ലാതെ ചരിത്രത്തെ അവർക്കു കാണാൻ കഴിയുന്നില്ല. ഇത്തരം ചരിത്രകാരന്മാരുടെ കയ്യിൽനിന്നു ചരിത്രത്തെ രക്ഷിച്ചതു് മാർക്സും എംഗൽസും ആണ്. സാമൂഹ്യപരിവർത്തനങ്ങളുടേയും മനുഷ്യചരിത്രത്തിന്റെയും പിന്നിൽ സുനിശ്ചിതങ്ങളായ ചില നിയമങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അവർ മനസ്സിലാക്കി.

മൃഗങ്ങളെപ്പോലെ പ്രകൃതിയിൽ കണ്ടെത്തുന്നതിനെ ഉപജീവിക്കുകയല്ല മനുഷ്യൻ ചെയ്യുന്നതെന്നും, നേരേമറിച്ച് പ്രകൃതിയുമായി മല്ലിട്ടുകൊണ്ടു തനിക്കാവശ്യമായ സാമഗ്രികൾ ഉല്പാദിപ്പിച്ചനുഭവിക്കുകയാണ് മനുഷ്യൻ ചെയ്യുന്നതെന്നും, ഇതാണ് മനുഷ്യനും മൃഗവും തമ്മിലുള്ള പ്രധാന വ്യത്യാസമെന്നും സ്പഷ്ടമാണ്. ഭക്ഷണം, വസ്ത്രം, വീട് തുടങ്ങിയ ജീവിതസാമഗ്രികളെല്ലാം മനുഷ്യനദ്ധ്വാനിച്ചുണ്ടാക്കുന്നു. ഈ സാമഗ്രികൾ മാത്രമല്ല ഈ സാമഗ്രികളുണ്ടാക്കുവാൻ ആവശ്യമായ പണിയായുധങ്ങളും അവൻ കണ്ടുപിടിക്കുന്നു. ജീവിതം കൂടുതൽ സുഗമമാക്കാൻവേണ്ടി, പുതിയ പുതിയ ഉല്പാദനോപകരണങ്ങൾ ഉപയോഗിക്കാനും പുതിയ പുതിയ ഉല്പാദനസമ്പ്രദായങ്ങൾ നടപ്പിൽ വരുത്താനും അവൻ ശ്രമിക്കുന്നു. തന്മൂലം ഉല്പാദനോപകരണങ്ങളും ഉല്പാദനസമ്പ്രദായങ്ങളും ഇടവിടാതെ മാറിക്കൊണ്ടിരിക്കുന്നു. ഈ മാററങ്ങളിലാണ് ചരിത്രത്തിന്റെ നിയാമകശക്തിയെ ആരായേണ്ടതു്.

ഭൗതികപ്രപഞ്ചത്തിന്റെ വികാസഗതിയിലെ ഒരു പ്രത്യേകഘട്ടത്തിൽ മാത്രമാണ് മനുഷ്യൻ ആദ്യമായി ആവിർഭവിച്ചതു്. പ്രാകൃതനും മൃഗതുല്യനുമായ ആ ആദിമമനുഷ്യനും, പ്രകൃതിയുടെ മേൽ വമ്പിച്ച ആധിപത്യം പുലർത്തുന്ന ആധുനികമനുഷ്യനുമിടയിൽ ചുരുങ്ങിയതു് അഞ്ചുലക്ഷം കൊല്ലങ്ങൾ നീണ്ടുകിടക്കുന്നുവെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. കാടത്തം, അപരിഷ്കൃതത്വം, യൂഥങ്ങൾ, ഗോത്രങ്ങൾ, കുടുംബങ്ങൾ, വർഗ്ഗങ്ങൾ, ഭരണയന്ത്രങ്ങൾ ഇങ്ങനെ ഒന്നൊന്നിനുശേഷം മറെറാന്നായി പല ഘട്ടങ്ങളേയും പിന്നിട്ടുകൊണ്ടു്, പലതരത്തിലുള്ള സാമൂഹ്യവ്യവസ്ഥകളേയും തരണംചെയ്തുകൊണ്ട്, മനുഷ്യനിതാ ഇരുപതാംനൂററാണ്ടിന്റെ മദ്ധ്യത്തിലെത്തിയിരിക്കുന്നു! ഇനിയും മനുഷ്യൻ മുൻപോട്ടുതന്നെ പോകുകയാണ്. പിന്നിൽ നീണ്ടുകിടക്കുന്ന നൂററാണ്ടുകളിലെ മനുഷ്യചരിത്രം ഭാവിയിലെ നൂററാണ്ടുകളിലേയ്ക്കു് അവിച്ഛിന്നമായി വികസിച്ചുപോവുകയാണ്. ഈ അപ്രതിരോധ്യമായ വികസഗതിയിലെ ഒരു ഘട്ടത്തിലെ ആളുകൾ മാത്രമാണ് ഇന്നു നമ്മളെല്ലാം. മനുഷ്യൻ മാത്രമല്ല മറെറല്ലാ ജീവജാലങ്ങൾകൂടിയും ഈ വികാസഗതിയുടെ വിഭിന്നഘട്ടങ്ങളിൽ ഉണ്ടായവയാണ്. നൂററിഇരുപതുകോടി കൊല്ലങ്ങൾക്കുമുമ്പു് ജീവനുള്ള യാതൊരു വസ്തുവും ഭൂമിയിലുണ്ടായിരുന്നില്ല. ഈ ഭൂമിതന്നെ ഒരുകാലത്തു് ഉണ്ടായിരുന്നില്ലെന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

അതിശക്തിയായി ചുററിക്കൊണ്ടിരുന്ന ഒരു പ്രകാശപടലമായിരുന്നു ആദ്യകാലത്തെ സൂര്യഗോളമെന്നും, ചുററലിന്റെ ഗതിവേഗത്താൽ ആ പ്രഭാപടലം ഉരുണ്ടു കട്ടിയാവാൻതുടങ്ങിയെന്നും അങ്ങനെ ഉരുണ്ടുകൊണ്ടിരുന്ന സൂര്യനിൽനിന്ന് തെറിച്ചുപോയ ശകലങ്ങളാണ് ഭൂമിയും മററു ഗ്രഹങ്ങളുമെന്നും പതിനെട്ടാം നൂററാണ്ടിന്റെ അവസാനത്തിൽ ഒരു സുപ്രസിദ്ധ ഗണിതശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടു. സൂര്യൻ ഒരുകാലത്തു ഒരു ശുക്ലപടലമായിരുന്നു എന്നും വളരെക്കാലത്തെ വികാസത്തിന്റെ ഫലമായിട്ടാണ് സൂര്യമണ്ഡലം ഉരുപ്പിടിച്ചതെന്നും പിന്നീടുമാത്രമാണ് ഭൂഗോളമുണ്ടായതെന്നുമുള്ള ഈ സിദ്ധാന്തം അതേവരെ നിലനിന്നിരുന്ന പല അന്ധവിശ്വാസങ്ങളേയും നശിപ്പിച്ചുകളഞ്ഞു. വിപ്ലവകരമായ ഈ സിദ്ധാന്തത്തെ കൂടുതൽ പരിഷ്കരിക്കാൻ പല ശാസ്ത്രജ്ഞന്മാരും പിന്നീടു പരിശ്രമിച്ചിട്ടുണ്ട്. സൂര്യഗോളത്തിൽ ഒരദൃശ്യമായ കേന്ദ്രത്തിനു ചുററുമായി തിരിഞ്ഞുകൊണ്ടിരിക്കുന്ന വിവിധഘടകങ്ങളുടെ പരസ്പരസംഘട്ടനങ്ങളുടെ ഫലമായി ചില വിശേഷസന്ദർഭങ്ങളിൽ സൂര്യൻ പെട്ടെന്നു വിങ്ങുകയും അതിന്റെ വലിപ്പം പെട്ടെന്നു ചുരുങ്ങുകയും ചെയ്യാറുണ്ടെന്നും അത്തരം ഒരു സന്ദർഭത്തിലാണ് ഭൂമിയും മററു ഗ്രഹങ്ങളും സൂര്യനിൽനിന്നുതെറിച്ചുപോയതെന്നുമാണ് ആധുനികശാസ്ത്രജ്ഞന്മാർ വാദിക്കുന്നതു്. ചുരുങ്ങിയതു ഇരുനൂറുകോടി കൊല്ലങ്ങൾക്കുമുമ്പു് സൂര്യനിൽനിന്ന് തെറിച്ചുവീണതാണ് ഭൂമിയെന്നു ഇപ്പോൾ ശാസ്ത്രജ്ഞന്മാർ അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു.

ഭൂമിയുടെ ഉത്ഭവത്തോടുകൂടിത്തന്നെ മനുഷ്യനും ഉത്ഭവിക്കുകയുണ്ടായില്ലെന്നുള്ളതു തീർച്ചയാണ്. കത്തിജ്വലിക്കുന്ന ഒരു ഗോളമായിരുന്നു ഭൂമി. അക്കാലത്തു മനുഷ്യനെന്നല്ല യാതൊരു ജീവിയും ഉണ്ടായിരിക്കാനിടയില്ല. ഭൂമി ക്രമേണ തണുത്തുതണുത്തു വരികയും അങ്ങനെ അനേകം ശതാബ്ദങ്ങൾക്കുശേഷം അതിലാദ്യമായി ഒരുതരം പാറകൾ ഉണ്ടാവാൻ തുടങ്ങുകയും ചെയ്തു. പിന്നീടു ആവിമേഘങ്ങൾ തണുത്തു മഴയാകുകയും, ഒലിച്ചൊലിച്ചു പോകുന്നവെള്ളം പല തരത്തിലുള്ള പദാർത്ഥങ്ങളുടെ സങ്കേതങ്ങളുണ്ടാക്കിത്തീർക്കുകയും ചെയ്തു. ഇങ്ങനെയുണ്ടായ പാറകളാണ് ജീവരാശികളുടെ ചരിത്രത്തിന്റെ ആദ്യരേഖകൾ.

ഇതിൽനിന്നും ജീവജാലങ്ങളാവിർഭവിക്കുന്നതിനുമുമ്പുതന്നെ ഭൗതികവസ്തുക്കൾ നിലവിൽ വന്നു എന്നു കാണാം. യഥാർത്ഥത്തിൽ അചേതനങ്ങളായ ഭൗതികവസ്തുക്കളുടെ വികാസക്രമത്തിൽനിന്നാണ് സചേതനവസ്തുക്കൾ ജന്മമെടുത്തിട്ടുള്ളതെന്നു ആധുനികശാസ്ത്രജ്ഞന്മാർ തെളിയിച്ചിട്ടുണ്ടു്. ഭൗതികപദാർത്ഥങ്ങളുടെ വികാസഗതിയിലെ ഒരു പ്രത്യേക ദശാസന്ധിയിലാണ് ജീവികളുണ്ടാകുന്നതെന്നും ഭൗതികപദാർത്ഥങ്ങളുടെ നിലനില്പിന്റെ ഒരു പ്രത്യേകരൂപംമാത്രമാണ് ജീവനെന്നുംവരുന്നു. "ആൽബ്യൂമിനസ് പദാർത്ഥങ്ങൾ നിലനില്ക്കുന്ന രീതിയാണ് ജീവൻ'' എന്നു എംഗൽസ് പ്രസ്താവിക്കുന്നു. കൊഴുപ്പുപദാർത്ഥങ്ങളെയാണ് ആൽബ്യൂമിനസ് പദാർത്ഥങ്ങളെന്നുപറയുന്നതു്.

ജീവനുള്ളതോ കുറേ ജീവനുള്ളതോ ആയ ആദ്യത്തെ വസ്തുക്കൾ സൂര്യപ്രകാശത്തിന്റെ സമാഘാതഫലമായുണ്ടായ വലിയ അണുക്കളായിരിക്കണമെന്നാണ് പ്രൊഫസ്സർ J. B. S. ഹാൽഡേൻ അഭിപ്രായപ്പെടുന്നതു്. അവ ആവിർഭവിച്ച അനുകൂലപരിതസ്ഥിതികളിൽമാത്രമേ അവയ്ക്കു പുനരുല്പാദനം നടത്താൻ കഴിഞ്ഞിരുന്നുള്ളു.

പ്രോട്ടീൻവസ്തുക്കളിൽനിന്നു വിരസ് (virus) ബാക്ടീറിയ (Bacteria) മുതലായ പേരുകളിലറിയപ്പെടുന്ന ജീവവസ്തുക്കൾ ആദ്യമായി ഭൂമുഖത്താവിർഭവിച്ചു. അടുത്തകാലത്തു വീരസിനെപ്പററി പല ഗവേഷണങ്ങളും പല ശാസ്ത്രജ്ഞന്മാരും നടത്തുകയുണ്ടായിട്ടുണ്ട്. ജഡപ്രകൃതിയ്ക്കും ജീവപ്രകൃതിക്കുമിടയിലുള്ള ആ വിചിത്രവസ്തുവാണ് എല്ലാ സചേതനവസ്തുക്കളുടേയും അടിസ്ഥാനമെന്നു അവർ തെളിയിക്കുന്നു.

വീരസിനെത്തുടർന്നു വ്യത്യസ്തങ്ങളായ പല ജീവജാലങ്ങളും പ്രത്യക്ഷപ്പെട്ടുതുടങ്ങി. താഴ്ന്നനിലയിലുള്ള ജീവികൾ കൂടുതലുയർന്നതരത്തിലുള്ള ജീവികൾക്കു വഴിതെളിച്ചു. ഇപ്രകാരം വളരെക്കാലത്തെ വികാസത്തിന്റെ ഫലമായി നമ്മുടെ ലോകം നിരവധി സസ്യജാലങ്ങളുടെയും അതിലുമുയർന്ന ജീവരാശികളുടേയും നിവാസസ്ഥാനമായിത്തീർന്നു.

ജീവൻ നിലനില്ക്കുകമാത്രമല്ല വികസിക്കുകകൂടി ചെയ്യുന്നു. വികാസത്തിന്റെ വിവിധഘട്ടങ്ങളിൽ വിവിധരൂപത്തിലുള്ള ജീവികളുണ്ടായതെങ്ങനെയെന്നും ഓരോ വികാസഘട്ടത്തിലും ജീവികളുടെ ശരീരഘടനയും ജീവിതരീതിയും സ്വഭാവവിശേഷങ്ങളും ഉയർന്നുയർന്നുവന്നതെങ്ങനെയെന്നും വികാസത്തിന്റെ ഗതിക്രമത്തിൽ ഇടയ്ക്കിടയ്ക്കു ജാതിപരിവർത്തനങ്ങൾ ഉണ്ടായതെങ്ങനെയെന്നും ഒടുവിൽ മത്സ്യം, ഇഴജന്തുക്കൾ, പക്ഷികൾ സ്ഥലജലപ്രാണികൾ, കുരങ്ങുകൾ വനമാനുഷർ എന്നിങ്ങനെയുള്ള പല ഘട്ടങ്ങൾക്കുശേഷം മനുഷ്യപ്രാണി ഭൂമുഖത്താവിർഭവിച്ചതെങ്ങനെയെന്നും ചാറത്സ് ഡാർവിൻ (൧൮൦൯ — ൧൮൮൨) എന്ന ആംഗലശാസ്ത്രജ്ഞൻ ആണ് ആദ്യമായി വിശകലനം ചെയ്തു വിവരിച്ചതു്. ജീവിക്കാൻവേണ്ടിയുള്ള മത്സരത്തിൽ വിജയം നേടുന്ന ജീവികൾമാത്രമേ നിലനില്ക്കുകയുള്ളു എന്നും ഡാർവിൻ ചൂണ്ടിക്കാണിച്ചു. അതിപ്രാപ്തി ചിലപ്പോൾ അനർത്ഥകരമായിത്തീരുമെന്നും ജീവിക്കാനത്യധികമായുള്ള പ്രാപ്തി ചിലപ്പോൾ ഒരു ജാതിയുടെ ഊക്കളെ അതിവേഗമവസാനിപ്പിക്കുകയും അങ്ങനെ ഒട്ടവിലാജാതി പട്ടിണികിടന്നു ചത്തുപോകുകയും ചെയ്യുമെന്നും ഹാൽഡേൻ വാദിക്കുന്നു.

കൂലങ്കഷമായി പരിശോധിക്കുമ്പോൾ ഡാർവിനിസത്തെ കൂടുതൽ പരിഷ്കരിക്കേണ്ടതുണ്ടെന്ന് സമ്മതിക്കേണ്ടിവരുമെങ്കിലും വികാസവാദത്തിന്റെ അടിസ്ഥാനപ്രമാണമായി അതു ശാസ്ത്രജ്ഞന്മാർ അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഡാർവിന്റെ പിൻഗാമികളായ പല ശാസ്ത്രജ്ഞന്മാരും നടത്തിയ ഗവേഷണങ്ങൾ വികാസവാദത്തിന്റെ അടിസ്ഥാനത്തെ പൂർവ്വാധികം ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഡാർവിന്റെ വികാസസിദ്ധാന്തമനുസരിച്ചു് മനുഷ്യർ കുരങ്ങുകളുടെ ജാതിയിൽനിന്നും ഉത്ഭവിച്ചതു്. കുരങ്ങിനും മനുഷ്യനുമിടയിലുള്ള അഞ്ചാറുജന്തുക്കളുടെ അവശിഷ്ടങ്ങൾ ഇതിനകം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആംസ്റ്റർഡാം വിശ്വവിദ്യാലയത്തിലെ ഒരു പ്രൊഫസറായിരുന്ന യൂജൻഡ്യൂബോയ് ജാവാദ്വീപിൽ കെൻഡങ്ങ് പർവ്വതത്തിന്റെ അടിവാരത്തിൽ ബെങ്ങ്‌വാൻനദിയുടെ തീരങ്ങളിൽനിന്ന് കണ്ടെടുത്ത രണ്ടുമൂന്നുപല്ലുകളും ഒരു തുടയെല്ലും വനമാനുഷന്റെ തലയോട്ടിന്റെ ഒരു ഭാഗവും പരിശോധിച്ചപ്പോൾ അതു് കുരങ്ങിന്റേതാവാൻ വഴിയില്ലെന്നും വനമാനുഷൻ ഇരുകാലിന്മേൽ നില്ക്കാൻ പഠിച്ചുകഴിഞ്ഞിരുന്നു എന്നും തെളിയുകയുണ്ടായി. ഡ്യൂബോയ് ഈ ജീവിക്ക് പിത്തക്കാന്ത്രോപ്പസ് ഇറക്ടസ് അതായതു നിവർന്നുനില്ക്കാൻ കഴിയുന്ന വനമാനുഷൻ എന്ന പുതിയ പേരിട്ടു. ഈ പൂർവ്വമനുഷ്യൻ ഏതാണ്ട് പത്തുലക്ഷംകൊല്ലങ്ങൾക്ക് മുമ്പാണ് ജീവിച്ചിരുന്നതെന്നും കണക്കാക്കപ്പെട്ടു. ൧൯൨൭-ൽ പ്രൊഫ: ഡേവിഡ്സൺബ്ലേക് എന്ന ഒരു കനേഡിയൻശാസ്ത്രജ്ഞന്റെ നേതൃത്വത്തിൽ ചൈനയിലെ ചൌക്കോതിൻ എന്ന പ്രദേശത്തുള്ള ചില ഗുഹകളിൽ നടത്തിയ ഗവേഷണങ്ങളുടെ ഫലമായി കണ്ടെത്തിയ പല്ലുകളും ആ പല്ലുകളുടെ ഉടമയായ അസ്ഥികൂടത്തിന്റെ അവശിഷ്ടങ്ങളും തലയോട്ടുകളും ഇപ്പോൾ നാമാവശേഷമായിക്കഴിഞ്ഞ ഒരുജാതി മനുഷ്യരുടെ അവശിഷ്ടങ്ങളാണെന്നു തെളിയിക്കുകയുണ്ടായി. ചൈനയിലെ ആ പൂർവ്വികമനുഷ്യർക്ക് അവർ ചൈനീസ് വനമാനുഷൻ Sinanthropus എന്ന പേരിട്ടു. ചൌക്കോതിയൻഗുഹകളിൽ എല്ലുകൾമാത്രമല്ല കല്ലുകൊണ്ടുള്ള അനേകം ആയുധങ്ങളും പുകപിടിച്ച സ്ഥലങ്ങളും കാണപ്പെടുകയുണ്ടായി. ഇതിൽനിന്നൊക്കെ ചൈനീസ് വനമാനുഷൻ കല്ലുകൊണ്ടുള്ള ആയുധങ്ങളുപയോഗിച്ച് മാൻ മുതലായ മൃഗങ്ങളെ കൊന്നുതിന്നിരുന്നു എന്നും തീയുപയോഗിക്കാൻ അറിഞ്ഞുകഴിഞ്ഞിരുന്നു എന്നും അനുമാനിക്കാവുന്നതാണ്. വനമാനുഷരുടെ എല്ലുകൾ ഏഷ്യയിൽനിന്നാണ് കണ്ടുകിട്ടിയതെങ്കിലും ഏഷ്യയിൽമാത്രമേ ആദിമമനുഷ്യരുണ്ടായിരുന്നുള്ളു എന്നു പറയുവാൻ പാടില്ല. ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ വൻകരകളിലെല്ലാം നമ്മുടെ പൂർവ്വികന്മാരായ കുരങ്ങുമനുഷ്യർ ജീവിച്ചിരുന്നു എന്നുള്ളതാണ് വാസ്തവം. കുരങ്ങുമനുഷ്യനും മനുഷ്യനുമിടയിലുള്ള വേറെയും ചില ഉപമനുഷ്യന്മാരുടെ അവശിഷ്ടങ്ങൾ ഒന്നിലധികം സ്ഥലങ്ങളിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ട്.

ഹീഡൽബർഗ്ഗിലെ മൺകുഴിയിൽനിന്നു കിട്ടിയ താടിയെല്ലും മററും "ഹീഡൽബർഗ്ഗ് മനുഷ്യൻ'' എന്ന പേരിൽ അറിയപ്പെടുന്ന ഒരുതരം മനുഷ്യസത്വത്തിന്റെ അവശിഷ്ടങ്ങളാണ്. "നിയാണ്ടർത്താൽ'' എന്ന സ്ഥലത്തുനിന്നു കിട്ടിയ തലയോട്ടുമെല്ലുകളും മററും "നിയാണ്ടർത്താൽ മനുഷ്യൻ'' എന്ന പേരിലറിയപ്പെടുന്ന ഉപമനുഷ്യന്റെ അവശിഷ്ടങ്ങളാണ്. "ക്രോമാഗ്നൻ' എന്ന സ്ഥലത്തെ ഗുഹയിൽനിന്നു കണ്ടെടുത്ത 'നരകങ്കാളങ്ങൾ' കൂടുതലുയർന്ന ഒരു നിലയെ കുറിക്കുന്നവയാണ്. അവർക്ക് മനുഷ്യന്റെ അസ്ഥികൂടവുമായി നല്ല സാദൃശ്യമുണ്ട്. ഇങ്ങനെ കുരങ്ങിനും മനുഷ്യനും മദ്ധ്യേ സുദീർഘകാലം നിലനിന്ന പരിവർത്തനദശാസന്ധിയിലെ ജീവികളെന്നു തിട്ടപ്പെടുത്താവുന്ന അഞ്ചോ ആറോ ജന്തുവിശേഷങ്ങളുടെ അവശിഷ്ടങ്ങൾ പലയിടത്തുനിന്നുമായി കണ്ടുകിട്ടിയിട്ടുണ്ട്.

ഒരേജാതി കുരങ്ങുകളിൽനിന്നാണ് ചിമ്പാൻസിയും മനുഷ്യനും ഉത്ഭവിച്ചതു് എന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. നമ്മുടെ പൂർവ്വികന്മാരായ ആ മനുഷ്യക്കുരങ്ങുകൾ തങ്ങളുടെ ശത്രുക്കളായ വ്യാഘ്രങ്ങൾ തുടങ്ങിയവയിൽനിന്നു രക്ഷനേടുന്നതിനു അധികസമയവും മരക്കൊമ്പുകളിലാണ് കഴിച്ചുകൂട്ടിയതു്. കാടുകളായിരുന്നു അവരുടെ വീടുകൾ. കായും കനികളുമായിരുന്നു അവരുടെ ഭക്ഷണം. അങ്ങനെയിരിക്കുമ്പോൾ പ്രകൃതിക്കു അതിപ്രധാനമായ പല മാററങ്ങളും സംഭവിച്ചു. വടക്കുനിന്നു മഞ്ഞിൻപർവ്വതങ്ങൾ പൊട്ടിയുരുകി തെക്കോട്ടൊഴുകാൻ തുടങ്ങി. കാടുകളിൽ കഠിനമായ ശൈത്യം ബാധിച്ചു. ഈ കൊടുംതണുപ്പിനെ നേരിടുവാൻ കഴിയാത്ത മരങ്ങളെല്ലാം നശിച്ചുപോയി. ചില മരങ്ങളും ചെടികളും കടപുഴകി മെല്ലെ മെല്ലെ തെക്കോട്ടു നീങ്ങാൻ തുടങ്ങി. അതോടൊപ്പം കാട്ടിലെ നിവാസികളും നീങ്ങാൻ നിർബ്ബന്ധിതരായി. അതോടുകൂടി വനമാനുഷന്മാരുടെ മരക്കൊമ്പുകളിലുള്ള താമസവും മക്കവേറും അവസാനിച്ചു. മരത്തിൽനിന്നു താഴെയിറങ്ങി ജീവിക്കാൻ തുടങ്ങിയപ്പോൾ വനമനുഷ്യന്റെ ശരീരഘടനയ്ക്കു മാററം സംഭവിച്ചു. മരംചാടുന്ന സമയത്തു പാരച്യൂട്ടിന്റെ പങ്കുവഹിച്ചിരുന്ന വാലിന്റെ ഉപയോഗം ഇല്ലാതായി. അങ്ങനെ ഉപയോഗശൂന്യമായിത്തീർന്ന വാൽ ആയിരമായിരം കൊല്ലങ്ങൾക്കിടയിൽ മെല്ലെ അന്തർദ്ധാനംചെയ്തു. ജീവിതരീതി മാറിയതോടെ വനമനുഷ്യന്റെ ശരീരഘടനയും മുഖാകൃതിയും സ്വഭാവവിശേഷങ്ങളും മാറി. ചുരുക്കത്തിൽ വനമനുഷനിൽനിന്നു വ്യത്യസ്തനായ മനുഷ്യൻ പ്രത്യക്ഷപ്പെട്ടു. അതോടുകൂടിയാണ് ചരിത്രമാരംഭിക്കുന്നതു്.

വനമനുഷന്മാർ പ്രധാനമായും പരിതഃസ്ഥിതികളിൽനിന്നു ശേഖരിച്ചു ഭക്ഷിച്ചാണുപജീവനം കഴിച്ചിരുന്നതു്. മരക്കൊമ്പുകളിൽ പാർത്തിരുന്ന കാലത്തുതന്നെ പഴങ്ങൾ പറിക്കാനും മററും അവർ കൈകളെ ഉപയോഗപ്പെടുത്തിയിരുന്നു. ഒരു പടികൂടി കടന്നു കൈകൾക്കു സ[illegible]കമായി മരക്കഷണങ്ങളേയും ചുള്ളിക്കൊമ്പുകളേയും കല്ലുകളേയും ഉപയോഗിക്കാൻ തുടങ്ങുകയായി. അവർ കല്ലിൻകഷണങ്ങൾകൊണ്ട് മാംസം മുതലായവ കുത്തിപ്പൊളിച്ചു തിന്നാൻ പഠിച്ചു. വടികൊണ്ട് കുത്തിക്കുഴിച്ചു കിഴങ്ങുകളെടുത്തു ഭക്ഷിക്കാനും പുററുകൾ തോണ്ടി പുഴുക്കളെടുത്തുതിന്നാനും ശീലിച്ചു. ഇങ്ങനെ ആഹാരസാമഗ്രികൾ കൂടിക്കൊണ്ടുവന്നു. അതോടൊപ്പം കൈകൊണ്ടുള്ള ഉപയോഗവും വർദ്ധിച്ചു. ക്രമത്തിൽ പിൻകാലുകളിൽനില്ക്കാനും കഷ്ടിച്ചുനടക്കാനും പഠിച്ചതോ

(ശേഷം പന്ത്രണ്ടാംപേജിൽ)

# ഹിമാലയദേശങ്ങളിലെ മൂന്നു പുണ്യസ്ഥലങ്ങൾ

## ലക്ഷ്മണജ്ജൂല, സ്വർഗ്ഗാശ്രമം, ആനന്ദകുടീരം

മേക്കന്നത്തു് കുഞ്ഞിക്കൃഷ്ണൻനായർ

ഹരിദ്വാരത്തിൽനിന്നു ഹൃഷീകേശത്തിലേയ്ക്കു് വളഞ്ഞും തിരിഞ്ഞും പോകുന്ന ചുരനിരത്തു് വീതി കുറഞ്ഞതായിരുന്നു. കീഴേയുള്ള അഗാധഗർത്തങ്ങൾ കാറിൽനിന്നുകാണുമ്പോൾ അവയ്ക്കു മേലുള്ള യാത്ര ആപല്ക്കരമാണെന്നുപോലും തോന്നിപ്പോകും. ഇരുവശങ്ങളിലുമുള്ള കാഴ്ചകൾ നയനാസേചകമായിരുന്നു. അരണ്യലക്ഷ്മിക്കു് അലങ്കാരം രചിച്ചു് തൂങ്ങിക്കിടക്കുന്ന വള്ളിത്തൊങ്ങലുകൾ, ഭീമവൃക്ഷങ്ങൾ, അപൂർവ്വവർണ്ണശോഭയുള്ള പുഷ്പങ്ങൾ എന്നിവ ആർക്കു് ആഹ്ലാദപ്രദമാകാതിരിക്കയില്ല! പക്ഷികളുടെ കളകൂജനങ്ങൾ കാതുകൾക്കിമ്പം നൽകി. വലത്തുവശത്തു് 'ചന്ദ്രഭാഗാ'നദി ഒഴുകിക്കൊണ്ടിരുന്നു. അതിന്റെ കരയ്ക്കു് കണ്ട കനത്ത വെള്ളാരങ്കല്ലുകൾ പ്രത്യേകം കൗതുകാവഹമായിരുന്നു. പർവ്വതരാജന്റെ ഔഷധീവീര്യവത്തായ വീർപ്പെന്നപോലെ എത്തിച്ചേർന്ന മന്ദവാതം അതിശീതളമായിത്തോന്നി. വിശിഷ്ടമായ ഒരുജ്ജീവനശക്തി അതിൽലയിച്ചപോലെ ഞങ്ങൾക്കനുഭവപ്പെട്ടു.

മരങ്ങളിൽ കയറിയും ഇറങ്ങിയും, ഒരുകൊമ്പിൽനിന്നു മറ്റൊന്നിലേക്കു് തുള്ളിയും, കുട്ടികളെയേറ്റി ചാട്ടംവെക്കുന്ന വൈഭവം പ്രദർശിപ്പിച്ചും പല വലുപ്പത്തിലും നിറങ്ങളിലുമുള്ള വാനരന്മാർ വഴിനീളെ കളിച്ചും കലശൽകൂട്ടിയും കൊണ്ടിരുന്നു. വരിവരിയായിരുന്ന ആ മരഞ്ചാടികളുടെ ചില സഭകളും ഞങ്ങൾ അതിലിടക്കു് കാണുകയുണ്ടായി.

ചുരനിരത്തു് കുറെയേറെ കയറിയതിൽപിന്നെ ഞങ്ങൾ കാർനിർത്തി ഇറങ്ങി, ലക്ഷ്മണജ്ജൂലയ്ക്കു് പോകാനുള്ള വഴിക്കു് ഞങ്ങൾ എത്തിച്ചേർന്നിരുന്നു. അവിടെപ്പോകാൻ വലത്തുവശത്തുള്ള പാതയിൽക്കൂടി കുറെ ദൂരം നടന്നു ഗംഗാനദി കടക്കണം. വഴി തിരിയുന്ന സ്ഥലത്തു് കടലയും പൊരിയും വില്പനയ്ക്കായി വെക്കപ്പെട്ടിരുന്നു. ഗംഗയിലെ മത്സ്യങ്ങൾക്കു് കൊടുക്കാൻവേണ്ടി തീർത്ഥയാത്രക്കാർ അവ വാങ്ങിക്കരുതി. മുന്നോട്ടു പോകുന്തോറും പാത വിസ്താരം കുറഞ്ഞുവന്നു. ഈ പാതയിൽ ദയനീയമായ ഒരുകാഴ്ച കാണാമായിരുന്നു—കുഷ്ഠരോഗികളും അവശരും യാചനയ്ക്കായി ഭിക്ഷാപാത്രങ്ങളുംവെച്ചു്, യാത്രക്കാരുടെശ്രദ്ധ ആകർഷിക്കുവാൻ അവരുടെ സന്താപങ്ങൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നതു്. അവരിൽ ധാരാളം സ്ത്രീകളും ഉൾപ്പെടും. ഹിമാലയപ്രദേശത്തിൽ ഇത്രയേറെ കുഷ്ഠരോഗികൾ അണിനിരക്കാനിടയായതെങ്ങിനെ എന്നതു് അത്ഭുതജനകമായിരുന്നു. അവർ പല സ്ഥലങ്ങളിൽനിന്നും അവിടെ എത്തിച്ചേർന്നതാണെന്നു് അന്വേഷണത്തിൽ അറിവായി.

നദി കടക്കുന്ന സ്ഥലത്തു് മുട്ടുനനയുവാൻ വെള്ളമുണ്ടായിരുന്നില്ല. മിനുത്തും നേർത്തും വർണ്ണവൈചിത്ര്യംതികഞ്ഞ കല്ലുകൾ ഗംഗാതീരത്തിൽ നീളെ കാണാമായിരുന്നു. വേനലിന്റെ കാഠിന്യംകൊണ്ടു് നദിക്കു നല്ല കാർശ്യം തട്ടിയതായിക്കണ്ടു. കാട്ടുപൂക്കളുടെ ശബളാഭ അതിമനോഹരമായിരുന്നു.

നദികടന്നു കുറച്ചുദൂരം ചെന്നപ്പോൾ ഭക്തസംഘങ്ങൾ പോകയും വരികയും ചെയ്തുകൊണ്ടിരുന്ന ഒരു മന്ദിരം കാണപ്പെട്ടു. സുപ്രസിദ്ധമായ 'ലക്ഷ്മണക്ഷേത്ര'മായിരുന്നു അതു്. മേഘനാദനെ വധിച്ചതുകൊണ്ടു് ലക്ഷ്മണൻ ബ്രഹ്മഹത്യാപീഡിതനായി. ഹത്യാദോഷനിവൃത്തിക്കുവേണ്ടി ആ വീരയോദ്ധാവു് ഈ സ്ഥലത്തു മുപ്പത്തിരണ്ടുവർഷത്തോളം തപസ്സാചരിച്ചുവത്രെ. ലക്ഷ്മണന്റെ തപസ്സുനിമിത്തം പാവനമായിത്തീർന്ന ഈ സ്ഥലത്തു്, അദ്ദേഹത്തിന്റെ സ്മരണയെ നിലനിർത്തുവാൻ, അനന്തരകാലങ്ങളിൽ ഒരു ക്ഷേത്രം നിർമ്മിക്കപ്പെട്ടു. ക്ഷേത്രം ചെറുതാണു്. എങ്കിലും ഇത്രയും ശോഭനവും കൗതുകാവഹവുമായ ഒരു വിഗ്രഹം ഞാൻ ദുർല്ലഭമായേ കണ്ടിട്ടുള്ളു. ക്ഷേത്രത്തിനു മുൻഭാഗത്തു് ഒരു അശ്വത്ഥവൃക്ഷമുണ്ടു്. ഭക്തജനങ്ങൾ അതു വലംവെക്കുന്നതായിക്കാണാം. താഴെ മൃദുലനാദങ്ങളോടുകൂടി ഗംഗാനദി ശാന്തമോഹനമായി പ്രവഹിക്കുന്നു.

'ജ്ജൂല' എന്ന ഹിന്ദിപദത്തിന്റെ അർത്ഥം ഊഞ്ഞാൽ എന്നാണല്ലോ. മറുകരയിൽനിന്നു ലക്ഷ്മണക്ഷേത്രത്തിലേക്കു വരുന്ന വഴിക്കായി ഒരു പാലമുണ്ടു്. അതിന്മേൽക്കൂടിയുള്ള യാത്ര ഊഞ്ഞാലിൽ ഏറിയാലുള്ള ഒരനുഭവം ഉണ്ടാക്കുന്നതാണു്. വേണ്ടത്ര വീതിയുള്ള ഈ പാലം മേലെ രണ്ടറ്റങ്ങളിൽനിന്നു പുറപ്പെടുന്ന മടപ്പൽപണികൾ താണുതാണു നടുക്കു് ഒരു കേന്ദ്രത്തിൽ യോജിക്കുന്ന ഉപരിനിർമ്മാണത്താൽ മനോഹരമായിരിക്കുന്നു. പാലത്തിൽക്കൂടി പോകുമ്പോൾ അതു് അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടിക്കളിക്കുന്നതുപോലെ തോന്നും. ഈ ഊഞ്ഞാൽപ്പാലത്തിൽനിന്നാണോ 'ലക്ഷ്മണജ്ജൂല' എന്ന പ്രസ്തുത സ്ഥലത്തിനു പേരുണ്ടായതെന്നറിവില്ല.

പാലത്തിന്നക്കരെ ഗംഗ ചിലേടങ്ങളിൽ ഗംഭീരാവർത്തങ്ങളോടുകൂടി ഒഴുകുന്നു. അതിലെ മത്സ്യങ്ങളെക്കുറിച്ചു് എന്തുപറയാനാണു്. മനോഹരങ്ങളായ അനേകം വർണ്ണപ്പുള്ളികളിണങ്ങി അതിശയകരമായ വലുപ്പംകൂടിയ മത്സ്യങ്ങൾ, പൊരിയിലും കടലയിലുമുള്ള സ്വാദുകൊണ്ടു തിരിഞ്ഞുപുളഞ്ഞു പുളച്ചുകളിക്കുന്നു. ആ കാഴ്ച ദേവകൾക്കുകൂടി ആനന്ദം തൂകുന്നതാണു്!

ഈ സ്ഥലത്തു ഗംഗ ഒരു കാട്ടാറിന്റെ പ്രതീതിയാണു പക്ഷെ ഉളവാക്കുന്നതു്. ഹരിദ്വാരത്തിൽ പരന്നു പ്രവഹിക്കുന്ന ഭാഗീരഥീജലത്തിന്റെ നൈർമ്മല്യവും നേർമ്മയും അതിലെ വെള്ളത്തിന്നില്ല.

ലക്ഷ്മണജ്ജൂലയിലെ ആന്ദോളപ്പാലം കടന്നുചെന്നാൽ ഉത്തരേന്ത്യയിലെ ചില ധനികരുടെ ഉദാരതയ്ക്കുള്ള ചിഹ്നങ്ങളെന്ന നിലയ്ക്കു ഏതാനും നല്ല സത്രങ്ങൾ കാണാം. അവിടെനിന്നു മേലോട്ടു വീതികുറഞ്ഞ ഒരു പാതയുണ്ടു്. അനേകം ഹൈന്ദവചിഹ്നങ്ങളോടുകൂടിയ ചെറുക്ഷേത്രങ്ങൾ ഇരുവശങ്ങളിലും പരിശോഭിക്കുന്നു. ഹരിദ്വാരമേളയിൽ പങ്കുകൊള്ളാൻ എത്തിച്ചേരുന്ന നിരവധി തീർത്ഥയാത്രക്കാരിൽ പലരും ആ വഴിക്കു കടന്നുപോകുമെന്നു കരുതി അവരിൽനിന്നു വഴിപാടുകൾ ശേഖരിക്കാൻ ഈ ക്ഷേത്രങ്ങളിൽ വിവിധ വേഷധാരികളായ സന്ന്യാസിമാർ ഇരിക്കുന്നതായി കണ്ടു.

കുറെദൂരം ചെന്നാൽ തീർത്ഥയാത്രക്കാരെ ആകർഷിക്കുന്ന മറ്റൊരു കേന്ദ്രമുണ്ടു്—സ്വർഗ്ഗാശ്രമം. കാലികമ്പിളിവാലയുടെ ഒരു സ്മാരകാശ്രമമാണിതു്. യാത്രാക്ലിന്നതയോടെ എത്തിച്ചേരുന്ന തീർത്ഥാടനക്കാർക്കു ഈ ആശ്രമം വിശ്രമമരുളുന്ന ഒരു ഉത്തമസങ്കേതസ്ഥാനമാണു്.

സ്വർഗ്ഗാശ്രമംവിട്ടു സ്വല്പം തെക്കോട്ടു മാറി ഗംഗാതീരത്തിൽക്കൂടി മേലെക്കയറിയാൽ, ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും ജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന 'ആനന്ദകുടീര'മായി. ആനന്ദകുടീരത്തിന്റെ സ്ഥാപകൻ സ്വാമി ശിവാനന്ദനാണു്. ഹിമാലയത്തിന്റെ മനോമോഹനതയിൽ അദ്ദേഹം ഈ 'ആനന്ദകുടീരം' നിർമ്മിക്കുകയും ലോകത്തിന്റെ നാനാഭാഗങ്ങളിലും ഭാരതത്തിന്റെ ആത്മീയസന്ദേശം പ്രചരിപ്പിക്കാനുള്ള സംവാഹകോപകരണമായി 'ദിവ്യജീവനസംഘം' (Divine Life Society) എന്ന ഒരു സംഘടന സ്ഥാപിക്കുകയുംചെയ്തു. ഈ സംഘത്തിന്റെ ശാഖകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രവർത്തിച്ചുവരുന്നുണ്ടു്. ചില മതപ്രസംഗങ്ങൾക്കുശേഷം സ്വാമികൾ പഞ്ചാബിൽനിന്നു രണ്ടു ശിഷ്യന്മാരോടുകൂടി മടങ്ങുകയായിരുന്നു. സ്വാമിജിയുടെ സന്ദേശത്തിനു കൂടുതൽ പ്രചാരം സാധിപ്പിക്കുവാൻ ഒരു സംഘം ഏർപ്പെടുത്തണമെന്നു ശിഷ്യന്മാർക്കു തോന്നി. അവർ അമ്പാ


# വനസ്പതി ആരോഗ്യകരമായിട്ടുള്ളതാണ്

## ബോംബെ ആരോഗ്യമന്ത്രിയുടെ ഉറപ്പ് നല്കൽ

### ഉപയോഗമുള്ള ഒരു ഭക്ഷണമാണ് വനസ്പതി എന്ന് അഭിപ്രായപ്പെടുന്നു

ഹൈഡ്രോജെനെയ്റ്റഡ് (കട്ടിയാക്കിയ) എണ്ണകളുടെ ഉല്പാദനം ബഹിഷ്ക്കരിക്കുവാൻ അനുകൂലമായിട്ടുള്ളതാണ് ഇസ്സാററ് നഗർ സൂക്ഷ്മനിരീക്ഷണം എന്ന് പലപ്പോഴും ചൂണ്ടിക്കാണിക്കാറുണ്ട് എന്ന് ബോംബെ ആരോഗ്യമന്ത്രിയായ ഡോക്ടർ എം. ഡി. ഡി. ഗിൽഡർ 1950 മാർച്ച് 29-ാംനു- ബോംബെ നിയമസഭയിൽ പറഞ്ഞു. ഈ സൂക്ഷ്മനിരീക്ഷണങ്ങൾക്ക് അമിതമായ പ്രാധാന്യം കൊടുത്തിട്ടുണ്ടെന്നാണ് അദ്ദേഹത്തിന്ന് തോന്നിയതു്. 70 ശതമാനം മില്ലിൽ കുത്തിവെളുപ്പിച്ച അരിയും, 5 ശതമാനം വനസ്പതിയും, ½ ശതമാനം പ്രൊട്ടീനും മാത്രമടങ്ങിയ ഗുണകരമല്ലാത്ത "ഒരു ബങ്കാളി ആഹാരത്തിന്മേലാണ്" ഈ എലികളെ വളർത്തി വന്നിരുന്നതു് എന്ന് അദ്ദേഹം പറഞ്ഞു. ഈ ആഹാരത്തിന്മേൽ വളർത്തിവന്നിരുന്ന എലികളുടെ മൂന്നാമത്തെ തലമുറക്ക് കണ്ണിന്ന് കാഴ്ചയില്ലാതെ കാണപ്പെട്ടു. എന്നാൽ ഇതിന്ന് കാരണം "വനസ്പതി" യല്ല എന്ന് ഡോക്ടർ ഗിൽഡർ പറഞ്ഞു. ഗുണകരമല്ലാത്ത ആ ആഹാരം മാത്രമാണ് അതിന്ന് കാരണം. "വനസ്പതി" ഉപയോഗിച്ചില്ലെങ്കിൽ കൂടി ഈ എലികൾക്ക് കണ്ണുകാണാതായിത്തീരും എന്നാണ് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞതു്. ഈ രാജ്യത്ത് വളരെപേർക്കും പരിശുദ്ധമായ നെയ്യ് വാങ്ങുവാൻ ത്രാണിയില്ല എന്ന വാസ്തവം അദ്ദേഹം വീണ്ടും ആവർത്തിച്ചു.

വനസ്പതിയുടെ പോഷണഗുണങ്ങളെപ്പററി പരിശോധിച്ച് അഭിപ്രായം നല്കുവാൻ ഗവമ്മേണ്ട് ശാസ്ത്രജ്ഞന്മാരെ നിയമിച്ചു. ഭക്ഷണം, കൃഷി എന്നീ വകുപ്പുകളുടെ മന്ത്രിയായ ബഹുമാന്യനായ ശ്രീ ജയറാം ദാസ് ദൌലററ് റാം ഇവരുടെ പ്രസ്താവനയെ 1949 ഡിസംബർ 8-ാംനു- ജനപ്രതിനിധിസഭമുമ്പാകെ വായിച്ചതിൽ നിന്നും വനസ്പതി ആരോഗ്യകരമായ ഒരു ഭക്ഷണക്കൊഴുപ്പാണെന്നുള്ള വാസ്തവം എന്നന്നെക്കുമായി സ്ഥാപിക്കുന്നു.

#### ലക്ഷോപലക്ഷം ജനങ്ങൾക്ക് വനസ്പതി ഒരു അനുഗ്രഹമാണ്

ആവശ്യത്തിന്ന് വേണ്ടത്രയുള്ള നെയ്യിന്റെ അഭാവത്തിൽ, കട്ടിയാക്കിയ ഒരു ഭക്ഷണക്കൊഴുപ്പായ വനസ്പതി നിത്യം ഉപയോഗിച്ചു പോരുന്ന ലക്ഷോപലക്ഷം വീടുകൾക്കും, നമ്മുടെ സൈന്യങ്ങൾക്കും, ആശുപത്രികൾക്കും, മററു സ്ഥാപനങ്ങൾക്കും ഒരു അനുഗ്രഹമാണ്. എണ്ണയേക്കാൾ കൂടുതൽകാലം ഇതു് പുതിയതായിരിക്കുന്നു. ഇതിന്നും പുറമെ ഭക്ഷണം പാകം ചെയ്യുന്നതിന്ന് കൂടുതൽ സൌകര്യമുള്ളതാണ് ഇതു്. വനസ്പതി പരിശുദ്ധവും, ആരോഗ്യകരവും, ഉന്മേഷദായകവുമാണ്. നമ്മുടെ നിത്യ ആഹാരത്തിൽ ഇതു് ഒരു ഭാഗമായിരിക്കേണ്ടതാണ്. പരിശുദ്ധമായ സസ്യസംബന്ധമായ എണ്ണകളിൽ നിന്നും ഗവമ്മേണ്ടിന്റെ കൃത്യമായ തോതുകളനുസരിച്ച് ഉണ്ടാക്കുന്നതാണ് ഇതു്.

# വനസ്പതി ആവശ്യമാണ്

ദി വനസ്പതി മാനുഫാക്ച്ചറേഴ്സ് അസോസ്സിയേഷൻ ഓഫ് ഇന്ത്യാ പ്രസിദ്ധപ്പെടുത്തുന്നതു്

VMA. 9-86 ML

ലയിൽ ഇറങ്ങുകയും 'ഡിവൈൻ ലൈഫ് ട്രസ്റ്റ് സൊസൈറ്റി' എന്ന പേരിൽ ഒരു സംഘം രജിസ്റ്റ്രാക്കുകയും ചെയ്തു. ആത്മസാക്ഷാത്ക്കാരം അനുഭവപ്പെടുത്തുകയും മനുഷ്യസേവനം നിർവ്വഹിക്കുകയുമായിരുന്നു പൊതുവെ സംഘത്തിൻെറ ഉദ്ദേശങ്ങൾ. ൧൯൩൬ ൽ സ്ഥാപിക്കപ്പെട്ട ഈ സംഘത്തിനു ഇപ്പോൾ ഭാരതത്തിൽ ൧൯൦-ം വിദേശങ്ങളിൽ ൧൫-ം ശാഖകളുണ്ട്.

ആനന്ദകുടീരത്തിലെ 'വിശ്വനാഥമന്ദിരം' ഭംഗിയും ശുചിയുമുള്ള ഒരു ചെറിയ ക്ഷേത്രമാണ്. കാശി വിശ്വനാഥക്ഷേത്രത്തിലെ ദേവന്മാരെയും ദേവിമാരെയും ഈ മന്ദിരത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു

ആയുർവേദം, ഹോമിയോപ്പതി, അല്ലോപ്പതി, ഹെർബോപ്പതി എന്നീ ചികിത്സാസമ്പ്രദായങ്ങളനുസരിച്ചു രോഗാതുരർക്കു ചികിത്സാശുശ്രൂഷകൾ നൽകുന്ന ഒരു സൌജന്യചികിത്സാലയം ഇവിടെയുണ്ട്. ഇതിൽ ചികിത്സകൾ നടത്തിവരുന്നതു് വൈദ്യസാധകന്മാരാണ്. ഒരു ആയുർവേദഫാർമസി, യോഗപ്രദർശനശാല, വായനശാല, യോഗവേദാന്തകാനനകലാശാല എന്നീ സ്ഥാപനങ്ങൾ ആനന്ദകുടീരത്തിൻെറ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

പ്രകൃതിമനോഹരമായ ഒരു സ്ഥാനത്താണ് 'ആനന്ദകുടീരം' സ്ഥിതിചെയ്യുന്നതു്. ചുററുമുള്ള സസ്യനിബിഡതയിൽ ശ്യാമളിമനൃത്തം തത്തി ഉല്ലസിക്കുന്നു. കാനനഭംഗികൾ കണ്ണിനു കർപ്പൂരംചാർത്തുന്നു. താഴെ ഒഴുകുന്ന ഗംഗാനദിയുടെ ജലധ്വനികൾ ഹൃദയത്തിൽ സംഗീതധാര തൂകുന്നു. സൂര്യകിരണങ്ങൾ മദ്ധ്യാഹ്നകാലത്തു് നദിയിൽ വെള്ളിത്തുലങ്ങളുടെ ഒളി വീശുന്നു.

പകൽ ഒന്നേമുക്കാൽമണിക്കാണ് ഞങ്ങൾ ആനന്ദകുടീരത്തിൽ എത്തിച്ചേർന്നതു്. എത്തിയ ഉടനെ സ്വാമിജിയെപ്പററി അന്വേഷണം നടത്തി. ഉച്ചതിരിഞ്ഞു രണ്ടു മണിക്കു് വിശ്രമിക്കാൻ പോയാൽ നാലുമണിക്കു മാത്രമേ അദ്ദേഹം പുറത്തുവരികയുള്ളുവെന്നും ഒരാൾ ഞങ്ങളെ അറിയിച്ചു. വാച്ചു നോക്കിയപ്പോൾ രണ്ടുമണിയായിക്കഴിഞ്ഞിരുന്നു. ഏതായാലും ഒരുദ്യമം നടത്തുകയെന്നുകരുതി ഞങ്ങൾ മേലെ കയറിയ അവസരത്തിൽ മുന്നിൽ കണ്ടല്ലൊ കാഷായചീവരംചാർത്തി, മുണ്ഡിതശിരസ്കനായി, ഉന്നതകായനായ സ്വാമിജി മന്ദഹസിച്ചുനില്ക്കുന്നതായിരുന്നു. സ്വാമിജി ഞങ്ങളെ കണ്ട ഉടനെ അവിടെനിന്നു. ഞങ്ങൾ അഭിവന്ദിച്ചു. വളരെപ്പഴകിയ ഒരു സുഹൃത്തെന്നപോലെ അദ്ദേഹം മധുരമായി ഞങ്ങളോടു സംഭാഷണം നടത്തുകയും ആഹാരവും ആശ്രമവിവരങ്ങളും നൽകുന്നതിനു ശിഷ്യരെ നിയോഗിച്ചു വിശ്രമിക്കാൻ പോകയും ചെയ്തു.

താഴെ ഇറങ്ങിച്ചെന്നു, നീളത്തിൽ പണിചെയ്ത ഭോജനശാലയിലെ പന്തിയായിട്ട ആസനങ്ങളിൽ ഞങ്ങൾ ചെന്നിരുന്നു. ധാരാളം ആളുകൾ ഇരുവരികളിലും ഇരുന്നിരുന്നു. മലയാളിസ്വാദുള്ള അന്നത്തെ കറികൾ ഞങ്ങൾ എത്രമാത്രം ആസ്വദിച്ചുവെന്നോ! ഭോജനശാലയിൽ വിളമ്പുന്നവരും ഉണ്ണുന്നവരും 'ഹരേരാമ ഹരേരാമ, രാമരാമഹരേ ഹരേ, ഹരേകൃഷ്ണ ഹരേകൃഷ്ണ, കൃഷ്ണകൃഷ്ണഹരേ ഹരേ!' എന്ന സങ്കീർത്തനം അനുസ്യൂതമായി മുഴക്കിക്കൊണ്ടിരുന്നു. അവിടെ ആ അഖണ്ഡകീർത്തനയജ്ഞം ആരംഭിച്ചിട്ടു് കുറെ നാളായെന്നു് അന്വേഷണത്തിൽ അറിവായി. ആനന്ദകുടീരത്തിലെ അന്നപ്രാശനം ഞങ്ങളുടെ ക്ഷുധാർത്തി ശമിപ്പിക്കുക മാത്രമല്ല, ഭക്തിപരമായ ഒരുൾക്കുളിർ ഉളവാക്കുകയുംചെയ്തു.

ഞങ്ങൾ പിന്നീടു് ഏറെത്താമസിച്ചില്ല. കിഴക്കുവശത്തുള്ള നിരത്തിൽ എത്തിച്ചേർന്നപ്പോഴേക്കും ഞങ്ങളുടെ കാർ അവിടെ കാത്തുനിൽപുണ്ടായിരുന്നു. ഹരിദ്വാരത്തിലേക്കുള്ള പ്രതിയാനത്തിൽ ലക്ഷ്മണജ്ജുലയിലെ ആ ജലമനോഹാരിതയും, പുളച്ചുകളിക്കുന്ന മത്സ്യങ്ങളും ഊഞ്ഞാലാടുന്ന പാലവും ആനന്ദകുടീരത്തിലെ അനുഭവങ്ങളും എൻെറ മനസ്സിൽ നിറംപിടിച്ച ചിത്രങ്ങൾ രചിച്ചുകൊണ്ടിരുന്നു.

—o—

# ഖണ്ഡകാവ്യങ്ങൾ

എസ്. കെ. നായർ, മദ്രാസ് യൂണിവേഴ്സിറ്റി

ഓടുന്നോടുന്ന അനന്തനിമിഷം പെരുകിപ്പെരുകിവരുന്ന ജീവിതവ്യഗ്രത! ജീവിതത്തിൻെറ നാനാമുഖമായ ജീവിതം പോയ അല്ലലുടെ അസുലഭത ഇവയെല്ലാംകൊണ്ടുണ്ടായ സമയച്ചുരുക്കം: ബൃഹദ്ഗ്രന്ഥങ്ങളെ വെടിഞ്ഞു ലഘുകൃതികളിലേക്കു പൊതുവെ കണ്ണോടിക്കുന്നതിൻെറ ആ ഹേതുവിനെയും ഭ്രമിയായ സക്തയും ഇതിയാണല്ലോ കാരണങ്ങൾ ഏതാണ്ടിതെല്ലാമാണെന്ന പലരും പറഞ്ഞുവെച്ചിട്ടുണ്ട്. പണ്ടെല്ലാം പുരാണങ്ങളും ഇതിഹാസങ്ങളും മഹാകാവ്യങ്ങളും നാടകങ്ങളും സുലഭമായിട്ടുണ്ടായിട്ടുണ്ടെങ്കിൽ അന്നൊക്കെ മാനവജീവിതം അത്രയ്ക്കൊക്കെ സുസ്ഥിരവും സുഖകരവുമായിരുന്നു. അന്നു നാട്ടിൽ ക്ഷേമം പാലുമൊഴുകിയിരുന്നു. ഇന്നാകട്ടെ ചോരയും ചെളിയും! അന്നെല്ലാവരും ഊണും കഴിഞ്ഞു തൂണും ചാരിയിരുന്നു വിശ്രമസുഖം ആകണ്ഠം ആസ്വദിച്ചിരുന്നു. ഇന്നോ? ഉടുക്കാനും കുടിക്കാനും വകകാണാതെ ഉഴറിച്ചുറ്റിത്തിരിയുന്നവരാണ് ഉമ്മറങ്ങളിൽപ്പോലുമുള്ളൂ. അന്നു ഉത്സവവും ഉത്സാഹവും കൊടിനാട്ടിയ ഇടങ്ങളിൽ ഇന്നു കൊള്ളയും കൊലയും നടമാടുകയാണ്. ഇങ്ങനെ റോം കത്തിയെരിയുമ്പോൾ ആ പ്രാണാപഹരന്റെ കയ്യിൽ എന്തു വീണ വായന? ഒന്നിനും സാവകാശംപോരാ, ഒരിടത്തും ശാന്തിയില്ല. അനന്തമായി അജയ്യമായി നിന്നിരുന്ന സ്ഥലകാലങ്ങളെ സയൻസ് ഇന്നിതാ നമുക്കു ഉള്ളംകൈയ് നെല്ലിക്കയായി കാണിക്കയർപ്പിച്ചിരിക്കുന്നു. നാടോടുമ്പോൾ നടുവേ ഓടാതെ കഴിയുമോ? സാഹിത്യാദികലകൾ ഇങ്ങനെയുള്ള ഒരന്തരീക്ഷത്തിൽ എങ്ങനെ പുലരും? ശാന്തിയും സമാധാനവും ഉള്ളിടത്തേ ബൃഹത്തും മഹത്തുമായതു തഴയ്ക്കൂ. ഇതാ, ഇക്കാരണങ്ങൾ കൊണ്ടാണുപോലും മഹാകാവ്യാദികളുടെ സ്ഥാനത്തു ഖണ്ഡകാവ്യാദികൾ ജന്മമെടുത്തതു്.

തൽക്കാലം വാദത്തിനുവേണ്ടി ഇതെല്ലാം ഏറെക്കുറെ വകവച്ചുകൊടുക്കാം. പണ്ടൊന്നും ജീവിതവ്യഗ്രതയില്ലായിരുന്നു, ഇന്നത്തെ യുഗത്തിൻെറ സന്തതിയാണതു് എന്നു കണ്ണടച്ചു സമ്മതിക്കാം. സയൻസ് നമ്മുടെ ജീവിതത്തിനു ചിന്താഗതിക്കും വരുത്തിവച്ച പരിണാമങ്ങളെ തികച്ചും അനുവദിച്ചുകൊടുക്കേണ്ടതുതന്നെ. ഒന്നേ സംശയിക്കാനുള്ളു. ഈ വാദത്തിൽ ജീവിതവ്യഗ്രത പെരുകുമ്പോൾ കലാസൃഷ്ടിക്കുള്ള കാരണങ്ങൾ ചുരുങ്ങുകയാണോ വാസ്തവത്തിൽ? കലയുടെ ഉദ്ദേശ്യവും സ്വഭാവവും തികച്ചും ഗ്രഹിക്കാത്ത കൂട്ടർ ഈ അഭിപ്രായം ശരിവച്ചേക്കാം. കല ജീവിതന്യൂനതകൾക്കു പരിഹാരം വരുത്തി ജീവിതപൂർണ്ണിമയ്ക്കു വഴി തെളിക്കുന്നതിനാണെന്ന പരമാർത്ഥം അറിഞ്ഞവർക്കു പണ്ടത്തേക്കാൾ ഇന്നാണ് ബഹുമുഖവും ബൃഹത്തരവുമായ കലാസൃഷ്ടികൾ ഉണ്ടാകേണ്ടതെന്നു ബോദ്ധ്യപ്പെടും. അതുകൊണ്ടു ഖണ്ഡകാവ്യങ്ങളുടെ ഉൽപത്തിക്കു മററു കാരണങ്ങൾ സാധുവെന്നു പറഞ്ഞാലും അക്കൂട്ടത്തിൽ നിന്നു ഈ ജീവിതവ്യഗ്രതമാത്രം ഒഴിച്ചുനിർത്തണം.

ശരി; ഖണ്ഡകാവ്യം ഉണ്ടാവാനുള്ള കാരണം ഏതുമാവട്ടെ; അതുണ്ടായിക്കഴിഞ്ഞല്ലോ. അവയുടെ സ്വരൂപവും സ്വഭാവവും എന്താണെന്നു നോക്കാം. മഹാകാവ്യങ്ങളുടെ വാഴ്ചയൊഴിഞ്ഞ സ്ഥാനത്താണ് ഖണ്ഡകാവ്യങ്ങൾ ചെങ്കോൽ ചെലുത്തിത്തുടങ്ങിയതു്. അതുകൊണ്ടു മഹാകാവ്യം ഇടിച്ചൊതുക്കി ചെറുതാക്കിയതാണ് ഖണ്ഡകാവ്യമെന്നു പറയാമോ? എന്താണു മഹാകാവ്യം? ഒരു മഹാവംശത്തേയോ വംശാധിപനേയോ സംഭവത്തേയോ സംഭവപരമ്പരയേയോ പ്രധാന പ്രമേയമാക്കി 'നഗരാർണ്ണവാദി'കളുടെ വർണ്ണനകൊണ്ടു മേദുരമാക്കി, ഏഴിൽക്കൂടുതൽ എത്രയെങ്കിലും സർഗ്ഗങ്ങളിലാക്കി പരത്തി, ആ സർഗ്ഗങ്ങളെ ഭിന്നവൃത്തങ്ങളിലൊതുക്കി രചിക്കുന്ന കാവ്യമാണ് മഹാകാവ്യം. അത്തരം ഒരു മഹാകാവ്യത്തെ ഇടിച്ചൊതുക്കുമ്പോൾ ഈ വക കാര്യങ്ങൾ എല്ലാംതന്നെ ചുരുങ്ങിയ തോതിലെങ്കിലും വരണമല്ലോ. പക്ഷേ, അത്രയുംകൊണ്ടു ഒരു ഖണ്ഡകാവ്യം ഉണ്ടായെന്നുവരില്ല. നോവൽ ചുരുക്കിയാൽ നോവലിൻെറ സംഗ്രഹമാകും, ചെറുകഥയാവില്ല. മഹാകാവ്യം ചുരുക്കിയാൽ മഹാകാവ്യസംഗ്രഹമാകും, ഖണ്ഡകാവ്യമാവില്ല. അതുകൊണ്ടു്,

> 'ഖണ്ഡകാവ്യം ഭവേത്കാവ്യ-
> സ്യൈകദേശാനുവർത്തിചത്'

എന്ന ആ പഴയ നിർവ്വചനത്തെ സമാദരിക്കാൻ നിർവ്വാഹമില്ല ചുരുക്കത്തിൽ സ്വരൂപഭേദം മാത്രമല്ലാ, സ്വഭാവപരിണാമവും ഖണ്ഡകാവ്യത്വത്തിനു് അത്യന്താപേക്ഷിതമാണ്.

മഹാകാവ്യം ഒരു മഹാജീവിതത്തിൻെറ സമഗ്രതയെ സർവ്വംകഷമായി പ്രപഞ്ചനം ചെയ്യുമ്പോൾ ഖണ്ഡകാവ്യം അതിൻെറ ഏതെങ്കിലും ഒരംശത്തെ ഏകാഗ്രമായി ലക്ഷീകരിക്കുന്നു. പ്രതിപാദ്യത്തിൽ രണ്ടിനുമുള്ള വ്യത്യാസം ഇത്രമാത്രമാണ്. ശേഷം ധർമ്മങ്ങൾ ഈ പ്രതിപാദ്യത്തെ സാധകമാക്കാൻ മാത്രമുള്ളതുമാണ്. ഏകാഗ്രമായ ആ ലക്ഷ്യത്തെ ഉന്നിക്കൊണ്ടല്ലാതെ ഒന്നുംതന്നെ ഒരു ഖണ്ഡകാവ്യത്തിൽ വരുത്താവുന്നതല്ല. പ്രമേയാവതരണം, ആവിഷ്കരണം, രസസന്നിവേശം, വർണ്ണന, തത്വചിന്ത, അലങ്കാരം തുടങ്ങി എല്ലാ കാവ്യാംഗങ്ങളിലും ഏകാന്തമായ ഏകാഗ്രത പാലിക്കാതെ ഒരു ഖണ്ഡകാവ്യം ആ പേരിനു് അർഹമാവില്ല. അങ്ങനെ രൂപഭാവങ്ങളുടെ ശില്പത്തിലുള്ള അന്യോന്യസമ്മുഖത്വം ഖണ്ഡകാവ്യത്തിലെ അത്യന്താപേക്ഷിതധർമ്മമായി പരിണമിക്കുന്നു. ഇത്ര ഏകാഗ്രമായ ശിൽപസംവിധാനത്തിനു് കവിയുടെ ആത്മനിഷ്ഠത്വം കൂടിയേ കഴിയൂ. മഹാകാവ്യം പ്രാധാന്യേന വസ്തുനിഷ്ഠമായ പ്രതിപാദനരീതി ആവശ്യപ്പെടുമ്പോൾ ഖണ്ഡകാവ്യം തികച്ചും ആത്മനിഷ്ഠപ്രധാനമായിരിക്കണം. മഹാകാവ്യത്തിൽ കവിയുടെ ശേമുഷീവിലാസം മുന്തിനിൽക്കുന്നു; ഖണ്ഡകാവ്യത്തിലാകട്ടെ ആത്മാവിഷ്കരണവും.

നമ്മുടെ മിക്ക കാവ്യസരണികൾക്കും മാതൃക സംസ്കൃതമാണല്ലോ. ഭാഷയിൽ മഹാകാവ്യമവതരിച്ചതും സംസ്കൃതത്തിൽനിന്നാണ്. ഖണ്ഡകാവ്യപ്രസ്ഥാനമോ? അശേഷം ആലോചിക്കാതെതന്നെ അല്ലെന്നു് തീർത്തുപറയാം. സംസ്കൃതസാഹിത്യത്തിൽ ഖണ്ഡകാവ്യങ്ങളില്ലാഞ്ഞിട്ടാണോ? അതെ. ഖണ്ഡകാവ്യമെന്ന പേരിൽ പെരുമനേടിയ ഒരു ശാഖ സംസ്കൃതത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ മേഘദൂതു തുടങ്ങിയ സന്ദേശകാവ്യങ്ങളെ ഖണ്ഡകാവ്യവകുപ്പിൽ പ്പെടുത്താൻ വിരോധമില്ലാതാനും. മിക്കവാറും മുൻപറഞ്ഞ ലക്ഷണങ്ങൾ മേഘദൂതാദികൾക്കു് യോജിക്കുന്നുമുണ്ട്. എങ്കിലും മലയാളത്തിലെ ഖണ്ഡകാവ്യങ്ങൾ സംസ്കൃതമാതൃകയെ അനുകരിച്ചുണ്ടായെന്നു് ഒരിക്കലും പറഞ്ഞുകൂടാ. ആംഗലേയകാവ്യങ്ങൾ അവയ്ക്കു് മാർഗ്ഗനിർദ്ദേശം ചെയ്തെന്നുപറഞ്ഞാൽ കഷ്ടിച്ചു് ശരിയാകും. ഒരു സ്വതന്ത്രശാഖയായി മലയാളത്തിൽ അങ്കുരിച്ച പ്രസ്ഥാനമാണെന്നു് അഭിപ്രായപ്പെടാൻ മാത്രം നമ്മുടെ ഖണ്ഡകാവ്യങ്ങൾക്കു് വ്യക്തിത്വമുണ്ട്.

അതീതശതകത്തിൻെറ അന്ത്യദശ മലയാളത്തിലെ മഹാകാവ്യങ്ങളുടെ അന്ത്യത്തേയും ഖണ്ഡകാവ്യങ്ങളുടെ ഉദയത്തേയും കുറിക്കുന്നു. ആരാണ് മലയാളത്തിൽ ആദ്യം ഖണ്ഡകാവ്യമെഴുതിയതു്? വിവാദവിഷയമാകുന്ന ഒരു മറുപടി പറയേണ്ടിവരുമെന്നു് ഞാൻ ഭയപ്പെടുന്നു. ശീലാവതിയും കുചേലവൃത്തം വഞ്ചിപ്പാട്ടും ആ വകുപ്പിൽ പെടുത്താവുന്ന അത്തരം പല കൃതികളും പണ്ടുകാലംമുതൽക്കേ മലയാളത്തിലുണ്ടല്ലോ. അവയെ ഖണ്ഡകാവ്യങ്ങളെന്നു് എന്തുകൊണ്ടു പരാമർശിച്ചുകൂടാ? ഓഹോ ധാരാളമായും ആവാം. പക്ഷേ ഒരു തകരാറുണ്ട്. വടക്കൻപാട്ടുതുടങ്ങിയ നാടോടിക്കവിതകൾവരെ ഖണ്ഡകാവ്യപ്രസ്ഥാനത്തിൽ ഉൾപ്പെടുത്തേണ്ടിവരുമെന്നുമാത്രം. അപ്പോൾ മുൻപറഞ്ഞ ലക്ഷണങ്ങൾ ഒന്നാകെ മാററി എഴുതുകയുംവേണം. മാത്രവുമല്ലാ, അതോടെ ഖണ്ഡകാവ്യലക്ഷണങ്ങൾ ശിഥിലവും വ്യാപകവും അവ്യവസ്ഥിതവുമായിത്തീരുന്നതിനു എളുപ്പവുമുണ്ട്. അതുകൊണ്ടു് ലക്ഷണയുക്തമായ ഖണ്ഡകാവ്യങ്ങളുടെ ഉൽപത്തി എന്താണെന്നുമാത്രം ആരായാം.

കൊല്ലവർഷം ൧൦൬൨-ൽ മഹാകവി കുമാരനാശാൻ 'വീണപൂവ്' എഴുതി ആയിടയ്ക്കു തന്നെ 'മിതവാദി'യിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതായി അദ്ദേഹംതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. വള്ളത്തോളിൻെറ ബധിരവിലാപം പ്രകാശിതമായതു് അതിനുശേഷമാണ്. ഏതായാലും വീണപൂവും ബധിരവിലാപവും മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യങ്ങളായി പരിഗണിക്കപ്പെടാം. രണ്ടിൻെറയും പ്രതിപാദ്യം ആത്മനിഷ്ഠമാണ്; രണ്ടും ഒരുതരം വിലാപകാവ്യകോടിയിൽ പെടുകയും ചെയ്യും. ശോകത്തിൽനിന്നു് ശ്ലോകമുണ്ടായെന്ന കഥ മലയാളഖണ്ഡകാവ്യങ്ങളെ സംബന്ധിച്ചിടത്തോളം കാര്യംതന്നെ. ഉള്ളൂർ, വി. സി. ബാലകൃഷ്ണപ്പണിക്കർ, നാലപ്പാട്ടു നാരായണമേനോൻ തുടങ്ങി അന്നത്തെ ഉത്തിഷ്ഠമാനന്മാരായ മിക്ക കവികളും പിന്നീടു ഖണ്ഡകാവ്യരചനകൊണ്ടു് കൈരളിയെ പോഷിപ്പിച്ചുതുടങ്ങി.

ഖണ്ഡകാവ്യങ്ങളെ പൊതുവെ കഥാപരം, വർണ്ണനാപരം, ചിന്താപരം എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. ഭാഷയിൽ വർണ്ണനാപരവും ചിന്താപരവും ആയ ഖണ്ഡകാവ്യങ്ങളാണ് ആദ്യമുണ്ടായതു്. ശിഷ്യനും, മകനും, ഗണപതി, കരുണ, ചണ്ഡാലഭിക്ഷുകി തുടങ്ങിയ കഥാപരകാവ്യങ്ങൾ അവയുടെ അനന്തരഗാമികളാണ്. താമസിയാതെ കണ്ണുനീർത്തുള്ളി പ്രരോദനം തുടങ്ങിയ ചിന്താപരങ്ങളായ ഉൽകൃഷ്ടകാവ്യങ്ങളും നമുക്കു ലഭിച്ചു. ഇങ്ങനെ ഈ ശതകത്തിൻെറ പാദാദിയിലെ ഭാഷാസാഹിത്യം ഖണ്ഡകാവ്യസമ്പന്നമായിരുന്നെന്നു തീർത്തുപറയാം. മഹാകാവ്യങ്ങളെ ജനങ്ങൾ തീരെ വിസ്മരിക്കയോ വിഗണിക്കയോ ചെയ്തു് അവർ ഖണ്ഡകാവ്യപാരായണോൽസുകരായി ഭവിച്ചു. കവികൾക്കു സഹൃദയാഭിരുചി തെളിക്കുന്നമാർഗ്ഗം തുടരാതെയും വഴിയില്ലല്ലോ. അങ്ങനെ അവരും ഖണ്ഡകാവ്യരചനോൽസുകരായിത്തീർന്നു.

സ്വന്തേ ഒരു മാതൃകയില്ലാതെ സ്വതന്ത്രമായി ഭാഷയിലുണ്ടായ ഖണ്ഡകാവ്യങ്ങൾക്കു് അവയുടെ ഉൽപത്തിക്കുശേഷം ചില സാമാന്യസ്വഭാവങ്ങൾ താനേ വന്നുഭവിച്ചു. കാവ്യാരംഭം ആശിസ്സോ നമസ്ക്രിയയോ വസ്തുനിർദ്ദേശമോ ആവാമെന്നു പണ്ടേ വിധിയുണ്ടല്ലോ. ഖണ്ഡകാവ്യങ്ങൾപലതും വസ്തുനിർദ്ദേശപരമായാണ് ആരംഭിച്ചു കാണുന്നതു്. ആശിസ്സും നമസ്ക്രിയയും ഏറെക്കുറെ പഴഞ്ചൻ സമ്പ്രദായമായേ ഇന്നുള്ളവർക്കു തോന്നൂ. മാത്രവുമല്ല, നാടകീയമായ ഒരു പ്രാരംഭത്തിനു വസ്തുനിർദ്ദേശമാണ് യുക്തമായിട്ടുള്ളതും.

> വാർതിങ്കൾത്താലംമെടുത്ത വസന്തരാ-
> വേതോവെൺചാറെന്നു പൂശിക്കയാൽ
> ശ്രീലഗലേലജില്ലയ്ക്കൊത്തുമുത്തു
> മാലയായ് മിന്നീനയിൻ പട്ടണം.

മഗ്ദലനമറിയത്തിൻെറ ഈ പ്രാരംഭം കഥാമർമ്മഭൂതമായ സംഭവം നടക്കുന്ന വസന്തപൗർണ്ണമീരാത്രിയെ നേരിട്ടു വർണ്ണിക്കുക മാത്രമല്ലാ, നായികയുടെ ഒരു പ്രവൃത്തിയെ ഭംഗ്യന്തരേണ മുദ്രാലങ്കാരരീത്യാ ധ്വനിപ്പിക്കുകകൂടി ചെയ്യുന്നുണ്ട്.

> സ്ഫാടികപാത്രമെന്നോണ്ടു വിളങ്ങുന്ന
> പാടലമായ തൽപാണിയിങ്കൽ

മറിയം ആ സ്ഫടികത്താലത്തിലെ 'അന്യാദൃശാമോദിതൈലം കൊണ്ടു്' കന്യാതനൂജനെ പ്രീതനാക്കിയ സംഭവം വസന്തരാവു് വാർതിങ്കൾത്താലമെടുത്തു് ഗലേലജില്ലയെ വെൺചാറുപൂശിച്ചുവെന്ന വർണ്ണനയിൽ ഒതുക്കി നിർത്തിയിരിക്കുന്നതു് ഭാവുകന്മാർക്കു് കാണാൻ വിഷമമില്ല.

> 'കാളിമകാളുംനഭസ്സെയ്യുമ്മവയ്ക്കും വെണ്മ-
> ഭനോജ്ഞ
> മാളികയൊന്നിൻെറതെക്കേ മലർമുററത്തിൽ'

എന്ന കരുണയിലെ ഈരടി, സുന്ദരിയായ വാസവദത്ത കരുത്തിരുണ്ട ചെട്ടിയാരെ ചുംബനംചെയ്യുന്ന ആസന്നസംഭവത്തെ ശംസിക്കുന്നതായി ചിലർ വ്യാഖ്യാനിച്ചുകേട്ടിട്ടുണ്ട്. ഇങ്ങനെ പിംഗള, കർണ്ണഭൂഷണം, ചണ്ഡാലഭിക്ഷുകി തുടങ്ങിയ മിക്ക ഖണ്ഡകാവ്യങ്ങളിലും ഈ മുദ്രാലങ്കാരരീതി കൈക്കൊണ്ടിട്ടുള്ളതായി കാണാം.

ഭാഷാകവിതയുടെ ഇക്കഴിഞ്ഞ പരിവർത്തനദശയ്ക്കു് കാരണം ഖണ്ഡകാവ്യങ്ങളുടെ ആവിർഭാവംതന്നെയാണ്. വി. സി., ആശാൻ, വള്ളത്തോൾ, ഉള്ളൂർ, നാലപ്പാടൻ എന്നീ മഹാകവികളുടെ മികച്ച സംഭാവനകൾ അവരെഴുതിയ ഖണ്ഡകൃതികളല്ലാതെ മറെറന്താണ്? വിശേഷിച്ചും മഹാകാവ്യമെഴുതാതെ മഹാകവിബിരുദംനേടിയവരാണ് വി. സി., ആശാൻ, നാലപ്പാടൻ തുടങ്ങിയവർ. മഹാകവികളെക്കൊണ്ടു നാടു നിറഞ്ഞിരിക്കുന്ന ഇക്കാലത്തു ഈ പ്രസ്താവന അത്ര അത്ഭുതകരമായിത്തോന്നാൻ ഇടയില്ല. വള്ളത്തോളിനേയും ഉള്ളൂരിനേയും അവരെഴുതിയ മഹാകാവ്യങ്ങളിലൂടെയല്ലാ ഇന്നുള്ളവർ അനുസ്മരിക്കുന്നതും ആരാധിക്കുന്നതും. അങ്ങനെ ഇരുപതാംനൂററാണ്ടിൻെറ ഉദയം മലയാളത്തിൽ ഖണ്ഡകാവ്യപ്രഭാവത്തെ ഉൽഘാടനംചെയ്തുകൊണ്ടായിരുന്നു.

എന്തിനേയും അപഗ്രഥനാത്മകമായി വീക്ഷിക്കാൻ വിരുതുള്ള ഈ ശാസ്ത്രയുഗം മഹാകാവ്യങ്ങളെ ഖണ്ഡകാവ്യങ്ങളാക്കിയതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടില്ല. ആ ഖണ്ഡകാവ്യങ്ങളെ വീണ്ടും ഖണ്ഡിച്ചു്, ഖണ്ഡകവിതകൾകൊണ്ടും കവിതാഖണ്ഡങ്ങൾകൊണ്ടും ഇന്നത്തെ ഭാഷാകവിത നിറഞ്ഞിരിക്കുന്നു. ഈ ഖണ്ഡനാത്മകത ഇപ്പോഴും പ്രവർത്തനോൽസുകമായി തുടർന്നുകൊണ്ടിരിക്കയാണ്. ഖണ്ഡകവിതകളും കവിതാഖണ്ഡങ്ങളും വാഴ്ച നടത്തുന്ന ഇക്കാലത്തു കവിതാശകലങ്ങൾ സുലഭമായി വിപ്ലവകാഹളം മുഴക്കുന്നതു കേൾക്കുമ്പോൾ, ആസന്നഭാവിയിൽ നമ്മുടെ കവിത, വലയമില്ലാതെ ചാടിത്തുടങ്ങുമെന്നു പ്രവചിക്കാൻ ദിവ്യദൃഷ്ടിവേണമെന്നില്ല. ആ ഘട്ടം കവിതയുടെ നിർവ്വാണവേളയാകുമോ എന്നും ഭയപ്പെടുന്നു. കവിതയിൽ മാത്രമല്ലാ, കഥയിലും നാടകത്തിലും ഈ ഖണ്ഡകാരനായ കേതുവിൻെറ ഉദയം കണ്ടുകഴിഞ്ഞു. ഇതിനെല്ലാം കാരണം ഈ പ്രബന്ധത്തിൻെറ ആരംഭത്തിൽ സൂചിപ്പിച്ചതാവാൻ തരമില്ല. കവികളും കഥാകൃത്തുകളും ജീവിതത്തെ സമഗ്രമായി വീക്ഷിക്കാനും വിമർശിക്കാനും കരുത്തോ ക്ഷമയോ ഇല്ലാത്തവരായി തീർന്നുവെന്നേ ഇതിനർത്ഥമുള്ളു. അവരെഴുതുന്നതു വായിക്കാൻ ആളും നേരവും ഉണ്ടാവില്ലെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. സഹൃദയരും പാരായണോൽസുകരുമായ ഞങ്ങൾക്കു് നിങ്ങൾകവികളോടും കഥാകൃത്തുക്കളോടും മാറും ഒന്നേ പറയാനുള്ളു. നീണ്ടകവിതകളും, നീണ്ട കഥകളും നീണ്ട നാടകങ്ങളും നിങ്ങൾ രചിക്കിൻ! അതെല്ലാം വായിക്കാൻ അക്ഷമയോടെ ഞങ്ങൾ കാത്തിരിക്കുന്നു. ഞങ്ങളെച്ചൊല്ലി നിങ്ങൾ നിസ്സാരാവലയ്ക്കു് ഒരിക്കലും ഒരുങ്ങരുതു്.

—o—


## അത്ഭുതപ്രേമം

കെ. ഗോപാലപിള്ള ബി. ഏ.

അക്ബർചക്രവർത്തിയുടെ കാലത്തു് മുഗൾ കൊട്ടാരത്തിൽ നടന്ന അതിദയനീയമായ ഒരു കഥയാണ് ഇതിലെ കഥാവസ്തു. സൗന്ദര്യധാമവും പ്രേമസ്വരൂപിണിയുമായ കഥാനായിക സലിംരാജകുമാരനുമായി പ്രണയബന്ധത്തിലേർപ്പെടുന്നതും, സൂക്ഷ്മബുദ്ധിയായ ചക്രവർത്തിയിൽനിന്നും അവൾക്കു വന്നുചേരുന്ന ദുരന്തവും കണ്ണീരൊഴുക്കാതെ കഠിനഹൃദയന്മാർക്കുപോലും വായിക്കാൻ കഴികയില്ല.

വില രൂ: ൧.

മാനേജർ,

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.







# പണ്ഡിതജിയുടെ തിരു-കൊച്ചി സന്ദർശനം

പ്രധാനമന്ത്രി പണ്ഡിതനെഹ്റു മെയ് ൩൧-ാംനു ൪ മണിക്കു് വിമാനമാർഗ്ഗം തിരുവനന്തപുരത്തെത്തി. ഏതാനുംസമയം അതിഥിമന്ദിരത്തിൽ വിശ്രമിച്ചിട്ടു് അദ്ദേഹം അന്നുതന്നെ കന്യാകുമാരിക്കു പോകുകയും പിറേറദിവസം രാവിലെ തിരുവനന്തപുരത്തു മടങ്ങിയെത്തുകയും ചെയ്തു. രാജപ്രമുഖൻതിരുമനസ്സുകൊണ്ടു് പണ്ഡിതജിയെ ബഹുമാനിക്കുന്നതിനുവേണ്ടി ഒരു സൽക്കാരവും ബാങ്കപറവും നടത്തുകയുണ്ടായി. ജൂൺ ൧-ാംനു- രാവിലെ അതിഥിമന്ദിരത്തിൽവച്ചു നടന്ന കാൺഗ്രസ്സ്പ്രവർത്തകസമ്മേളനത്തിലും, വൈകുന്നേരം സ്റ്റേഡിയത്തിൽവച്ചു നടന്ന പൊതുയോഗത്തിലും പണ്ഡിതജി ഓരോ ശ്രദ്ധേയമായ പ്രസംഗംചെയ്തു. സ്റ്റേഡിയത്തിലെ പ്രസംഗത്തിൽ ഡാ: മത്തായി താൻ രാജിവയ്ക്കാനുണ്ടായ കാരണം പ്രധാനമന്ത്രിയുമായുള്ള അഭിപ്രായവ്യത്യാസമാണെന്നു പറഞ്ഞിരുന്നതിനു് പണ്ഡിതജി മറുപടി പറയുകയുണ്ടായി. രണ്ടു പ്രസംഗങ്ങളിലും അദ്ദേഹം തിരുവിതാംകൂർ-കൊച്ചിയിലെ പത്രപ്രവർത്തനത്തെ തെററിദ്ധരിച്ചു സംസാരിക്കുവാൻ സംഗതിയായി എന്നുള്ളതൊഴിച്ചാൽ പ്രതീക്ഷയ്ക്കൊത്തവണ്ണംതന്നെ ആയവ വിജ്ഞാപ്രദവും ഇന്നാട്ടിലെ ജനങ്ങൾക്കു മാർഗ്ഗദർശകവും ആയിരുന്നു.

പണ്ഡിതജി ജൂൺ ൨-ാംതീയതി രാവിലെ എറണാകുളത്തിനു പുറപ്പെട്ടു. അന്നുരാവിലെ മേനകാതീയേററിൽവച്ചു നടന്ന കാൺഗ്രസ്സ്പ്രവർത്തകകാൺഫറൻസിൽ അദ്ദേഹം അരമണിക്കൂർ പ്രസംഗിക്കുകയുണ്ടായി. വൈകിട്ടു് കാളേജുഗ്രൌണ്ട്സിൽവച്ചു നടന്ന പൊതുയോഗത്തിലും പണ്ഡിതജി സുദീർഘമായ ഒരു പ്രസംഗംചെയ്തു. അന്നദ്ദേഹം നാവികത്താവളവും മററും സന്ദർശിക്കുകയുണ്ടായി. പ്രധാനമന്ത്രിക്കു കാണുന്നതിനായി വൻതോതിൽ ഒരു വള്ളംകളി ഏർപ്പാടുചെയ്തിരുന്നു. യാത്രചെയ്തിരുന്ന ബോട്ടിന്റെ തട്ടിൽനിന്നുകൊണ്ടു് അദ്ദേഹം വള്ളംകളി ദർശിക്കുകയും, കേരളത്തിനു പ്രത്യേകമായ ഈ വിനോദത്തിൽ അത്യധികം ആഹ്ലാദിക്കുകയും ചെയ്തു.

സർദാർജിയുടെ സന്ദർശനത്തിൽനിന്നു വ്യത്യസ്തമായി പണ്ഡിതനെഹ്റുവിന്റെ സന്ദർശനത്തിനുണ്ടായിരുന്ന ഒരു പ്രത്യേകത ഗവമ്മെൻറുവക്താക്കൾ ഒഴികെ ആക്കും കൂടിക്കാഴ്ച അനുവദിച്ചിരുന്നില്ലെന്നുള്ളതാണു്. അവസാനനിമിഷത്തിൽ കൊല്ലത്തെ ഒരു വ്യവസായപ്രമാണിയും പ്രഭാതം ചീഫ്എഡിററുമായ മി: തങ്ങൾകുഞ്ഞുമുസലിയാക്കു് സന്ദർശനം അനുവദിക്കുകയുണ്ടായി. അദ്ദേഹം തന്റെ ഒരു ഗ്രന്ഥം പണ്ഡിതജിക്കു കാഴ്ചവച്ചു.

കൂടാതെ കാൺഗ്രസ്സ്പ്രവർത്തനങ്ങൾക്കു് പതിനായിരംരൂപാ സംഭാവനയും നൽകി. കൊച്ചീമഹാരാജാവും പണ്ഡിതജിയെ സന്ദർശിക്കുകയുണ്ടായി.

൨-ാംനു- സായാഹ്നത്തിൽ പണ്ഡിതജി ഇൻഡൊനീഷ്യയിലേക്കു യാത്രയായി. ൭-ാംനു- അദ്ദേഹം ഇൻഡോനീഷ്യയിൽ കപ്പലിറങ്ങുകയുംചെയ്തു. വളരെനാളുകളായി പണ്ഡിതജിക്കു ലഭിക്കുന്ന വിശ്രമാവസരമാണു പണ്ഡിതജിയുടെ ഈ യാത്ര. ഭൂമദ്ധ്യരേഖ കടക്കുമ്പോൾ, മാമൂലനുസരിച്ചു പണ്ഡിതജിയെ വിചാരണചെയ്തതും ശിക്ഷിച്ചതും ഇതിനകം വളരെ നേരമ്പോക്കിനു കാരണമായിട്ടുണ്ടല്ലോ.

സർദാർജിയുടെ വരവുസംബന്ധിച്ചു ചെയ്തിരുന്നപ്രകാരമുള്ള എല്ലാ കരുതൽനടപടികളും പണ്ഡിതജിയുടെ വരവുസംബന്ധിച്ചും ചെയ്തിരുന്നു. എന്നാൽ ഇവിടുത്തെ അധികാരികളുടെ സകല പ്രതീക്ഷകളെയും പ്രധാനമന്ത്രി മറികടക്കുകയാണു ചെയ്തതു്. വിമാനത്തിൽനിന്നിറങ്ങിയപ്പോഴെ പട്ടേലിനെ ചൂടിച്ചപോലെ പട്ടുകുട പണ്ഡിതജിയേയും ചൂടിക്കുകയുണ്ടായി. പക്ഷെ അദ്ദേഹം അതു് ഉൽക്കടമായ അവജ്ഞയോടെ തട്ടിമാററിക്കളഞ്ഞു. നിലത്തുവിരിച്ച രത്നക്കമ്പളവും അദ്ദേഹം തെറുത്തുമാററിച്ചു. സർദാർജിയുടെ വരവുസംബന്ധിച്ചുണ്ടായിരുന്നതിനെക്കാൾ ഗംഭീരമായരീതിയിലാണു് ഇരിപ്പിടങ്ങൾ സജ്ജീകരിച്ചിരുന്നതു്. എന്നാൽ ആ സ്വർണ്ണസിംഹാസനങ്ങൾകണ്ടു് അദ്ദേഹം ചോദിച്ചതു് "എന്താ, ഡർബാറിനോ മററോ ഭാവമുണ്ടോ" എന്നാണു്.

തികച്ചും ഒരു ജനകീയനേതാവായിട്ടാണു് പണ്ഡിതജി ഇവിടെ പെരുമാറിയതു്. ഔദ്യോഗികനിലയിൽ ഗാർഡു് ആഫ് ആണർ സ്വീകരിക്കാതെ അദ്ദേഹത്തിനു നിവൃത്തിയില്ലായിരുന്നു.

വിമാനത്താവളത്തിൽ ഇറങ്ങിയ അദ്ദേഹം സന്നിഹിതരായിരുന്നവരുടെകൂട്ടത്തിൽ നിസ്സങ്കോചം ഇറങ്ങിനടക്കുകയും അവരോടു വെടിപറയുകയുംചെയ്തു. തന്റെ ഭാര്യയെയും, ചീഫ്സെക്രട്ടറിയുടെ ഭാര്യയെയും ചീഫ്മിനിസ്റ്റർ പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹം ചോദിക്കുകയുണ്ടായി: "ഇവർ ഭാര്യമാർമാത്രമാണോ, സ്വന്തമായ വ്യക്തിത്വം വല്ലതും ഇവക്കുണ്ടോ" എന്നു്. ഇതു ഭർത്താക്കന്മാരുടെ സ്ഥാനവലിപ്പംമാത്രംകൊണ്ടു് ഉന്നതനിലയിൽവർത്തിക്കുന്ന ഭാര്യമാക്കു് ഒരു സൂചനയാണു്. മറെറാരുസ്ത്രീ ഏതാണെന്നറിയാതെ ചീഫ്മിനിസ്റ്റർ പരുങ്ങുന്നതു കണ്ടപ്പോൾ പണ്ഡിതജി പറഞ്ഞു: "വിഷമിക്കേണ്ടാ, അവരും ആരുടെയെങ്കിലും ഭാര്യ ആയിരിക്കും" എന്നു്. ജിയാളജി പ്രൊഫസറെ പരിചയപ്പെടുത്തിയപ്പോൾ സ്വയം ജിയാളജി എടുത്തു പ്രശസ്തനിലയിൽ ബിരുദംസമ്പാദിച്ച പണ്ഡിതജി പ്രത്യേകം ഔൽസുക്യം പ്രകടിപ്പിക്കുകയുണ്ടായി.

റോഡിൽപോലും നില്ക്കുവാൻ അനുവദിക്കുകയില്ലെന്നറിയാമായിരുന്നിട്ടും പണ്ഡിതജിയുടെ വരവുപ്രമാണിച്ചു് ലക്ഷത്തിലധികം ജനങ്ങൾ വഴിയിൽ കൂടിയിരുന്നു. ശക്തിയായ പോലീസ്കാവൽ വഴിനീളെ ഏർപ്പെടുത്തിയിരുന്നെങ്കിലും വിവരം മനസ്സിലാക്കിയ പണ്ഡിതജി പോലീസുകാരോടു് പൊയ്ക്കൊള്ളാൻ ആജ്ഞാപിക്കുകയും ജനങ്ങൾ യഥേഷ്ടം അടുത്തുവരുവാൻ അനുവദിക്കുകയുമാണുണ്ടായതു്. ഈ വശത്തുതന്നെ നൽകിയിട്ടുള്ള ചിത്രങ്ങളിൽനിന്നു് ജനങ്ങൾ എത്ര അടുത്താണു് നിന്നിരുന്നതെന്നു് കാണാവുന്നതാണു്. വിമാനത്താവളംമുതൽ ഗസ്ററുഹൗസ്വരെയും, അവിടെനിന്നു് കന്യാകുമാരിവരെയും, വീണ്ടും ഗസ്ററുഹൗസിൽനിന്നു സ്റ്റേഡിയംവരെയും അവിടെനിന്നു് തിരിച്ചു ഗസ്ററുഹൗസുവരെയും ജനങ്ങൾക്കു ദർശനം ലഭിക്കുമാറു് പണ്ഡിതജി കാറിൽനിന്നുകൊണ്ടാണു യാത്രചെയ്തതു്. എറണാകുളത്തുവച്ചും അദ്ദേഹം ഈവിധംതന്നെ യാത്രചെയ്തു.

യാത്രയിൽ ആദ്യവസാനം പണ്ഡിതജി വളരെ ഉല്ലാസവാനായിരുന്നതായിട്ടാണു് റിപ്പോർട്ടു്. ഒരിക്കൽപോലും സാധാരണ അദ്ദേഹത്തിനു് ഉണ്ടാകാറുള്ള മുൻകോപം ഉണ്ടായിരുന്നില്ല. സ്വയം ചിരിച്ചും സന്തോഷിച്ചും മററുള്ളവരെ ചിരിപ്പിച്ചും സന്തോഷിപ്പിച്ചും അദ്ദേഹം യാത്ര നിർവ്വഹിച്ചു

വിമാനത്താവളത്തിൽനിന്നു് അദ്ദേഹം വള്ളക്കടവിൽ എത്തിയപ്പോൾ ഏതാനും മുസ്ലീങ്ങൾ അദ്ദേഹത്തെ പ്രത്യേകം താണുവണങ്ങി തങ്ങളുടെ സ്നേഹബഹുമാനങ്ങൾ പ്രകടിപ്പിച്ചതായി അറിയുന്നു. അവിടെനിന്നു യാത്രതുടർന്നു അമ്മച്ചിവീടിനു സമീപമെത്തിയപ്പോൾ അദ്ദേഹം വണ്ടി നിർത്തിക്കുകയും മുകളിലെ നിലയിൽ നിന്നിരുന്ന സ്ത്രീകളെ താഴെവിളിക്കുകയും അവരുടെകൂടെ ഉണ്ടായിരുന്ന ഒരു കുട്ടിയെ എത്തിയെടുക്കുകയും ചെയ്തു. താൻ പത്തൊൻപതുകൊല്ലത്തിനുമുമ്പു് തിരുവനന്തപുരം സന്ദർശിച്ചപ്പോൾ താമസിച്ചിരുന്നതു് ആ വീട്ടിലാണെന്നും അദ്ദേഹം അനുസ്മരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഓർമ്മശക്തി അത്ഭുതമെന്നേ പറയേണ്ടു. അന്നു് അദ്ദേഹം കിഴക്കുനിന്നാണു് യാത്രചെയ്തുവന്നതെന്നും, എതിർവശത്തുനിന്നു യാത്ര ചെയ്തുവന്നിട്ടുപോലും പണ്ടു താമസിച്ചിരുന്ന വീടുകണ്ടറിയുവാൻ അദ്ദേഹത്തിനു് കഴിഞ്ഞുവെന്നുമുള്ളതു് അത്ഭുതകരമായി തോന്നുന്നു.

ചുരുക്കത്തിൽ പണ്ഡിതജിയുടെ തിരുവിതാംകൂർ-കൊച്ചി സന്ദർശനം ഒരു അവിസ്മരണീയസംഭവമാണു്. ഇവിടുത്തെ ജനങ്ങൾക്കു ഉത്സാഹവും, ധൈര്യവുംനൽകുവാൻ അദ്ദേഹത്തിന്റെ സന്ദർശനം തികച്ചും പര്യാപ്തമായിട്ടുണ്ടു്.

മുകളിലത്തെ വരി: പണ്ഡിതനെഹ്റു രാജേന്ദ്രമൈതാനം ജട്ടിയിൽനിന്നു തുറന്ന ജീപ്പിൽ കയറുന്നു. പണ്ഡിതനെഹ്റുവിനെ തിരുവനന്തപുരം വിമാനത്താവളത്തിൽവച്ചു സ്വീകരിച്ചശേഷം രാജപ്രമുഖൻതിരുമനസ്സുകൊണ്ടും ചീഫ്മിനിസ്റ്റർ ശ്രീ. ടി. കെ. നാരായണപിള്ളയും പന്തലിൽവച്ചു് അദ്ദേഹവുമായി കുശലപ്രശ്നം നടത്തുകയുണ്ടായി. പണ്ഡിതജി എറണാകുളം കാളേജ്പ്ലേഗ്രൗണ്ടിൽ പൊതുയോഗത്തിൽ പ്രസംഗിക്കുന്നു. പുത്രി ഇന്ദിര അടുത്തിരിക്കുന്നു.

രണ്ടാമത്തെ വരി:—പണ്ഡിതനെഹ്റുവിനെ വിമാനത്താവളത്തിൽവച്ചു സ്വീകരിച്ചശേഷം നിയമസഭാസ്പീക്കർ ശ്രീ. ടി. എം. വർഗ്ഗീസും തിരുവനന്തപുരം മേയർ ശ്രീ. പി. ഗോവിന്ദൻകുട്ടിനായരും മററുംചേർന്നു് നെഹ്റു പന്തലിലേയ്ക്കുപോകുന്നതു്. സംസ്ഥാനസൈന്യത്തിന്റെ സല്യൂട്ട് പണ്ഡിതനെഹ്റു സ്വീകരിക്കുന്നു. സംസ്ഥാനസൈന്യത്തിന്റെ ഗാർഡു് ആഫ് ആണർ നെഹ്റു പരിശോധിക്കുന്നു.







ചെറുകഥ

# “പറിക്കട്ടെ!”

എസ്. പി. പോത്തനാക്കാട്

“പൂഹേ!”

കയ്യാലക്കൂൽചെന്നു രാമൻനായരൊന്നു കൂവി. “തേവനൊണ്ടോടാ അവിടെ”

“ഉണ്ടേ, ദേവരേണേ തമ്പ്രാനേ.” മാടത്തിൽനിന്നു മറുപടി കേട്ടു. രാമൻനായർ തിരികെവന്നു കാളകളെ അഴിച്ചുവിട്ടു. കല്യാണിഅമ്മ കൊണ്ടുവെച്ചിട്ടുത്ത കരിവെററിലയും പഴൻപാക്കും എല്ലാംകൂട്ടി വല്ലപാട്ടിനുമൊന്നു മുറുക്കി. തൊപ്പിപ്പാളയും വടിയുമെടുത്തു കാളകളെയും അടിച്ചുകൊണ്ടു പാടത്തേക്കിറങ്ങി. “നാം ഇന്നു പോണ്ടാന്നുവെക്ക്, രാത്രി പനിമാന്നില്ലാ” മുററമടിക്കാൻ ചൂലുമായിനിന്ന കല്യാണിഅമ്മ വിലക്കി. “നീയാ കുട്ടപ്പനിങ്ങു വന്നാ അങ്ങുവരാൻപറ. ഞാനങ്ങു ചെന്നില്ലങ്കി പററൂല്ല.”

ആ അദ്ധ്വാനശീലൻ അടുത്തുള്ള പാടത്തേക്കു തന്റെ സഹപ്രവർത്തകരായ കാളകളുമൊത്തിറങ്ങി. അല്പംകഴിഞ്ഞു കലപ്പയും നുകവും ഒരു കരിശാകൃതിയിൽ തോളിലേന്തിക്കൊണ്ടു തേവനും എത്തി. കാളകളെ പൂട്ടി. കലപ്പകൾ നീങ്ങി. പുറകേ അവരും. ഭൂമിയുടെ തലയെഴുത്തുപോലെ ആ ചാലുകൾ അങ്ങു നീണ്ടു നീണ്ടു പോയി.

* * *

ഷഷ്ടിപൂർത്തികഴിഞ്ഞശേഷം എട്ടുപത്താണ്ടുകൂടി കഴിഞ്ഞ ഒരു “യുവാവാ”ണു രാമൻനായർ. യുവാവെന്നു പറയുന്നതിനു പ്രത്യേകകാരണമുണ്ട്. നിർഭയം നിരാശങ്കനായി വീണ്ടും വീണ്ടും പ്രവർത്തിക്കുന്ന ഒരു കാലഘട്ടമാണല്ലോ യൗവനം. കഴിവും തന്റേടവും നശിച്ചു് പരാശ്രയമായിരിക്കുന്നകാലം വാർദ്ധക്യവും. ഈ ദശകളെല്ലാം പരിസരം സൃഷ്ടിക്കുന്നതാണല്ലോ. പ്രായംകൊണ്ടു യുവാവെങ്കിലും പരാശ്രയരായി യാതൊരുജോലിയുംചെയ്യാതെ അലസരായി നടക്കുന്ന എത്രയെത്ര വൃദ്ധന്മാരുണ്ടു നമ്മുടെനാട്ടിൽ—? യാതൊരുജോലിയും ചെയ്യാതെതന്നെ സുഖമായി ജീവിക്കാൻകഴിയുന്ന അവരുടെ സാമ്പത്തികശേഷിയായിരിക്കാം അവരെ ഈ വിധം വൃദ്ധരാക്കിയതു്. വയസ്സായി ജോലിചെയ്യാൻ വയ്യാത്ത—എങ്കിലും ചെയ്യാതിരിക്കാൻ നിവൃത്തിയില്ലാത്ത—അദ്ധ്വാനികളുണ്ടു്. അവർ യുവാക്കന്മാരല്ലെങ്കിൽ പിന്നെ ആരാണു്. അക്കൂട്ടത്തിൽ ഒരാളാണു് രാമൻനായർ.

അയാളുടെപ്രയത്നംകൊണ്ടു് ആറംഗങ്ങളുള്ള ഒരു കുടുംബം പുലരണം. ഞരമ്പുകൾ തെളിഞ്ഞു് തൊലി ചുരുണ്ടുകൂടിയ ആ വൃദ്ധഹസ്തങ്ങളിലെ പരുപരുത്ത തഴമ്പുകളിൽ ആ കുടുംബത്തിന്റെ ഒരു അരശതാബ്ദക്കാലത്തെ സംരക്ഷണചരിത്രം സുവ്യക്തമായിക്കാണാം.

അന്നാട്ടിലെ ഏററവും ദരിദ്രമായ ഒരു കുടുംബത്തിലാണു് രാമൻനായർ ജനിച്ചതു്. ബാല്യത്തിൽ അയാൾക്കു് സ്വന്തമെന്നുപറയാൻ അമ്മയും അച്ഛനും മാത്രമേഉണ്ടായിരുന്നുള്ളു. പത്തുപന്ത്രണ്ടുവയസ്സായതോടെ അവരും അയാളെ ഉപേക്ഷിച്ചു് അങ്ങേലോകത്തേയ്ക്കുപോയി. അയൽപക്കത്തുള്ള മുതലാളിയുടെ പറമ്പു സൂക്ഷിക്കാനയാൾ നിയമിതനായി. മുതലാളിയുടെ പറമ്പിൽ കിടപ്പും. അങ്ങനെയിങ്ങനെ അയാൾ ഓരോ കാളകളെ വാങ്ങി. പലരുടേയും നിലം പങ്കിനംപാട്ടത്തിനുമേററു വിതച്ചുതുടങ്ങി. അതിൽനിന്നയാൾ ഒരു ചെറിയ പുരയിടംവാങ്ങി; അതിൽ ഒരു കുടിൽവച്ചു. താമസം അങ്ങോട്ടുമാററി. കൂട്ടിനൊരു കല്യാണവും കഴിച്ചു. അങ്ങേവീട്ടിലെ കല്യാണിയെ.

ആ കുടിയിൽ അയാൾ ചെയ്യാത്ത കൃഷികളില്ല. തെങ്ങു്, കമുകു്, കപ്പ, കാച്ചിൽ, ചേമ്പു്, ചേന എന്നുവേണ്ട ഒരു സൂചികുത്തുവാൻ സ്ഥലംപോലും വെറുതെ കിടക്കാതെ പല കൃഷികളും അയാൾ ചെയ്തു. അനാവശ്യമായി ഒരു പുല്ലുപോലും ആ വിളവുകളുടെ ഇടയിൽ തല ഉയർത്തുന്നതു് അയാൾക്കു സഹിക്കില്ല. അയാളുടെ ആനന്ദത്തോടൊപ്പം ആ അദ്ധ്വാനശീലന്റെ വളഞ്ഞ നട്ടെല്ലുനോക്കി ആയവ വളർന്നുപൊങ്ങി.

കാലം പറന്നുപോയതു് ആരുമാരും അറിഞ്ഞില്ല. രാമൻനായർ നട്ട തെങ്ങു് ചൊട്ടയിട്ടു. പ്ലാവു് രണ്ടുമൂന്നുകാച്ചു. ആ ദമ്പതികളുടെ മുററത്തു് നാലു കൊച്ചുകാലുകൾ തുള്ളിക്കളിച്ചു. അവരുടെ ആനന്ദഫലമാണതു്. ആശാകേന്ദ്രമാണതു്.

മൂത്തകുട്ടിയാണു് ബാലൻ. ആ പേരു് അടുത്തവീട്ടിലെ ഗുമസ്തൻ നാരായണപിള്ള നിർദ്ദേശിച്ചതാണു്, അവന്റെ അനുജത്തിയാണു ലളിത. അച്ഛനു് ബാലനോടൊരു പ്രത്യേകതയുണ്ടു്. അയാൾ അവനെ വിളിക്കാറു് “കുട്ടപ്പനെ”ന്നാണു്. അവൻ ചാടുന്നതും ഓടുന്നതും കളിക്കുന്നതുമെല്ലാം കിളച്ചുകൊണ്ടിരിക്കുന്ന തൂമ്പ നിലത്തുവച്ചുകൊണ്ടു് നിശ്ചലനായി നോക്കിനിന്നുപോകാറുണ്ടു് ആ പിതാവു്. അച്ഛൻ പയറുനടുന്നതിനു് വാരം പിടിക്കുമ്പോൾ ബാലൻ കുഞ്ഞിക്കൈനിറയെ പയറുവിത്തെടുത്തു് ഓരോന്നോരോന്നായി കുഴിയിലിടും. അച്ഛൻ കിളയ്ക്കുമ്പോൾ അവൻ പുല്ലുപെറുക്കും. കമുകിന്റെ തണ്ടുകൊണ്ടു് തൂമ്പയുണ്ടാക്കി ആ കൊച്ചുമിടുക്കൻ ചിലപ്പോൾ ഒപ്പംനിന്നു കിളയ്ക്കും.

അമ്മ പറയും. “ഓ! ഒരു കിളക്കാരൻ.”

അച്ഛൻ കിളനിർത്തി മകനെ വാരിയെടുത്തു് ഉമ്മവയ്ക്കും.

ആ ദമ്പതികളുടെ ആനന്ദം ഒന്നുരണ്ടുപ്രാവശ്യംകൂടി കല്യാണിഅമ്മയുടെ ഉദരത്തിൽ ഉരുണ്ടുകൂടി. കുട്ടപ്പനു് അനുജത്തികൾ മൂന്നും. വയസ്സു് ഏഴുമായി. അയൽപക്കത്തെ ഗുമസ്തൻ നാരായണപിള്ള കുട്ടപ്പന്റെ നാക്കിൽ ഹരിഃശ്രീ എഴുതി. അവനെ അടുത്തുള്ള പള്ളിക്കൂടത്തിൽ ചേർത്തു.

കാലത്തു പഴങ്കഞ്ഞി കുടിച്ചു വീർത്തവയറിനു മീതേ ഒരു തോർത്തുമുണ്ടുമുടുത്തു് എടുക്കാൻ ഭാരമായ സ്ലേററും പുസ്തകവും പേറി ആ ഉണ്ടച്ചെറുക്കൻ ഉരുണ്ടുരുണ്ടങ്ങനെ സ്കൂളിലേക്കുപോകുന്ന കാഴ്ച കണ്ടുകൊണ്ടു് മാതാപിതാക്കൾ പടിക്കൽ നോക്കിനില്ക്കും.

“മോനേ ജാനകീടെ കൂടേനു മാറരുതേ”

കല്യാണിഅമ്മ വിളിച്ചുപറയും. നാലാം ക്ലാസ്സിൽ പഠിക്കുന്ന അയൽപക്കത്തെ ചെറുക്കൻ ജാനകി.

അവന്റെ വിദ്യാഭ്യാസം അങ്ങനെ ആരംഭിച്ചു. ചിലപ്പോൾ അനുജത്തിമാരെ അടുക്കൽ വിളിച്ചിരുത്തി അവൻ പഠിപ്പിക്കും. Stand Sit എന്നൊക്കെ ആജ്ഞാപിക്കും. സ്ലേററും പെൻസിലും കൊണ്ടുവന്നു ഹാജർ വയ്ക്കും. തലേദിവസം വരാത്ത കുട്ടികൾ ആരൊക്കെയെന്നു പരിശോധിക്കും. കരിക്കട്ടകൊണ്ടു കതകിൽ എഴുതി കാണിച്ചുകൊടുക്കും. ഇതൊക്കെക്കണ്ടു വാത്സല്യനിധികളായ ആ മാതാപിതാക്കൾ ആനന്ദനിർവൃതികൊള്ളും.

പള്ളിക്കൂടംവിട്ടു വീട്ടിൽവന്നാലുടൻ അന്നു പള്ളിക്കൂടത്തിൽ നടന്ന കാര്യങ്ങൾ—അന്നു പഠിപ്പിച്ചതു ഒക്കെ പറയുകയായി. ഭൂമി ഉരുണ്ടതാണു്. അതു കറങ്ങുമെന്നൊക്കെ. ഒരു സ്ഥലത്തുനിന്നു എങ്ങോട്ടെങ്കിലും പോയാൽ അവിടെ തന്നെ തിരിച്ചെത്തുന്നതു് ഭൂമി ഉരുണ്ടതായതുകൊണ്ടാണു്. അച്ഛൻ ചന്തയ്ക്കു പോകുന്നതു അവൻ പള്ളിക്കൂടത്തിൽ പോകുന്നതു ഇതെല്ലാം അതിനുദാഹരണങ്ങളാണു് എന്നൊക്കെ പ്രസംഗിക്കയായി. അവർക്കു യാതൊരു അറിവും ഇല്ലാതിരുന്ന ഈ വക കാര്യങ്ങൾ മകൻ പഠിച്ചിരിക്കുന്നതിൽ അവർ അഭിമാനംകൊണ്ടു. നിത്യവൃത്തിക്കുള്ള വ്യഗ്രതയിൽനിന്നു ഒഴിഞ്ഞുമാറി അവർ ഇതുകേട്ടു നിന്നുപോകാറുണ്ടു്.

കാലചക്രത്തിന്റെ കറക്കത്തിനിടയിൽ മാസങ്ങളും വർഷങ്ങളും പിന്നിലായി. കുട്ടപ്പൻ ഉണ്ടു്. വിലയുണ്ടു്…. ചിലർ പറയാറുണ്ടു്. അയാൾ സാധുക്കളെ തട്ടിപ്പറിച്ചാണീ സ്വത്തുനേടിയതെന്നു: കള്ളയാധാരവും കള്ളക്കണക്കും കൊണ്ടാണെന്നു……എയ്. അങ്ങനെ വരില്ല……അങ്ങനെയാണോ എന്നാലേ?—എന്തു് അഭികാമ്യമായ നിലയാണയാൾക്കുള്ളതു്.

കുട്ടപ്പനും അങ്ങനെ ഒരു നിലയിലെത്തിച്ചേരുന്നകാലത്തെക്കുറിച്ചു സ്വപ്നംകണ്ടുകൊണ്ടാണു് രാമൻനായർ വീട്ടിലെത്തിയതു്. അയാൾ കല്യാണിഅമ്മയെ വിളിച്ചുപറഞ്ഞു. “എടീ നമുക്കു കുട്ടപ്പനെ പഠിപ്പിക്കണം. അവനങ്ങു പഠിക്കട്ടെ. പഠിച്ചുപഠിച്ചു കേമനാവുമ്പോൾ നമ്മുടെ ഈ കഷ്ടപ്പാടൊക്കെത്തീരും.

കുട്ടപ്പനെ വീണ്ടും സ്കൂളിലാക്കി അതോടെ അവരുടെ കഷ്ടപ്പാടും ഇരട്ടിച്ചു.

വിളവുവിററാ വായ്പവാങ്ങിയോ ഫീസ് എല്ലാ ഫെബ്രുവരിയും രാമൻനായർ കൊടുത്തുവന്നു. അവനു് ഒരുടുപ്പും ശീലക്കുടയും ഉണ്ടാക്കിക്കൊടുക്കുന്നതിനു് നാരായണപിള്ളയോടു ഹാൻഡ് ലോൺ കടംവാങ്ങേണ്ടിവന്നു. അങ്ങനെ കുട്ടപ്പനു് മററുകുട്ടികളുടെ മുമ്പിൽ ഒരിക്കലും ഇല്ലാത്ത ചമഞ്ഞേണ്ടിവന്നില്ല.

അവൻ മിഡിൽസ്കൂളിൽനിന്നും ഹൈസ്കൂളിലേക്കുയർന്നു ചെലവു ഇരട്ടിച്ചു. ഒന്നിന്റെയെങ്കിലും കണ്ണുതെളിയട്ടെ എന്നു രാമൻനായരും കരുതി. പക്ഷെ അതിനുവേണ്ടി സ്വന്തമായ നിലം അന്യാധീനപ്പെട്ടു. നാരായണപിള്ളക്കു പണയമെഴുതേണ്ടിവന്നു. ഒരു വർഷം കഴിഞ്ഞു കടംതീർത്തു ഒഴിപ്പിക്കാമല്ലോ.

എന്തിനു്? സാമാന്യം കാലക്ഷേപത്തിനു വകയുണ്ടായിരുന്ന ആ കർഷകകുടുംബം നിത്യദാരിദ്ര്യത്തിലേക്കു് ആണ്ടുപോയി. ബാല്യംമുതൽ തന്റെ നിതാന്തസഹകാരികളായ കാളകളുമൊത്തു അന്യന്റെ പാട്ടനിലത്തിറങ്ങേണ്ട ഭാഗ്യദോഷം രാമൻനായർക്കു രണ്ടാമതും ആവിർഭവിച്ചു.

“രാഹുവിന്റെ അപഹാരമാ! കുറേനാളത്തേക്കുകൂടിയേ ഉള്ളു” ജ്യോതിഷക്കാരൻ കണിയാർ അയാളെ സമാശ്വസിപ്പിച്ചു.

“അപ്പോഴേക്കും കുട്ടപ്പന്റെ പഠിത്തവും നില്ക്കും. കഷ്ടപ്പാടുംതീരും” അയാൾ സമാശ്വസിച്ചു.

കുട്ടപ്പന്റെ പഠിത്തമൊരുവിധമവസാനിച്ചു. അയാൾ സ്കൂൾഫൈനൽ പരീക്ഷ നാലിൽനിന്നു ജയിച്ചു. രാമൻനായർ നാലുപത്തും കടന്നു.

“പഠിത്തമങ്ങു നിർത്തിക്കളെ” അമ്മ ഉപദേശിച്ചു. പക്ഷെ കുട്ടപ്പനതു ഇഷ്ടമായിരുന്നില്ല. ക്ലാസ്സിൽവച്ചു വാദ്ധ്യാർ ഇനിയും പഠിക്കാൻപോകുന്നവരോടു് എഴുന്നേൽക്കാൻ പറഞ്ഞതും മററു പലരുടെയുംകൂടെ അവൻ എഴുന്നേററതും അടുത്ത സ്കൂളിലെ കൂടുതൽ വിശേഷങ്ങളെക്കുറിച്ചുമൊക്കെ അവൻ വിവരിച്ചു. പതിനെട്ടുചക്രം ഫീസുണ്ടാക്കണം. അത്രയല്ലേ വേണ്ടു. രാമൻനായരും മകന്റെ പക്ഷം മൂളി.

അയാൾ നാരായണപിള്ളയോടു ചോദിച്ചു. നാരായണപിള്ള കുട്ടപ്പന്റെ ആദ്യഗുരുവാണു്. പോരാത്തതിനു ഇതുപോലുള്ള ഏതു സംശയവും തീർക്കുന്നതിനു അന്നാട്ടുകാർക്കുള്ള ഏകാവലംബം ഗുമസ്തൻ നാരായണപിള്ളയാണു്. അന്നാട്ടുകാർ പറയാറുണ്ടു് ഇന്നാട്ടിലെ “കണ്ണറിയാവുന്ന ഒരാൾ” അയാൾ മാത്രമാണെന്നു്. “എന്തുപറഞ്ഞ പിള്ളേ? അവനാണെങ്കി പഠിക്കാമ്പോവാനൊരു നിർബ്ബന്ധം. അവന്റെ അമ്മയാണെങ്കി ഒട്ടു സമ്മതിക്കുന്നുമില്ല.

അങ്ങുപഠിപ്പിക്കു രാമൻനായരെ! അവനെക്കൊണ്ടിപ്പം എന്താ വീട്ടില് ജോലി—? ഒന്നിന്റെയെങ്കിലും കണ്ണുതെളിയട്ടെ”

രാമൻനായരും ആലോചിച്ചുനോക്കിയപ്പോൾ കാര്യം ശരിയാണു്. നാരായണപിള്ളയെത്തന്നെ നോക്കു. തൂമ്പയോ വാക്കത്തിയോ അയാൾ ജനിച്ചതിനുശേഷം തൊട്ടിട്ടില്ല. ആ പേനത്തുമ്പിൽക്കൂടിയാണു് അയാൾക്കീനില വന്നുചേർന്നതു്. വേണ്ടിടത്തോളം സമ്പാദിച്ചിട്ടുണ്ടു്. പണമായിട്ടുതന്നെ ഒരു നല്ലതുക അയാളുടെ കൈവശമുണ്ടു്. ഒരഞ്ചുകൊല്ലത്തിനകം അവിടെ നടന്നിട്ടുള്ള തീറാധാരങ്ങളിൽ എഴുപത്തഞ്ചുശതമാനവും നാരായണപിള്ളയുടെ പേർക്കുള്ളതാണു്. അയാൾ എത്ര എത്ര പേർക്കു പണം കടമായി കൊടുക്കുന്നുണ്ടു്. താൻതന്നെ ഇരുപത്തഞ്ചുരൂപയോളം കൊടുക്കാനുണ്ടല്ലോ. സ്കൂൾ ഇൻസ്പെക്ടറോ പാർവത്യകാരനോ അന്നാട്ടിൽ വന്നാൽ അയാളുടെ വീട്ടിലാണു് ഊണുകഴിക്കുക. പോലീസുകാർക്കുപോലും ഗുമസ്തൻ നാരായണപിള്ളയെ വലിയ കാര്യമാണു്. തന്നെപ്പോലുള്ളവർ പോലീസുകാരുടെ മുമ്പിൽ മുണ്ടരയിൽകെട്ടി വായുംപൊത്തി ഓഛാനിച്ചു നില്ക്കാൻമാത്രം കഴിവുള്ളവരാണല്ലോ. പക്ഷെ അയാളോ……അയാൾക്കൊരു നല്ല നിലയു പാസ്സായി. അതോടെ രാഹുവിന്റെ അപഹാരമവസാനിച്ചെന്നു് കണിയാരും വിധിച്ചു.

അലക്കിത്തേച്ച വേഷവുമണിഞ്ഞു സ്കൂളിൽ പോയി കൂട്ടുകാരുമൊത്തു കളിച്ചു നടന്നിട്ടുള്ള കുട്ടപ്പനു് വീട്ടിലെ ജീവിതം വെറുപ്പുണ്ടാക്കി. വൃത്തികെട്ട വീടും പരിസരങ്ങളും ആ വെറുപ്പിനെ ഇരട്ടിയാക്കി. നാഗരികത തൊട്ടുതെറിച്ചിട്ടില്ലാത്ത അന്നാട്ടുകാരുമായി സംസർഗ്ഗം ചെയ്യുന്നതുതന്നെ ഒരു ഭ്രഷ്ടായി അവൻ കണക്കാക്കി. രാവിലെ ഉണർന്നാലുടൻ കുളികഴിഞ്ഞു് വൃത്തിയായ വസ്ത്രങ്ങൾധരിച്ചു അടുത്തുള്ള പട്ടണത്തിൽ പോയിരിക്കും. ഊണുകഴിക്കവാനുള്ള സമയമാകുന്നതുവരെ അവിടെ വായനശാലയിലോ ചായക്കടയിലോ ഇരുന്നു സമയം കഴിക്കും. വീട്ടിൽ വന്നു ഊണുകഴിഞ്ഞ ഉടൻ വീണ്ടും പോകും. വൈകിട്ടു തിരികെ വരുന്നതു് രണ്ടുമൂന്നു നോവലുകളുമായായിരിക്കും. രാത്രിയിലിരുന്നു ആ പുസ്തകങ്ങൾ വായനതന്നെ. ഇതാണയാളുടെ ദിനചര്യ. അച്ഛനെ തന്റെ ജോലിയിൽ സഹായിക്കുന്നതിനയാൾ കൂട്ടാക്കിയില്ല. ആരോടുമയാൾ സംസാരിക്കാറില്ല. സക്കീട്ടും വായനയുംതന്നെ.

‘പഠിത്തം കഴിഞ്ഞ’ കുട്ടപ്പന്റെ ഈ തലതിരിഞ്ഞപോക്കു് രാമൻനായരെ കൂടുതൽ കഷ്ടപ്പെടുത്തി. വെറുതെ വായനശാലയിലും ചായക്കടയിലും തെണ്ടുന്ന യുവാവായ മകനുകൂടി ചെലവിനന്വേഷിക്കേണ്ട ഭാരം ആ വൃദ്ധന്റെ തലയിൽ വന്നുകൂടി. രാമൻനായർ രാവിലെ പാടത്തേക്കും കുട്ടപ്പൻപട്ടണത്തിലേക്കും പോകുന്നതു മിക്കവാറും ഒരേസമയത്താണു്.

പലപ്പോഴും അച്ഛൻ പാടത്തുനിന്നു പണിയുമ്പോൾ മകൻ ആ വരമ്പിൽക്കൂടെതന്നെ കടന്നുപോകാറുണ്ടു്. ആദ്യകാലത്തു അതിലെ കടന്നുപോകുന്നവനും അതു കാണുന്നവനായ പിതാവിനും കുറെ വിഷമമായിരുന്നു. കുറെ കഴിഞ്ഞപ്പോൾ അതു് ഇരുകൂട്ടർക്കും ഒരു തഴക്കമായി തീരുകയുംചെയ്തു.

“നീയിങ്ങനെ എഴുതാനും വായിക്കാനും മാത്രം നടന്നാ എങ്ങനെ ചെലവുകഴിയും മക്കളെ! കാലത്തും വൈകിട്ടും സ്വല്പം ജോലിചെയ്താൽ അതു് അച്ഛനൊരു സഹായമാകില്ലേ കുട്ടപ്പാ!”

അമ്മയും അച്ഛനും അവനോടു് വീണ്ടും വീണ്ടും ആവർത്തിച്ചിട്ടുള്ളതാണീയത്നം. പക്ഷേ അവനതു ചെവിക്കൊണ്ടില്ല.

അങ്ങനെ ആ പാവപ്പെട്ട വൃദ്ധന്റെ പ്രയത്നത്തിന്റെ അംശം പററിക്കൊണ്ടു് ആ യുവാവു് തന്റെ നാഗരീകത്വം പുലർത്തിപ്പോന്നു.

അച്ഛൻ കടംവാങ്ങിക്കൊണ്ടുവന്നിട്ടുള്ള മണ്ണെണ്ണകത്തിച്ചു് ആ വിദ്വാൻ വെണ്മണിയുടേയും ചന്തുമേനവന്റേയും സാഹിത്യങ്ങൾ വായിച്ചു രസിച്ചുവന്നു: ആ കൊച്ചുവിളക്കിന്റെ പ്രകാശത്തിൽത്തന്നെ അയാൾ ലെനിന്റെയും ട്രോട്സ്കിയുടെയും ആദർശങ്ങൾ വായിച്ചുപഠിച്ചുവന്നു.

“മോനേ! ഒന്നൊക്കെ വായിച്ചേടാ!”

നിലത്തു കീറപ്പായവിരിച്ചു് ക്ലേശഭാരങ്ങളോർത്തു് ചിന്തിച്ചുകിടന്ന രാമൻനായർ മകനോടു പറഞ്ഞു.

“മനുഷ്യന്റെ പുരോഗമനം അവന്റെ പ്രവർത്തനത്തിന്റെ ചരിത്രമാണു്……പ്രവർത്തിക്കാത്തവനു് പ്രവർത്തനഫലത്തിനവകാശമില്ല………” ഇങ്ങനെ അവൻ തുടർന്നു. ഒരക്ഷരം ആ പിതാവിനുമനസ്സിലായില്ല. അങ്ങനെ ദിവസങ്ങൾ ഇഴഞ്ഞിഴഞ്ഞു നീങ്ങി.

* * *

ഇടവപ്പാതിക്കാലം. നല്ല മുട്ടൻമഴ. രാമൻനായർ മഴനനഞ്ഞുനിന്നു കിളയ്ക്കുകയാണു്. തേവൻ അടുത്തുതന്നെ ഉഴവുന്നുണ്ടു്. നാളെ വിതയ്ക്കാനുള്ള നിലമാണതു്. രാമൻനായർ കിളനിർത്തി. മഴയും മാറി. അയാൾ വീട്ടിൽവന്നു പിഴിഞ്ഞുതോർത്തി. ഒരു വല്ലാത്ത കുളിരു തോന്നി. മൂടിപ്പുതച്ചു് കട്ടിലിൽകയറി അയാൾ കിടന്നു. കല്യാണിഅമ്മ ദേഹത്തുപിടിച്ചുനോക്കി. അവൾ ഞെട്ടി പിന്മാറി. പനി! തീക്കട്ടപോലെ പൊള്ളുന്ന പനി!

കുട്ടപ്പനിനിയും വന്നിട്ടില്ല. കല്യാണിഅമ്മ കുരുമുളകുവെള്ളം തിളപ്പിച്ചു രാമൻനായർക്കു കൊടുത്തു.

“കുട്ടപ്പൻ വന്നോ കല്യാണി” പനിയുടെ ശബ്ദംമൂലം പതറുന്ന ശബ്ദത്തോടെ അയാൾ ചോദിച്ചു.

അവനിപ്പം വരും. അനങ്ങാതെ അവിടെ കിടന്നാട്ടെ. ആയാസപ്പെടരുതു്.”

“പാടം നാളെ വിതയ്ക്കാനുള്ളതാ. നീയൊന്നു പറഞ്ഞെ. ഏററില്ലങ്കി-കാര്യമൊന്നും നടപ്പില്ല.”

“വിതയൊക്കെ ചാക്കോമാപ്പിള നടത്തിക്കൊള്ളും. അയാളെയും നമ്മളിതുപോലെ സഹായിച്ചിട്ടുള്ളതല്ലേ.”

ഉവ്വുവ്വ്! അവരൊക്കെ നന്ദികെട്ട കൂട്ടരാ! ഇന്നാളു് ഉഴുതോണ്ടുനിക്കുവാ. പെട്ടെന്നൊരു പരവേശം. അവനോടൊന്നു കലപ്പ പിടിക്കുവാൻ പറഞ്ഞു. അവൻ കൂട്ടാക്കിയില്ല. നന്ദികെട്ടവൻ.”

ചാക്കോമാപ്പിളയുടെ കൃതഘ്നതയിൽ രാമൻനായർ അരിശപ്പെട്ടു.

അകലെ പാടത്തിന്റെ വരമ്പത്തുകൂടി കുട്ടപ്പൻ ഒരു പുസ്തകവും വായിച്ചുകൊണ്ടു നടന്നുവരുകയായിരുന്നു. അവൻ വീട്ടിൽ വന്നു കയറി.

“എന്തൊരു വായനയാ മക്കളേ ഇതു്, നടക്കുമ്പോഴും കിടക്കുമ്പോഴും എല്ലാം.”

അവനൊന്നും മിണ്ടിയില്ല. മുറിയിൽകയറി അച്ഛന്റെ അടുത്തുചെന്നു. “നീയിങ്ങനാകുമെന്നു ഞാൻ സ്വപ്നത്തിൽക്കൂടി വിചാരിച്ചില്ല മകനേ! എനിക്കാണെങ്കി വയസായി. നീയാണെങ്കി ഇങ്ങനേം”

ആ പിതാവിന്റെ തൊണ്ടയിടറി.

* * *

രാമൻനായരുടെ പനി വർദ്ധിച്ചു. പിറേറന്നു രാവിലെ ആ ദേഹി ആ ശരീരമുപേക്ഷിച്ചു് എങ്ങോ പറന്നൊളിച്ചു. കുഞ്ഞുങ്ങളും തള്ളയും വാവിട്ടു കരഞ്ഞു. അടുത്ത മുറിയിൽ ഒരു കസേരയിലിരുന്നു സ്കോട്ടിന്റെ വീരപരാക്രമങ്ങൾ വായിച്ചുകൊണ്ടിരുന്ന കുട്ടപ്പൻ നിലവിളികേട്ടു് അടുത്ത മുറിയിലോടിയെത്തി. അവനെ പുലർത്തിയിരുന്ന ആ കൈകൾ മരവിച്ചുകഴിഞ്ഞു………വിവരമറിഞ്ഞു് എല്ലാവരും അനുശോചിച്ചു. അസ്ഥാനത്തുള്ള അനുശോചനം………

നാലുമണിയോടുകൂടി ശവദാഹം കഴിഞ്ഞു. എല്ലാവരും പിരിഞ്ഞു.

അന്നു വിതയ്ക്കേണ്ട മുളവന്ന വിത്തു് മണ്ണിനെപ്രതീക്ഷിച്ചു് ആ മുറിയുടെ മൂലയിൽ കിടപ്പുണ്ടു്. താഴെ ഒരുക്കിയിട്ടിരിക്കുന്ന നിലം വിത്തു പ്രതീക്ഷിച്ചു് ആകർഷകഗൃഹത്തിലേക്കു നോക്കുന്നുണ്ടു്………കുട്ടപ്പന്റെ മനംചുട്ട ഒരു നെടുവീർപ്പു് ആകാശത്തിൽ വിലയിച്ചു.

കരച്ചിലും കണ്ണുനീരുമായി ആ വീട്ടു് ദിവസങ്ങൾ തള്ളിനീക്കി. കുട്ടപ്പൻ വായനശാലയിൽ പോയിട്ടു നാളഞ്ചാറായി. ഇനി ആ വീടു പുലർത്തുവാനവനല്ലാതാരാണു്.

“പാവം കൊച്ചൻ! പഠിച്ചുനടന്ന അവനെങ്ങനെയക്കുടുംബം പുലർത്തും”. ചിലർ അവന്റെ സങ്കടത്തിൽ പങ്കുകൊണ്ടു.

“കൊച്ചനോ! പത്തിരുപതുവയസ്സായ അവനാ കൊച്ചൻ—? അവനാ അയാളെ കൊന്നതു്………പാവം! തന്നത്താൻ പാടത്തുനിന്നു പണിയുന്നതുകണ്ടാൽ സങ്കടംതോന്നും. ആ സമയത്തവൻ ചായക്കടതെണ്ടുകാരുന്നു “ഇനി പഠിക്കട്ടെ” അപരൻ അരിശപ്പെട്ടു.

കുട്ടപ്പൻ യാദൃച്ഛികമായതു കേട്ടു. അവന്റെ മനസ്സിലതു് ആഞ്ഞുതറച്ചു. അതേ അ-

# ആയുർവ്വേദവും ക്ഷീരപാന ചികിത്സയും

ആയുർവ്വേദതത്വങ്ങളിൽ അധിഷ്ഠിതമായ ഒരു ചികിത്സാപദ്ധതിയാണു ക്ഷീരപാനം; എന്നാൽ ആധുനികരീതിയിൽ പരിഷ്കരിച്ചു വളരെ ഫലപ്രദവും, പ്രായോഗികവുമാക്കിയിട്ടുള്ള ക്ഷീരപാനചികിത്സാസമ്പ്രദായം ഇതര ചികിത്സകന്മാരെപ്പോലെതന്നെ സാധാരണ ആയുർവ്വേദവിദഗ്ദ്ധന്മാക്കും അജ്ഞാതമായിട്ടാണിരിക്കുന്നതു്. ഭാരതഭൂമി തത്വസന്താനങ്ങളെ പ്രസവിച്ചിട്ടുള്ളതല്ലാതെ വളർത്തി ഫലമെടുക്കുന്നില്ലെന്നുള്ളതാണു് അതിന്റെ കാരണം. ഏതായാലും സ്വാതന്ത്ര്യഭാരതം അതിന്റെ പഴയ കലവറകളിൽ കടന്നു തത്വാർത്ഥങ്ങൾ തിരഞ്ഞുതുടങ്ങിയിരിക്കയാണല്ലോ. ഈ സന്ദർഭത്തിൽ ആയുർവ്വേദത്തിൽ തത്വമായിമാത്രം തെളിഞ്ഞുകിടന്നതും, എന്നാൽ പാശ്ചാത്യഭിഷഗ്വരന്മാർ ഗവേഷണം നടത്തി കണ്ടുപിടിച്ചു ആധുനികരീതിയിൽ മേന്മപെടുത്തി പ്രയോഗിച്ചുവരുന്നതുമായ ഈ ചികിത്സയുടെ പൂർണ്ണരൂപം ഗ്രഹിക്കുന്നതു ചികിത്സകനും രോഗിക്കും ഒരുപോലെ ഗുണപ്രദമാണു്. അതിനാൽ അതേപ്പറ്റി ഒരു സംക്ഷിപ്ത വിവരണം കൊടുക്കുന്നു.

ഇതു് ഒരു സർവ്വരോഗചികിത്സയല്ല. സ്ഥായിരോഗങ്ങളിൽ (Choronic Diseases) മാത്രം പ്രായോഗികവും ഫലപ്രദവും ആയ ഒരു പദ്ധതിയാണു്. സ്നേഹപാനം, ഞവരക്കിഴി, പിഴിച്ചിൽ മുതലായവ നടത്തുന്ന രോഗാവസ്ഥകളിൽ പലതിലും ഇതു കൂടുതൽ ഫലപ്രദമെന്നു് പ്രയോഗിച്ചുനോക്കിയാൽ അനുഭവപ്പെടും.

പ്രാരംഭചികിത്സ, പൂർണ്ണചികിത്സ, ചികിത്സാവിരാമം, ഇങ്ങിനെ മൂന്നു ഘട്ടങ്ങളായാണു ക്ഷീരപാനം പൂർത്തിയാകുന്നതു്. പ്രാരംഭത്തിൽ ഏതാനും ദിവസം കഴിവനുസരിച്ചു ഉപവാസവും, അതോടുകൂടിത്തന്നെ ആവണക്കെണ്ണ കുടിച്ചോ, വസ്തിവെച്ചോ വയറിളക്കി ഉദരശുദ്ധി വരുത്തുകയും ചെയ്യുന്നു. ഈ പ്രാരംഭപടി കഴിഞ്ഞു രോഗി സ്വസ്ഥചിത്തനായി സുഖശയ്യയിൽ പൂർണ്ണവിശ്രമമെടുക്കുന്നു. പരിചാരകൻ പരിശുദ്ധമായ പാൽ ക്ലിപ്ത അളവിൽ നിശ്ചിതസമയമിടവിട്ടു് ഔൺസ്ഗ്ലാസിൽ എടുത്തു കൊടുക്കുന്നു. ഈ പാൽ കുഞ്ഞുങ്ങൾ ഉറുഞ്ചുന്ന മാതിരിയിൽ തുള്ളിതുള്ളിയായി രോഗി കിടന്നുകൊണ്ടുതന്നെ കുടിക്കുന്നു. ഈ വിധത്തിൽ അഞ്ചു് ഔൺസ് പാൽ കുടിക്കുന്നതിനു സാമാന്യം പതിനഞ്ചുമിനിട്ടെങ്കിലും വേണം. ആദ്യം മൂന്നുമണിക്കൂർ, പിന്നീടു രണ്ടു്, ഒന്നു്, ഒടുവിൽ അരമണിക്കൂർ ഇടയിൽ അവരവരുടെ തോതനുസരിച്ചു നിശ്ചയിക്കുന്ന അളവിൽ പാൽ ക്രമംതെററാതെ കുടിച്ചുകൊണ്ടിരിക്കും. അരമണിക്കൂർ ക്രമത്തിലായാൽ പിന്നെ പൂർണ്ണചികിത്സയായി. ഇങ്ങനെ നാല്പത്തഞ്ചുദിവസം തുടരുന്നതു് ഒരു "പൂർണ്ണവിരാമചികിത്സ"യാകും. അതിന്റെ പകുതി മൂന്നു നാലു് ആഴ്ചകൊണ്ടു നിർത്തുന്നതു് "അർദ്ധവിരാമചികിത്സ"യും ആണു്. സുസാദ്ധ്യരോഗങ്ങൾക്കു് "അർദ്ധവിരാമവും" കൃച്ഛ്റസാദ്ധ്യരോഗങ്ങൾക്കു "പൂർണ്ണവിരാമവും" അസാദ്ധ്യങ്ങൾക്കു "പല പൂർണ്ണവിരാമവും" നടത്തേണ്ടിവരും.

ചികിത്സ നിർത്തുന്ന വിരാമഘട്ടവും തുടസ്സംപോലെ പാൽ ക്രമത്തിൽ കുറച്ചും അതിനനുസരിച്ചു ഘനാഹാരം കഴിച്ചും, ഒരാഴ്ചയിൽ അധികം ദിവസംകൊണ്ടു ക്രമത്തിൽ സാധാരണ ദിനചര്യയിൽ എത്തുന്നു.

ചികിത്സാദിവസങ്ങളിൽ രാവിലെ പത്തുമണിക്കു് ഒരു ഉഷ്ണജസ്നാനമുണ്ടു; ഒരു തോണിനിറയെ രക്തച്ചൂടിലുള്ള വെള്ളമൊഴിച്ചു അതിലിറങ്ങി അനങ്ങാതെ പൊങ്ങുതടിപോലെ കിടക്കുകയാണതിന്റെ സമ്പ്രദായം. വാതവിഷങ്ങളും മററു ദുഷ്ടുകളും, ബഹിഷ്കരിക്കപ്പെടുന്നതിനും, രക്തഓട്ടം ക്രമപ്പെടുത്തുന്നതിനും, ഈ സ്നാനം സഹായകരമാകുന്നു. ഇതു് പതിനഞ്ചുമിനിട്ടു തുടങ്ങി അഞ്ചുമിനിട്ടുവീതം ദിവസവും വർദ്ധിപ്പിച്ചു് ഒരു മണിക്കൂർവരെയാകും; പിന്നെ കൂടുകയില്ല; വിരാമഘട്ടത്തിലും അതുപോലെ കുളിയുടെ സമയം ക്രമത്തിൽ കുറച്ചു് പതിനഞ്ചുമിനിട്ടു ആക്കിനിറുത്തുന്നു.

ചികിത്സാകാലത്തിനിടയ്ക്കു് വിശേഷിച്ചും ആദ്യഅവസരങ്ങളിൽ മുൻപു് ഉണ്ടായിട്ടുള്ള രോഗങ്ങൾ എല്ലാം ഒന്നിളകുന്നതും, അതാതിനു് വിധിച്ചിരിക്കുന്ന പ്രതിവിധികളെക്കൊണ്ടു് താനെ ശമിക്കുന്നതും, അതോടുകൂടി ആ രോഗം എന്നേന്നേക്കുമായി നീങ്ങുന്നതുമാണു്. എല്ലാംവിധ നിയമങ്ങളും അനുഷ്ഠിച്ചുകൊണ്ടു് വിധിപ്രകാരം ഈ ചികിത്സ നടത്തിയാൽ നാഴിപ്പാൽ ദഹിക്കാത്തവർക്കും യാതൊരു ഔഷധസഹായവുംകൂടാതെ ദിവസം നാലടങ്ങഴിപാൽവരെ ദഹിപ്പിക്കാൻ കഴിയുമെന്നു് അനുഭവപ്പെടും; അതിനനുസരിച്ചു് ഓജസ്സും, ശരീരപുഷ്ടിയും ലഭിക്കുകയും, അതോടുകൂടി രോഗങ്ങളെല്ലാം താനെ വിട്ടുമാറുകയും ചെയ്യുമെന്നുള്ളതാണു് ഈ തത്വം.

ഈ സമ്പ്രദായം ആയുർവ്വേദവിധികളിൽ എങ്ങനെ കാണുന്നുവെന്നു നോക്കാം. ആയുർവ്വേദചികിത്സയിൽ ലംഘനം ബൃംഹണം രണ്ടു പ്രയോഗവിധികളുണ്ടല്ലോ. ലംഘനംകൊണ്ടു്, ശോധനവും, ബൃംഹണംകൊണ്ടു ഓജോവർദ്ധനവുമാണല്ലോ സാധിക്കുന്നതു്. ലംഘനംകൊണ്ടു ക്ഷീണിച്ചുതളർന്ന ശരീരത്തെ അടുത്തപടിയായി ബൃംഹണംകൊണ്ടു പുഷ്ടിപ്പെടുത്തുകയാണു് ക്ഷീരപാനചികിത്സയിൽ സാധിക്കുന്നതു്. ഉപവാസത്തെപ്പററി ആയുർവ്വേദത്തിൽ,

ലംഘനേ ക്ഷയിതേ ദോഷേ
  ദീപ്തേഗ്നൗ ലാഘവേ സതി
സ്വാസ്ഥ്യം ക്ഷുത് തൃഡ് രുചി പക്തിർ
  ബലമോജശ്ച ജായതേ

ഉപവാസംകൊണ്ടു ദോഷം ക്ഷയിക്കുകയും, അഗ്നി ദീപിക്കയും, ശരീരത്തിനു ലാഘവം ഉണ്ടാകയുംചെയ്യുമ്പോൾ സ്വാസ്ഥത, വിശപ്പു്, തണ്ണീർദാഹം, ആഹാരത്തിൽ രുചി, വചനശക്തി, ബലം, ഓജസ്സു് ഇവ ഉണ്ടാകുന്നു എന്നും,

ഉപശേഷം പാൽപ്രയോഗിക്കുന്നതിനെപ്പററി: —

"തദാപൂർലംഘനേ തപ്തം
  പ്ളുഷ്ടം വനമിവാഗ്നിനാ
ദിവ്യാംബു ജീവയേത്തസ്യ
  ജ്വരം മാശ്രുന യച്ഛതി."

പാൽ ലംഘനപ്രയോഗത്താൽ ശുഷ്കമായ ശരീരത്തെ, കാട്ടുതീപിടിച്ചു വെന്തുപോയ വനത്തെ മഴവെള്ളം എന്നപോലെ ജീവിപ്പിക്കും എന്നും വിധിച്ചിരിക്കുന്നതു ധരിക്കുമ്പോൾ ക്ഷീരപാനം ആയുർവ്വേദത്തിനു പുറത്തുള്ളതല്ലെന്നും കാണാം. കൂടാതെ.—

പ്രയോഗാണാം ച സർവ്വേഷാം
  മനക്ഷീരം പ്രയോജയേത്
ദൈഹ്യകൃൽസർവ്വധാതൂനാം
  ബല്യം ദോഷാനബന്ധകൃൽ
ദോഷജാംപചിനാംഗാനാം ക്ഷീ-
  രമേവാമൃതായതെ."

എല്ലാംവിധ ശോധനാദിപ്രയോഗങ്ങൾക്കും ശേഷം പാൽ കൊടുക്കണം. (ക്ഷീരപാനചികിത്സയിൽ ശോധനാദിപ്രയോഗങ്ങൾക്കുശേഷമാണല്ലോ പാൽകൊടുക്കുന്നതു്) അതു് എല്ലാം ധാതുക്കൾക്കും സ്ഥിരതയും ബലവും വർദ്ധിപ്പിക്കുകയും, രോഗം പുനരാവർത്തിക്കാതെ സൂക്ഷിക്കുകയുംചെയ്യും. തന്നെയല്ല ഔഷധപ്രയോഗത്താൽ ശരീരം ക്ഷയിച്ചുപോയവർക്കു പാൽ അമൃതംപോലെ ഫലംചെയ്യും എന്നു വിധിച്ചിരിക്കുന്നതു് ശ്രദ്ധിക്കുക.

"വ്യായാമൗഷധശോകാധ ഭാഷ്യസ്ത്രീ-
  ലംഘനം തവ കർമ്മഭി
ക്ഷീണേ ബാലേച വൃദ്ധേച
  വയഃപത്ഥ്യം യഥാമൃതം."

വ്യായാമമോ ഔഷധംസേവിക്കുക കാരണമായിട്ടോ, അമിതമായി നടക്കുകയും പ്രസംഗിക്കുകയുംനിമിത്തമോ, സ്ത്രീവിഷയംമൂലമോ, പട്ടിണികൊണ്ടോ, വെയിലുകൊണ്ടോ, ശരീരമനസ്സുകളുടെ അമിതമായ പ്രവർത്തനംനിമിത്തമോ, ക്ഷീണനായിപ്പോയവനും, ബാലനും, വൃദ്ധനും എല്ലാം പാൽ അമൃതംപോലെ ഹിതമാകുന്നു. ഒന്നുംതന്നെ ദഹിക്കാത്തവർക്കും നാലിടങ്ങഴി പാൽവരെ ദഹിപ്പിക്കാൻ കഴിയുന്നതു് ക്ഷീരപാനചികിത്സയ്ക്കു മേൽഉദ്ധരിച്ച ആയുർവ്വേദവിധികളെ എത്ര വിപുലപ്പെടുത്തുവാൻ കഴിയുമെന്നു് ചിന്തിക്കുക,

"പുനക്ഷീരം, പുനവ്സ്തം പുനരേവവിരേചനം
ക്രമേണധ്രുവമാതിഷ്ഠന്യതപിത്താദരംജയേൽ"

ഉദരരോഗം മുതലായവയ്ക്കു് ഇങ്ങിനെ തന്നിക്ഷീരപാനചികിത്സ ആയുർവ്വേദത്തിൽ വിധിച്ചുകാണുന്നു.

"ഗൌരവാരോചകാനാംവിമന്ദ-
  വഹ്ന്യതിസാരിണാം
തക്രം വാതകഫാർത്താനാം-
  മമൃതത്വായകല്പതേ."

ഇങ്ങനെ മോരുപ്രയോഗിക്കണമെന്നുള്ളിടത്തു് മധുരപാകത്തിലുള്ള തക്രപ്രയോഗവും ക്ഷീരപാനചികിത്സയിൽ ഉൾപ്പെട്ടിട്ടുണ്ടു്.

ഇപ്രകാരമെല്ലാം ആയുർവ്വേദതത്വങ്ങളിന്മേൽ നിലകൊള്ളുന്ന ക്ഷീരപാനചികിത്സാപദ്ധതി ഒന്നു പരിഷ്കരിച്ചു് ഒരു പ്രത്യേകചികിത്സാമുറയായി പാശ്ചാത്യവൈദ്യവിദഗ്ദ്ധന്മാർ പ്രദർശിപ്പിച്ചിട്ടുള്ള സമ്പ്രദായമാണു് ഇവിടെ വിവക്ഷിച്ചിട്ടുള്ളതു്. അമേരിക്കാക്കാരനായ Dr. വോർട്ടർ എം. സി. "The rilk Diet" എന്നും റഷ്യൻ Dr. കേറൾ "The riracle cure" എന്നും ഇതേപ്പററി നല്ല ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടു്. ഇപ്പോൾ മലയാളത്തിലും "ക്ഷീരപാനചികിത്സ" എന്ന ഗ്രന്ഥം ആവിർഭവിച്ചിരിക്കുന്നു. ഈ ഗ്രന്ഥകാരന്മാരെല്ലാം അവരുടെ സ്വന്തം സ്ഥാപനങ്ങളിൽ നിരവധി തീരാവ്യാധികൾ ഈ പദ്ധതികൊണ്ടു സുഖപ്പെടുത്തിവരുന്നതിനാൽ അതിന്റെ പ്രായോഗികവശങ്ങളെപ്പററി സംശയത്തിനു് അവകാശമില്ല.

ആയുർവ്വേദവുമായി അഭേദ്യബന്ധത്തിൽ കിടക്കുന്ന ഈ ക്ഷീരപാനചികിത്സയെപ്പററി ആയുർവ്വേദഗവേഷണപടുക്കൾ അന്വേഷണംനടത്തുകയും, ആയുർവ്വേദവൈദ്യവിദ്യാലയങ്ങളിൽ ഈ സമ്പ്രദായത്തിൽ പ്രത്യേകപരിശീലനം ഇഷ്ടപ്പെടുന്നവർക്കു്, സൌകര്യം കൊടുക്കുകയും ചെയ്യേണ്ടതാണെന്നും, അതു ആയുർവ്വേദത്തിന്റെ ആധുനികപുരോഗതിയിൽ പ്രയോജനകരമായ ഒരു പടികൂടി ആയിത്തീരുമെന്നുള്ളതിൽ സംശയത്തിനവകാശമില്ലെന്നും അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ആതുരദാസ്, ചങ്ങനാശ്ശേരി.

---

വൻ പഠിച്ചു. ധാരാളം പഠിച്ചു. വിക്ടർ ഹ്യൂഗോയുടെയും ഷേക്സ്പീയരുടേയും ലെനിന്റെയും ആശയങ്ങളും ആദർശങ്ങളും പഠിച്ചു. പക്ഷേ ഒന്നും പഠിച്ചില്ല......പഠിത്തം! ഒന്നും പഠിക്കാതിരിക്കാനുള്ള പഠിത്തം!......

"അയ്യോ! ഞാനാണോ എന്റെ അപ്പനെ കൊന്നതു്......!"

അവൻ ഞെട്ടി വിറച്ചു. അവനിലുള്ള ആ പിതൃഘാതകനെ അവൻ ശരിക്കറിഞ്ഞു.

"പഠിക്കട്ടെ......!" അവന്റെ ഹൃദയത്തിൽ ആ വാക്ക വീണ്ടും വീണ്ടും വേദനയുണ്ടാക്കി. ആ വാക്കുതന്നെ അവന്റെ ഹൃദയത്തിൽനിന്നും പ്രതിദ്ധ്വനിച്ചുകൊണ്ടിരുന്നു. ഒരെട്ടുവർഷം മുമ്പു് അഛൻ പറഞ്ഞ വാക്യമവനോർത്തു.

'നമുക്കു കുട്ടപ്പനെ പഠിപ്പിക്കണം. അവനങ്ങു പഠിക്കട്ടെ......! പഠിച്ചു പഠിച്ചു കേമനാവുമ്പോൾ.........' അവനു ശേഷം ഓർക്കുവാൻ നിവൃത്തിയില്ലാതായി. ഹൃദയത്തിന്റെ പരിധിയെ കവിഞ്ഞ വികാരം കണ്ണുനീരിൽകൂടി പ്രകടമായി.

"പഠിക്കട്ടെ' അവനതു പലവുരു ഉരുവിട്ടു.

പല അർത്ഥത്തിലും അതുതന്നെ ആവർത്തിച്ചു ലോകത്തോടറിയിച്ചുകൊണ്ടു് തെക്കോട്ടൊരു കാററുവീശി—.

—•—


# മായാമണ്ഡലം

എൻ, ബാപ്പുറാവു ബി. എ. ബി. എൽ.

വിജനപ്രദേശത്തെ ഒരു മാളികയിൽ ബന്ധനത്തിൽപ്പെട്ടുഴലുന്ന നായികയെ വിമുക്തയാക്കുവാൻ, വിനോദസഞ്ചാരത്തിനിടയിൽ നായകൻ ചെയ്യുന്ന ശ്രമങ്ങളും, ഉത്തരോത്തരം വന്നണയുന്ന മായാവരണങ്ങൾനീങ്ങി, ഒടുവിൽ മായാമണ്ഡലത്തിന്റെ യഥാർത്ഥ്യം വെളിപ്പെടുന്നതും മററുമായ അത്ഭുതകഥാഭാഗങ്ങൾ. വില രൂ. ൧ ണ. ൪

മാനേജർ ❁ ശ്രീരാമവിലാസം പ്രസ്സ് ❁ കൊല്ലം




ഡാക്ടർ ജാൺമത്തായിയ്ക്കു യാത്രയയപ്പു്: തൽസംബന്ധമായി നടന്ന ഒരു യോഗത്തിൽ ഇന്ത്യാപ്രധാനമന്ത്രി പണ്ഡിതനെഹ്റു ഡാക്ടർ ജാൺമത്തായിയുടെ സേവനങ്ങളേയും മിസ്സിസ് ജാൺമത്തായിയുടെ പുനരധിവാസവിഭാഗത്തിലുള്ള വിലയേറിയ സേവനങ്ങളേയും പ്രശംസിച്ചു പ്രസംഗിക്കുകയുണ്ടായി. ചിത്രത്തിൽ ഡാ: മത്തായിയേയും മിസ്സിസ് മത്തായിയേയും കാണാം.

# പ്രിവികൗൺസിൽ

എം. ആർ. കൃഷ്ണപിള്ള

൧൯൫൦ ജനുവരി ൨൬-ാംനു മുതൽ പരിപൂർണ്ണസ്വാതന്ത്ര്യം ലഭിച്ച ഇന്ത്യാരാജ്യത്തിനു ലണ്ടനിലെ പ്രിവികൗൺസിലുമായിട്ടുണ്ടായിരുന്നതും ഇപ്പോൾ നിശ്ശേഷം ഇല്ലാതെയായതുമായ ബന്ധത്തെക്കുറിച്ചാണ് ഈ ലേഖനത്തിൽ പരാമർശിക്കുന്നത്.

ഇക്കഴിഞ്ഞ ഏപ്രിൽമാസത്തിലെ Law Quarterly Review എന്ന നിയമമാസികയിൽ ഈ വിഷയത്തെക്കുറിച്ചു ഒരുകാലത്തു മദ്രാസ് ഹൈക്കോടതിയിൽ ജഡ്ജിയും ഇപ്പോൾ ഡെൽഹിയിലെ സുപ്രീംകോടതിയിൽ അഭിഭാഷകനുമായിരിക്കുന്ന J. P. Eddy. K. C. ഒരു ശ്ലാഘ്യമായ ലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. നിയമഗവേഷകന്മാർക്കു മാത്രം അറിയാവുന്ന പല കാര്യങ്ങളും അതിൽ അടങ്ങിയിട്ടുള്ളതു മലയാളരാജ്യം വാരിക വായിക്കുന്നവർക്കും രസാവഹമായിരിക്കുമെന്ന വിശ്വാസത്തിലാണ് ആ കാര്യങ്ങൾ ചുരുക്കത്തിൽ ഞാൻ വിവരിക്കുന്നത്.

൧൯൪൯ നവംബർ ൨൬-ാംനു ഇന്ത്യൻ ഭരണഘടന സംബന്ധമായ കാൺസ്റ്റിറ്റുവൻറ് സംബ്ളിയുടെ സകല ജോലികളും പൂർത്തിയായി. ഭരണഘടനയിലെ പല വകുപ്പുകളും അന്നു മുതൽ നടപ്പിലും വന്നു. എന്നാൽ അക്ടോബർ പത്താംതീയതി മുതൽ പ്രിവികൗൺസിലിലേയ്ക്കു ഇന്ത്യയിൽനിന്നുമുള്ള അപ്പീലുകൾ നിർത്തൽ ചെയ്യപ്പെട്ടുമെന്നു കാൺസ്റ്റിറ്റുവൻറ് സംബ്ളി നേരത്തെ തീർച്ചചെയ്തിരുന്നു. ഒടുവിലത്തെ അപ്പീൽ ൧൯൪൯ ഡിസംബർ ൧൫-ാംനു തീരുമാനിക്കയുംചെയ്തു. അന്നു ആറ് അപ്പീലുകൾ തീരുമാനിക്കപ്പെടേണ്ടതായി കിടന്നതു ഇന്ത്യയിലെ സുപ്രീംകോടതിയിലേയ്ക്കു അയയ്ക്കുകയും ചെയ്തു. ഇന്ത്യക്കു സ്വാതന്ത്ര്യം അനുവദിച്ചു ഭരണഘടന എഴുതി ഉണ്ടാക്കാൻ ഇന്ത്യൻ നേതാക്കന്മാരോടു ആവശ്യപ്പെട്ടതായ ൧൯൪൭-ൽ ൨൭-ം, ൧൯൪൮-ൽ ൪൭-ം, ൧൯൪൯-ൽ ൫൦-ം, കഴിഞ്ഞകൊല്ലം ൫൭-ം അപ്പീലുകളായിരുന്നു മൊത്തത്തിൽ ഇന്ത്യാ ഹൈക്കോടതികളിൽനിന്നും പ്രിവികൗൺസിലിന്റെ തീരുമാനത്തിനു വിധേയമായതു്. ഇതിൽ അവസാനത്തെ അപ്പീൽ മദ്രാസ്സിൽനിന്നുമായിരുന്നു. ഹൈക്കോടതി വിധി സ്ഥിരപ്പെടുത്തി അപ്പീൽ തള്ളുകയും ചെയ്തു.

പ്രിവികൗൺസിൽ എന്താണെന്നു അഭിഭാഷകലോകത്തിൽ പലക്കും എന്റെ ബഹുമാന്യസുഹൃത്തുക്കളായ ജഡ്ജിമാരിൽ ചിലക്കും ശരിയായ വിവരമില്ലാത്തതിൽ അതിശയിക്കാനില്ല. ചക്രവർത്തിയുടെ ഭരണവുമായിട്ടു ബന്ധപ്പെട്ടിരുന്ന കാലത്തുപോലും തിരുവിതാംകൂർ-കൊച്ചി ഹൈക്കോടതികളുടെ തീരുമാനങ്ങളിന്മേൽ അപ്പീലുണ്ടായിരുന്നില്ല. അക്കാലങ്ങളിലെല്ലാം ഇന്ത്യൻ പ്രവിശ്യകളിലെ ഹൈക്കോടതികളിലെ വിധികൾ സ്ഥിരപ്പെടുത്താനും അസ്ഥിരപ്പെടുത്താനും പ്രിവികൌൺസിലിനധികാരമുണ്ടായിരുന്നു. ഒരു സബ്ജഡ്ജിമാത്രമായിരുന്ന സുന്ദരംചെട്ടിയെ പ്രിവികൗൺസിലിലെ ഒരു ജഡ്ജ്മെൻറിൽ അത്യധികം സ്തുതിച്ചതുകൊണ്ടു ഡിസ്ട്രിക്ട് ജഡ്ജിയാകുന്നതിനു മുൻപു തന്നെ അദ്ദേഹത്തെ മദ്രാസ് ഹൈക്കോടതിയിൽ ജഡ്ജിയാക്കിയതു അടുത്തകാലങ്ങളിൽ നടന്ന സംഭവങ്ങളിൽ ഒന്നാണ്. മലയാളികളിൽ ആദ്യത്തേയും അവസാനത്തേയും ജഡ്ജിയായ സർ. സി. മാധവൻനായർ ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടുന്നതുവരെ പ്രിവികൗൺസിലിലുണ്ടായിരുന്നുവെന്നും അഭിമാനപൂർവ്വം നമുക്കു സ്മരിക്കാവുന്നതുമാണ്.

ഇംഗ്ലണ്ടിലെ രാജാവിന്റെ കൌൺസിൽ ആണ് പ്രിവികൗൺസിൽ. ഭരണപരമായ കാര്യങ്ങൾ ക്യാബിനററിന് വിട്ടുകൊടുത്തുവെങ്കിലും ബ്രിട്ടീഷ് സാമ്രാജ്യത്തെ ഒട്ടാകെ സംബന്ധിക്കുന്ന പ്രധാന പ്രശ്നങ്ങൾ—രാജാവിന്റെ വിവാഹം, ഒരു സാമന്തരാജ്യത്തിന് സ്വാതന്ത്ര്യം, രാജാവിന്റെ കിരീടധാരണം മുതലായവ—ഔപചാരികമായിട്ട് പ്രിവികൗൺസിലാണ് തീരുമാനിക്കേണ്ടതു്. പന്ത്രണ്ടാം നൂററാണ്ടിലെ Curia Regis വഴിയാണ് പ്രിവികൗൺസിലിന് നിയമസംബന്ധമായ കാര്യങ്ങളിൽ പ്രവേശിക്കാനനുവാദം കിട്ടിയതു്. ഇംഗ്ലണ്ടിനടുത്തുള്ള ചാനൽദ്വീപുകളിൽനിന്നും പ്രിവികൗൺസിലിന് പതിനാറാംനൂററാണ്ടിൽ ഒരു Order in Council വഴി അപ്പീലുകൾ കേൾക്കനുള്ള അധികാരം കിട്ടിയതോടെ ഇംഗ്ലണ്ടിനുവെളിയിലുള്ള സ്ഥലങ്ങളിൽനിന്നും അപ്പീലുകൾ പ്രിവികൗൺസിൽ സ്വീകരിച്ചുതുടങ്ങി. ഇന്ത്യയുമായുള്ള ബന്ധം പ്രിവികൗൺസിലിന് ആദ്യമായുണ്ടായതു് പതിനേഴാംനൂററാണ്ടിലായിരുന്നു.

൧൬൯൬-ൽ The Committee for the Business of Trade എന്ന പേരിൽ പ്രിവികൗൺസിലിന്റെ ഒരു കമ്മിററി ജുഡിഷ്യൽകാര്യങ്ങൾസംബന്ധിച്ചു രൂപീകൃതമായി. എന്നാൽ നിയമം അറിയാവുന്നവരോ ബിരുദധാരികളോ കമ്മിററിയിൽ വേണമെന്ന് വ്യവസ്ഥചെയ്യാൻ വിട്ടുപോയി. അങ്ങനെ ഈസ്റ്റ്ഇന്ത്യാക്കമ്പനിവക കോടതികളുടെ തീരുമാനങ്ങളിൽനിന്നും ഈ കമ്മിററിയിലേയ്ക്കു് അപ്പീലുകൾക്കു് അനുവാദവും കിട്ടി. മദ്രാസിലും ബോംബെയിലും കൽക്കട്ടായിലും ൧൮൬൨-ൽ ഹൈക്കോടതികൾ സ്ഥാപിക്കപ്പെട്ടതിനുശേഷമാണ് ഇന്ത്യൻനിയമങ്ങളുമായി പ്രിവികൗൺസിലിന് കൂടുതൽ അടുപ്പം കിട്ടിയതു്.

൧൬൭൫-ലാണ് ഒന്നാമത്തെ ഇന്ത്യാ അപ്പീൽ പ്രിവികൗൺസിലിൽ തീരുമാനത്തിനു വന്നതു്. അതു് ഒരു ബാംബേക്കേസായിരുന്നു. വൈററ്ഹാളിലെ Cock pit-ലായിരുന്നു അന്ന് പ്രിവികൗൺസിലിലെ ജുഡിഷ്യൽ കമ്മിററിക്കൂടിയിരുന്നതു്. ആ സ്ഥലം ഹെൻട്രി അഷ്ടമന്റെ കൊട്ടാരത്തിന്റെ ഒരു വിഭാഗമായിരുന്നു. ഇവിടെത്തന്നെയായിരുന്നു എലിസബത്ത്രാജ്ഞിയുടെ കാലംമുതൽ നാടകങ്ങളും സംഗീതസദസ്സുകളും നടന്നിരുന്നതും. ൧൬൯൭-ലെ തീപിടിത്തത്തിൽ വൈററ്ഹാൾ നശിച്ചുവെങ്കിലും കാക്ക്പിററ് സുരക്ഷിതമായിത്തന്നെ നിലനിന്നു. പ്രധാനമന്ത്രി Lord Bute-ം അദ്ദേഹത്തിന്റെ പിൻഗാമികളായിരുന്ന ഗ്രാഫ്ടൺപ്രഭുവും, നാർത്ത്പ്രഭുവും ലെവി മുതലായ ചടങ്ങുകൾ ഇവിടെവച്ചായിരുന്നു നടത്തിയിരുന്നതു്.

൧൭൭൩-ലെ Regulating Act-നെത്തുടർന്നു ഇന്ത്യയിൽനിന്നും അപ്പീലുകളും പണവും ധാരാളമായി ഇംഗ്ലണ്ടിലേയ്ക്കു് പ്രവഹിക്കയും ചെയ്തു. അന്നും നിയമം അറിഞ്ഞുകൂടാത്തവരും ബിരുദധാരികളുമായ അജ്ഞരും പ്രിവികൗൺസിലിലുണ്ടായിരുന്നു. അതേക്കുറിച്ചു് ആക്ഷേപമായും സങ്കടത്തോടും മി: ബ്രൂഹാം പാർലമെൻറിൽ ൧൮൨൮-ൽ ഒരു പ്രസംഗംചെയ്തതിനുശേഷമാണ് നിയമം അറിയാവുന്നവരിൽനിന്നും ജഡ്ജിമാരെ നിയമിച്ചുതുടങ്ങിയതു്. ആണ്ടിൽ ഒൻപതുദിവസം മാത്രമേ പ്രിവികൗൺസിലിൽ കേസ്സുകൾ വാദത്തിനു് വച്ചിരുന്നുമുള്ളു. ൫ കൊല്ലത്തിനുശേഷം—൧൮൩൩-ൽ ഇന്നത്തെ ജുഡിഷ്യൽക്കമ്മിററി സ്ഥാപിക്കപ്പെട്ടു. അന്നുമുതൽ ആ സ്ഥാനങ്ങൾ അലങ്കരിക്കുന്നതിനു് ലാർഡ്പ്രസിഡൻറ് അഥവാ ട്രികൗൺസിലും ലാർഡ് ചാൻസലറുംകൂടി വിവരമുള്ള നിയമപണ്ഡിതന്മാരെ ക്ഷണിക്കണമെന്ന പതിവും വന്നുകൂടി. ലാർഡുബ്രൂഹാം (പഴയ ബ്രൂഹാം M. P.) തന്നെ ആദ്യം ജഡ്ജിയുമായി.

൧൮൩൩ മുതൽ ഇന്ത്യൻ നിയമങ്ങളുമായിട്ടു നേരിട്ടു പരിചയമുള്ള രണ്ടു നിയമജ്ഞർകൂടി പ്രിവികൗൺസിലിൽ വേണമെന്നും വ്യവസ്ഥ ചെയ്തു. ഇംഗ്ലണ്ടിലെ വിധികളിന്മേൽ—സ്കോട്ട്ലൻഡിലെ ഹൈക്കോടതിയും ഈ വിഭാഗത്തിലുൾപ്പെടും—അവസാനതീർപ്പ് കല്പിക്കുന്നതു പ്രഭുസഭയിലെ ജുഡിഷ്യൽ കമ്മിററിയും ഗ്രേറബ്രിട്ടനു വെളിയിൽനിന്നും വരുന്ന അപ്പീലുകൾ തീരുമാനിക്കുന്നതു പ്രിവികൗൺസിലിലെ ജുഡിഷ്യൽ കമ്മിററിയുമാണ്. ഇൻഡ്യയിൽനിന്നും ഒന്നാമതായി നിയമിക്കപ്പെട്ട പ്രിവികൗൺസിൽ ജഡ്ജി കൽക്കട്ടാ ഹൈക്കോടതിയിൽനിന്നും ൧൯൦൯-ൽ ഉയർത്തപ്പെട്ട ജസ്റ്റീസ് അമീർ ആലി ആയിരുന്നു.

ആദ്യകാലത്തു ഒരു വലിയ മേശയുടെ രണ്ടററത്തുമായിട്ടായിരുന്നു ജഡ്ജിമാർ ഇരുന്നിരുന്നതു്. അഭിഭാഷകന്മാരെ നോക്കുന്നതിനുപകരം ജഡ്ജിമാർ പരസ്പരം അഭിമുഖമായിട്ടിരുന്നു. അവരുടെ ഇടക്കു ഒരു വലിയ കസേര എന്നും ഒഴിഞ്ഞുകിടന്നിരുന്നതു് രാജാവിന്റെ ഇരിപ്പിടമായിരുന്നു. ഇപ്പോൾ അവിടെ ആ കസേര ഇല്ല. ഈ ജഡ്ജിമാരുടെ തീരുമാനങ്ങൾ ഐകകണ്ഠ്യമാണ്. ഒരു ഉപദേശമെന്ന രീതിയിൽ രാജാവിനു സമർപ്പിക്കുന്ന തീരുമാനങ്ങൾ രാജാവിന്റെ ഒപ്പോടുകൂടി പ്രിവികൗൺസിൽജഡ്ജ്മെൻറായിത്തീരുന്നു. ബക്കിംഗാം കൊട്ടാരത്തിൽ ഒരു പ്രിവികൗൺസിൽതന്നെ വിളിച്ചുകൂട്ടിയിട്ടാണു സാധാരണ രാജാവു ഈ തീരുമാനങ്ങളിൽ ഒപ്പുവയ്ക്കാറുള്ളതു്.

൧൯൩൫-ലെ ഇന്ത്യാ ആക്ടനുസരിച്ചു ഇൻഡ്യൻ ഹൈക്കോടതികളുടെ തീരുമാനങ്ങളിന്മേൽ അപ്പീലധികാരത്തോടുകൂടി ഒരു ഫെഡറൽകോർട്ടു ൧൯൩൭ ഡിസംബർ ൬-ാംനു ഉൽഘാടനം ചെയ്യപ്പെട്ടു. ഈ കോടതിയിൽ ൧൯൪൭ സെപ്തംബർ ൫-ാംനു അഭിഭാഷകനായി സന്നതുവാങ്ങിയ ഒരു തനി സായിപ്പാണു് John Percy Eddy പ്രിവികൗൺസിലിൽ വ്യവഹരിച്ചിരുന്ന മററു സായിപ്പന്മാരാരുംതന്നെ ഫെഡറൽകോർട്ടിലോ ആ കോടതിയുടെയും പ്രിവികൗൺസിലിന്റെയും സ്ഥാനത്തു ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന സുപ്രീംകോർട്ടിലോ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല.

൧൯൩൩-ൽ ഇന്ത്യാഭരണപരിഷ്കാരം സംബന്ധിച്ചു ഒരു ധവളപത്രം ഇംഗ്ലണ്ടിലെ ഗവൺമെൻറു പ്രസിദ്ധപ്പെടുത്തി. ഒരു ഫെഡറൽകോർട്ടും ഒരു സുപ്രീംകോർട്ടും അങ്ങനെ രണ്ടു പരമാധികാരനിയമപീഠങ്ങളും അതിൽ വിഭാവനചെയ്തിരുന്നു. ഈ ധവളപത്രത്തെപ്പററി പര്യാലോചനനടത്തിയ ജോയിൻറസിലക്ട് കമ്മിററി ഈ നിർദ്ദേശത്തെ അല്പം ഭേദപ്പെടുത്തി. ഒരേ നിയമപീഠം രണ്ടു വിഭാഗങ്ങളായി പിരിഞ്ഞു ഫെഡറൽകേസുകളും ഇന്ത്യൻ ഹൈക്കോടതികളിന്മേലുള്ള അപ്പീലുകളും പ്രത്യേകം പ്രത്യേകം കേട്ടാൽ മതിയെന്നായിരുന്നു ആ ഭേദഗതി. ൧൯൩൫-ലെ ആക്ടനുസരിച്ചുതന്നെ ഭരണപരിഷ്കാരം നടപ്പിൽ വന്നിരുന്നുവെങ്കിൽ ഈ നിർദ്ദേശവും നടപ്പിൽ വരുമായിരുന്നു.

നാട്ടുരാജ്യങ്ങളിൽനിന്നും അപ്പീലുകൾ കേൾക്കുന്നതിനു പ്രിവികൗൺസിലിനധികാരമില്ലാതിരുന്നുവെന്നു് ചിലർ പരാതിപ്പെട്ടിരുന്നുവെന്നും ഇപ്പോൾ സുപ്രീംകോർട്ടു വന്നതോടെ ആ പരാതിക്കിനി വകയില്ലെന്നുംകൂടി പ്രസ്താവിച്ചുകൊണ്ടു ഈ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.

—o—

(അഞ്ചാംപേജിൽനിന്നു തുടർച്ച)

ട്ടുകൂടി മുൻപില്ലുള്ള രണ്ടുകാല്കൾ—അതായതു് കൈകൾ—തികച്ചും പ്രകൃതിയുമായുള്ളവ്യവഹാരങ്ങൾക്കായി നീക്കിവയ്ക്കാമെന്നായി. ആദ്യമൊക്കെ പ്രകൃതിദത്തമായ ഉപകരണങ്ങളെ കിട്ടിയമട്ടിൽതന്നെ ഉപയോഗിച്ചു. പക്ഷെ അധികംകഴിയുന്നതിനുമുമ്പ് അവയെ ആവശ്യങ്ങൾക്കനുസരിച്ചു് രൂപപ്പെടുത്താമെന്നായി. അങ്ങനെ പ്രകൃതിനൽകുന്ന ആഹാരസാധനങ്ങൾസംഭരിച്ചു ജീവിക്കുന്നതിനുപകരം അവർ ക്രമത്തിൽ ഉല്പാദനോപകരണങ്ങൾ ഉപയോഗിച്ചു് പ്രകൃതിയുമായി പടവെട്ടി ആവശ്യമുള്ളതു് നേടാൻതുടങ്ങി. അങ്ങനെ പ്രകൃതിക്കു് പരിപൂർണ്ണമായി കീഴടങ്ങിയിരുന്ന മൃഗം മെല്ലെമെല്ലെ തന്റെ ഉപകരണങ്ങളെ പരിഷ്കരിച്ചു പരിഷ്കരിച്ചു് പ്രകൃതിയെ കുറേശ്ശെ കീഴടക്കാൻതുടങ്ങുകയും അങ്ങനെ മനുഷ്യത്വത്തിലേക്കു് കാലൂന്നുകയുംചെയ്തു. മാർക്സും എംഗൽസും കൂടി രചിച്ച ഒരു ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"ജീവസന്ധാരണത്തിനുള്ള ഉപകരണങ്ങളെ ഉല്പാദിപ്പിക്കാൻ തുടങ്ങിയതുമുതൽക്കാണു് മനുഷ്യൻ മൃഗത്തിൽനിന്നു് വ്യത്യസ്തനായ പ്രാണിയാവാൻ തുടങ്ങിയതു്. തന്റെ ശരീരഘടനയെ നിലനിർത്താൻ മനുഷ്യനു് അവയാവശ്യമായിരുന്നു. യാതൊരളവിലാണോ മനുഷ്യൻ തന്റെ ജീവിതായോധനോപകരണങ്ങളെ ഉല്പാദിപ്പിക്കുന്നതു്, അപ്രത്യക്ഷഭാവത്തിൽ ശരിയ്ക്കുതേ അളവിലാണു് അവൻ തന്റെ യഥാർത്ഥജീവിതത്തെ രൂപവൽകരിക്കുകയും ഉയർത്തുകയും ചെയ്യുന്നതു്. ജീവസന്ധാരണത്തിനാവശ്യമായ ഏററവും പ്രധാനപ്പെട്ട കാര്യങ്ങൾ ഭക്ഷണം, കുടിക്കാൻവെള്ളം, പാർക്കാനിടം, ഉടുക്കാൻ തുണി മുതലായവയാണു്. അതിനാൽ ചരിത്രത്തിന്റെ ഒന്നാമത്തെ പ്രവൃത്തി ഈ ആവശ്യങ്ങളെ നേടുവാനുള്ള ഉപകരണങ്ങളുണ്ടാക്കുകയാണു്. അതോടൊപ്പമാണു് മനുഷ്യന്റെ യഥാർത്ഥജീവിതമാരംഭിക്കുന്നതു്. ഈ ചരിത്രസംഭവമാണു് മനുഷ്യചരിത്രത്തിന്റെ മുഴുവൻ മൌലികമായ പ്രേരണാശക്തി."

വികാസത്തിന്റെ ഗതിക്രമത്തിനിടയിൽ ജീവികളുടെ ശരീരഘടനയ്ക്കെന്നപോലെതന്നെ അവയും ബാഹ്യപരിതഃസ്ഥിതികളും തമ്മിലുള്ള ബന്ധങ്ങളിലും പരിവർത്തനങ്ങളുണ്ടാകുന്നു. മാർക്സ് പറയുന്നു—"ഉല്പാദനംനടത്തുന്നതിനിടയ്ക്കു് മനുഷ്യൻ പ്രകൃതിയെ മാത്രമല്ല രൂപഭേദപ്പെടുത്തുന്നതു്. തന്നെത്തന്നെയും മാററിമറിക്കുന്നു. ഒരു സവിശേഷരീതിയിൽ സഹകരിച്ചുനിന്നും തങ്ങളുടെ അദ്ധ്വാനഫലങ്ങളെ പരസ്പരം കൈമാറിയും മാത്രമേ മനുഷ്യർക്കു് ഉല്പാദനംനടത്താൻ കഴിയുകയുള്ളു. ഉല്പാദനം നടത്തുവാനായി അവർ വ്യക്തമായ ചില പരസ്പരബന്ധങ്ങളിലേപ്പെടുന്നു. ഈ പരസ്പരബന്ധങ്ങളുടെപരിധിക്കകത്തുനിന്നുകൊണ്ടുമാത്രമേ അവർ പ്രകൃതിയെ ഉപയോഗപ്പെടുത്തുന്നുള്ളു. ഉല്പാദിപ്പിക്കുന്നുള്ളു."

അല്ലാതെ ആദ്യംമുതല്ക്കേ മനുഷ്യൻ ഒരു സാമൂഹ്യജീവിയാണു്. ആദിമകാലത്തെ പ്രാകൃതങ്ങളായ ഉപകരണങ്ങൾകൊണ്ടു വന്യമൃഗങ്ങൾക്കിടയിൽ ഒറ്റയ്ക്കൊററയ്ക്കു് ജീവിക്കുക സാദ്ധ്യമായിരുന്നില്ല. മനുഷ്യനു പ്രകൃതിയോടെതിരിടാനുള്ള ശക്തി നൽകിയതു് സാമൂഹ്യജീവിതമാണു്. ഈ സാമൂഹ്യജീവിതം മനുഷ്യനിൽ പല വലിയ പരിവർത്തനങ്ങളുമുണ്ടാക്കി. കൂട്ടായ ഉൽപ്പാദനവും, കൂട്ടായ ജീവിതവും സമുദായത്തിലെ വ്യക്തികൾ തമ്മിൽതമ്മിലുള്ള ബന്ധത്തെ സുശക്തമാക്കിത്തീർത്തു. ഈ സാമൂഹ്യബന്ധം മനുഷ്യന്റെ അവയവങ്ങളിലും മസ്തിഷ്കത്തിലും മാററങ്ങളുളവാക്കി. ചില ആംഗ്യങ്ങൾകൊണ്ടും ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചുമാണു് ആദ്യകാലത്തു മനുഷ്യർ പരസ്പരം സംസാരിച്ചുകൊണ്ടിരുന്നതു്. ഈ സംഭാഷണത്തിന്റെവ്യാപ്തി വർദ്ധിച്ചതോടുകൂടി മസ്തിഷ്കത്തിൽ ചില പുതിയ ജീവകോശങ്ങൾ (സെല്ലുകൾ, ഉത്ഭവിക്കാൻ തുടങ്ങി, ചിന്തിക്കാനുള്ള ശക്തി ക്രമേണ വർദ്ധിച്ചുവന്നു. ഇതിന്റെ ഫലമായിട്ടാണു് മനുഷ്യന്റെ തലയ്ക്കു് വലിപ്പമുണ്ടായതു്. മനുഷ്യന്റെപ്രവർത്തനങ്ങൾക്കെന്നപോലെ മനുഷ്യമനസ്സിനും ഒരു ചരിത്രമുണ്ടു്. ആദിമമനുഷ്യന്റെ മനസ്സ് പ്രാകൃതവും പരിമിതവുമായിരുന്നു. പ്രകൃതിയുമായുള്ള സമ്പർക്കങ്ങളും സംഘട്ടനങ്ങളുമാണു് മനുഷ്യമനസ്സിനെ ശക്തിപ്പെടുത്തിയതും തെളിയിച്ചതും. പ്രകൃതിയിൽനിന്നു ബോധപൂർവ്വം ജീവനോപകരണങ്ങൾ സമ്പാദിക്കുന്നതിന്റെ തോതനുസരിച്ചു് മനുഷ്യന്റെ മനസ്സും പരിപുഷ്ടമായിക്കൊണ്ടുവന്നു. ജീവിതസമരം മുന്നോട്ടുപോകുന്തോറും പുതിയപുതിയ ആശയങ്ങളും വികാരങ്ങളും ഉത്ഭവിക്കുകയും വളരുകയും ചെയ്തുകൊണ്ടുപോകുന്നു. മനുഷ്യമനസ്സിന്റെ ചിന്താശക്തി സ്വന്തം പ്രവർത്തനങ്ങളിൽക്കൂടി മനുഷ്യൻ സമ്പാദിച്ചതാണു്.

ഇതുവരെ ആംഗ്യങ്ങൾകൊണ്ടു് സംസാരിക്കാൻ സാദ്ധ്യമല്ല. ക്രമേണ മനസ്സിലുള്ള വിവിധങ്ങളായ ആശയങ്ങളേയും സങ്കല്പങ്ങളേയും ആംഗ്യംകൊണ്ടു് മനസ്സിലാക്കാൻ വയ്യ. തന്മൂലം മനുഷ്യൻ ശബ്ദങ്ങളെ ആശ്രയിക്കാൻ തുടങ്ങി. ക്രമേണ വായ്ക്കുള്ളിൽ നാവിളക്കാൻ കൂടുതൽ ഇടമുണ്ടായി. നാവിനുതന്നെയും മാററമുണ്ടായി. അങ്ങിനെ അവന്റെ വായിൽനിന്നും വ്യക്തമായ വാക്കുകൾ പുറത്തുവന്നുതുടങ്ങി. ജീവിതായോധനത്തിനു ഭാഷ നല്ലൊരു ഉപകരണമായിത്തീർന്നു.

അനേകായിരം കൊല്ലങ്ങളിലെ പ്രയത്നഫലമായിട്ടാണു് ശബ്ദങ്ങളിൽനിന്നു വാക്കുകൾ രൂപമെടുത്തതു്. പരസ്പരസഹകരണത്തെ അടിസ്ഥാനമാക്കിയുള്ള സാമൂഹ്യജീവിതത്തിൽനിന്നാണു ഭാഷ ഉത്ഭവിച്ചതും വികസിച്ചതും. ബുദ്ധിശക്തിയെന്നപോലെ ഭാഷയും മനുഷ്യന്റെ പ്രവൃത്തിയിൽനിന്നുളവായ ഒരനുഗ്രഹമാണു്. പ്രവൃത്തിയാണു മനുഷ്യന്റെ സൃഷ്ടികർത്താവെന്നു എംഗൽസ് പ്രസ്താവിച്ചിട്ടുണ്ടു്.

കയ്യിന്റെ വളർച്ച മനുഷ്യനെ പണിയായുധങ്ങളുണ്ടാക്കുന്ന ജീവിയാവാൻ സഹായിച്ചതുപോലെ, ഭാഷവഴിക്കുണ്ടായ മനോവികാസം മനുഷ്യനെ ആശയം നിർമ്മിക്കുന്ന ജീവിയാക്കാൻ സഹായിച്ചു.

മനുഷ്യപ്രയത്നം പ്രാപിച്ചിരിക്കുന്ന അഭിവൃദ്ധിയുടെ നിലവാരമളന്നുനോക്കാൻ പണിയായുധങ്ങൾ ഒരു മാനദണ്ഡമായിത്തീരുന്നു. ഏതേതു സാമൂഹ്യപരിതഃസ്ഥിതികളിൽവച്ചാണു് പ്രയത്നം നടന്നിട്ടുള്ളതെന്നും വെളിപ്പെടുത്താൻ പണിയായുധങ്ങൾക്കു സാധിക്കും.

ഏററവും പ്രാചീനങ്ങളായ ആയുധങ്ങൾ സാധാരണ കല്ലിൽനിന്നും മരക്കഷണങ്ങളിൽനിന്നും വ്യത്യസ്തമായിരുന്നില്ല. തിരിച്ചറിയുവാൻ കഴിയുന്ന ഏററവും അപരിഷ്കൃതങ്ങളായ കല്ലുകൾ ആയുധങ്ങളായി ഉപയോഗിച്ചിരുന്ന കാലത്തിനു പ്രാകൃതശിലായുഗം എന്നുപറയുന്നു. കൊത്തി ശരിപ്പെടുത്തുകയും മുന കൂർപ്പിക്കുകയും ചെയ്തുകൊണ്ടുള്ള കല്ലായുധങ്ങളുടെ കാലത്തിനാണു് പ്രാചീനശിലായുഗമെന്നു പറയുന്നതു്. ഈ കാലഘട്ടത്തിന്റെ കലാശമാവുമ്പോഴേയ്ക്കും കല്ലുകൊണ്ടുള്ള കഠാരികളും കുന്തങ്ങളും ഉപയോഗിക്കാൻ തുടങ്ങിയിരുന്നു. ഏററവും പരിഷ്കരിച്ച ഇത്തരം ആയുധങ്ങളുടെ കാലത്തിനു് അഭിനവശിലായുഗം എന്നു പറയുന്നു. കാലം കൂടി കഴിഞ്ഞപ്പോൾ മനുഷ്യൻ ലോഹങ്ങളുപയോഗിക്കാൻതുടങ്ങി. ചെമ്പ്, പിത്തള, ഓട്ടു മുതലായ ലോഹങ്ങൾ കൊണ്ടുള്ള ആയുധങ്ങളും പലതരം വീട്ടുസാമാനങ്ങളും പ്രചാരത്തിൽ വന്നു. പിന്നീടു ക്രമത്തിൽ ഇരുമ്പും കണ്ടുപിടിക്കപ്പെട്ടു. പ്രാചീനശിലായുഗം, അഭിനവശിലായുഗം, ലോഹയുഗം എന്നിങ്ങനെ മനുഷ്യചരിത്രത്തെ വിഭജിക്കുന്നതിൽ തെററില്ല. മനുഷ്യന്റെ അദ്ധ്വാനരീതിയിലുണ്ടാകുന്ന മാററങ്ങളെയാണു് ഈ വിവിധയുഗങ്ങൾ കുറിക്കുന്നതു്.

കല്ലുകൊണ്ടും മരംകൊണ്ടുമുള്ള കേവലം അപരിഷ്കൃതമായ ആയുധങ്ങളുടെ സഹായത്തോടുകൂടി ആദിമമനുഷ്യൻ കൂട്ടംകൂട്ടമായി ഇരതേടി നടന്നു. മരക്കൊമ്പുകളിൽ കഴിച്ചുകൂട്ടിയിരുന്ന പൂർവ്വികമനുഷ്യർ കാട്ടിന്റെ നിസ്സീമങ്ങളെ ലംഘിച്ചുകൊണ്ടു പുറത്തുവന്നു. കായ്കനികൾമാത്രം തിന്നു കഴിഞ്ഞുകൂടിയിരുന്നവർക്കിപ്പോൾ മൃഗങ്ങളെ കൊന്നുതിന്നാനുള്ള കഴിവു് കൈവന്നു. പക്ഷേ മൃഗങ്ങളെ പിടിക്കുക എളുപ്പമായിരുന്നില്ല. ചിലപ്പോൾ ദിവസത്തിൽ പല മണിക്കൂറും ഇരയന്വേഷിച്ചു അലഞ്ഞു ഒടുവിൽ നിരാശരായി മടങ്ങേണ്ടിയിരുന്നു.

—o—

മനോഹരമായ
തലമുടി
വളരുവാൻ

പ്രസിഡണ്ട്
വെജിറ്റബിൾ
ഹെയർഓയിൽ
ഉപയോഗിക്കുവിൻ
RATHOD TRADING CO.
SOWCARPET MADRAS

## സോമൻ ആൻഡ് പാർട്ടി: ൧൪




# വിജ്ഞാനവീഥി

—o—

എം. ആർ. കൃഷ്ണപിള്ള

ലണ്ടൻ പട്ടണത്തിലെ ജനസംഖ്യ 86,50,000-ആണ്.

* * *

ഗ്രീനിച്ചുസമയം. 1884-ൽ കൂടിയ സാർവ്വലൌകിക മെരിഡിയൻ കാൺഫറൻസിൽ സ്വീകരിക്കപ്പെട്ടതാണ് ഗ്രീനിച്ചുസമയം. ഭൂഗോളത്തെ 24-മേഖലകളായി വിഭജിച്ചിട്ട് ഓരോ മേഖലയ്ക്കും ഓരോ മണിക്കൂർ സമയവും ഈ സമ്മേളനത്തിൽ നിശ്ചയിച്ചു. ഗ്രീനിച്ചിന് (0 മെരിഡിയൻ) ഒന്നാമത്തെ മേഖലയിലെ മദ്ധ്യസ്ഥാനമാണ് കല്പിക്കപ്പെട്ടിരുന്നത്. അതിന് കിഴക്കോട്ടുള്ള പന്ത്രണ്ടു മേഖലകൾക്ക് 1, 2, 3 എന്നിങ്ങനെ അടയാളവും കൊടുത്തു. ഈ അക്കങ്ങളിൽക്കൂടെ പോകുന്ന മെരിഡിയൻ ലൈൻ ഉള്ള സ്ഥലങ്ങളിലെ സമയം നോക്കി അതിൽ നിന്നും ആ അക്കം കുറച്ചാൽ ഗ്രീനിച്ചുസമയം കിട്ടും. അതുപോലെ പടിഞ്ഞാറോട്ടുള്ള +1, +2 മുതലായവ അതാതു സ്ഥലങ്ങളിലെ സമയത്തോടു കൂട്ടിയാൽ ഗ്രീനിച്ചുസമയം കിട്ടും.

* * *

അമേരിക്കയിലെ നാലുപേരിലൊരാൾക്ക് മോട്ടോർകാറുണ്ട്. ഇന്ത്യയിൽ അയ്യായിരത്തിലൊരാൾക്കും.


# പ്രണയപ്പാശം

കെ. ദാമോദരൻ ബി. എ.

വർണ്ണനാവൈചിത്ര്യത്തിലും, ഭാഷാശുദ്ധിയിലും അത്ഭുതകരമായ കഥാഘടനയിലും ഏററവും ഹൃദയാവർജ്ജകമായ ഒരു ബഹുരസികൻ നോവൽ. വില രൂ. 1 ണ. 8.

മാനേജർ ❁ ശ്രീരാമവിലാസം പ്രസ്സ് ❁ കൊല്ലം


അമേരിക്കയിൽ റേഡിയോസെററില്ലാത്തവരില്ല. ഇന്ത്യയിൽ 1500-പേരിലൊരാൾക്ക് ഇപ്പോഴുണ്ട്.

* * *

അമേരിക്കാക്കാരന്റെ ശരാശരി ആയുർദൈർഘ്യം 60-വയസ്സാണെങ്കിൽ ഇന്ത്യാക്കാരന് 26-ാം.

* * *

ഒരിന്ത്യാക്കാരന്റെ മുപ്പതിരട്ടി വരുമാനമാണ് ഒരു അമേരിക്കക്കാരനുള്ളതു്.

* * *

ജനാധിപത്യഭരണഘടന ഇന്ത്യയ്ക്കും അമേരിക്കയ്ക്കും ഉണ്ടെങ്കിലും ഇന്ത്യൻ ഹൈക്കോടതി ജഡ്ജിമാർ ഇംഗ്ലണ്ടിലെപ്പോലെ Lordships ആയിത്തുടരുന്നതല്ലാതെ അമേരിക്കയിലെപ്പോലെ Their Honours ആകുന്നില്ല.

—:*:—

# "നിയമവിശേഷങ്ങൾ"

ശാസ്തമംഗലം പി. ഗോവിന്ദപ്പിള്ള, ബി. എ. ബി. എൽ, തിരുവനന്തപുരം

നിയമങ്ങളിലുണ്ടാകുന്ന പരിവർത്തനങ്ങളേയും, നീതിന്യായക്കോടതികൾ പുറപ്പെടുവിക്കുന്ന വിധികളേയും ശാസനങ്ങളേയും, നിയമവും നീതിന്യായക്കോടതികളും എപ്രകാരമാണ് ഒരു പൌരന്റെ സ്വാതന്ത്ര്യത്തേയും അവകാശങ്ങളേയും സംരക്ഷിക്കുന്നതെന്നും, കോടതികളിൽ നടക്കുന്ന രസകരമായ ചില കേസുകളിലെ തത്വങ്ങളേയും, കോടതിയോടു അനുബന്ധിച്ചുള്ള അഭിഭാഷകരെ സംബന്ധിക്കുന്ന വിഷയങ്ങളേയും പററിയാണ്, "നിയമവിശേഷങ്ങൾ" എന്ന തലക്കെട്ടിൽ, "മലയാളരാജ്യം ആഴ്ചപ്പതിപ്പി"ൽ അപ്പോഴപ്പോൾ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നതു. ഭാരതത്തിനു ഒരു ഭരണഘടനയുണ്ടാകുകയും, ആ ഭരണഘടനയിൽ ഭാരതത്തിനു ഒരു ഉത്തമവും സ്വാതന്ത്ര്യവുമായ "നീതിന്യായപീഠം" (judiciary) ഉണ്ടാകുകയും ചെയ്തിട്ടുണ്ടല്ലോ: ഈ "നീതിന്യായപീഠ"ത്തിന്റെ മേൽ ഗവമ്മെൻറിനു യാതൊരു അധികാരവുമില്ല. ഈ "നീതിന്യായപീഠ"ത്തിൽനിന്നും ഒരു പൌരനു നിയമാനുസരണം ലഭിക്കേണ്ട സകല അവകാശങ്ങളും, സ്വാതന്ത്ര്യവും ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ഭരണഘടനയിൽ സുരക്ഷിതമാക്കീട്ടുണ്ടു. ഈ ചുമതലയെ "നീതിന്യായപീഠം" ഏററവും ജാഗ്രതയോടുകൂടി പരിപാലിച്ചുവരുന്നു എന്നുള്ളതു ഭാരതത്തിലെ പല ഹൈക്കോടതികളിലേയും, സുപ്രീംകോടതിയിലേയും പ്രവർത്തനങ്ങളിൽനിന്നും ഈയിടെ പുറപ്പെടുവിച്ചിട്ടുള്ള വിധികളിൽനിന്നും ശാസനങ്ങളിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

* * *

കൽക്കട്ടാ ഹൈക്കോടതി, ഡെൽഹിയിലെ ചീഫ്കമ്മിഷണരേയും വേറെ ഒരു വലിയ ഉദ്യോഗസ്ഥനേയും, കോർട്ടലക്ഷ്യക്കുററത്തിനു ഈയിടെ ശിക്ഷിച്ചിരിക്കുന്നു. കേസിലെ സംഗതികൾ ഇപ്രകാരമാണ്: പഞ്ചാബ് പൊതുരക്ഷാനിയമപ്രകാരം, അഞ്ചുപേരെ, ഗവമ്മെൻറിൽനിന്നും തടങ്കലിൽവച്ചു അന്യായതടങ്കലാണെന്നും, അതിനാൽ തങ്ങളെ ഉടൻ വിട്ടുതരുവാൻ ചെയ്യണമെന്നും (Writ of Harbeas Corpus) കാണിച്ചു, ഹൈക്കോടതിയിലേക്കു അയയ്ക്കുന്നതിനു ഒരു ഹർജി അവർ ജയിലറെ ൧൯൫൦ മാർച്ചുമാസത്തിൽ ഏല്പിച്ചു. എന്നാൽ, ജയിലർ, ആ ഹർജിയെ ഹൈക്കോടതിയിലേക്കയയ്ക്കുന്നതിനു പകരം, ഡെൽഹിയിലെ ചീഫ്കമ്മിഷണർക്കു അയച്ചുകൊടുത്തു. ആ ഹർജി ഏഴുമാസക്കാലം (അതായതു ൧൯൫൦ സെപ്റ്റംബർ മാസംവരെ) കാലതാമസപ്പെടുത്തി. ഇതിനാൽ ഹൈക്കോടതി, ചീഫ്കമ്മിഷണരുടെയും ആഫീസിലുള്ള വേറൊരു ഉദ്യോഗസ്ഥന്റെയും പേരിൽ കോർട്ടലക്ഷ്യത്തിന്, കേസ്സെടുക്കുകയും, ഈ കാലതാമസവും, അവരുടെ പ്രവൃത്തിയും, കോർട്ടലക്ഷ്യമായി സ്ഥാപിച്ചു വിധിപ്രസ്താവിക്കുകയും, അവരെ ശിക്ഷിക്കുകയുംചെയ്തു. വിധിയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "വിചാരണകൂടാതെ തടങ്കലിൽ പാർപ്പിക്കപ്പെട്ടിരിക്കുന്ന പൌരന്മാർ, കോടതികളിലേക്കു അയയ്ക്കുന്നതിനു ഏല്പിക്കുന്ന ഹർജികൾ, ഉടൻതന്നെ, കോടതികളിലേക്കു അയയ്ക്കേണ്ടതാണ്. ഹർജികളിൽ പറയുന്ന സംഗതികൾ സത്യമാണോ, നിയമപരമാണോ, എന്നു തീർച്ചചെയ്യേണ്ടതു കോടതികളാണ്. അല്ലാതെ സർക്കാർ ഉദ്യോഗസ്ഥന്മാരല്ല. കൂടാതെ സ്വാതന്ത്ര്യവും സുരക്ഷിതവും ആയ ഒരു "നീതിന്യായപീഠം" നീതിബോധമുള്ള ഒരു ഗവമ്മെൻറിനെപ്പോലെതന്നെ, ഒരു രാഷ്ട്രത്തിനു അത്യാവശ്യമാണ്. ഒരു ഗവമ്മെൻറ്, അവരുടെ ജോലി ശരിയായി നിർവഹിക്കുന്നതിനുള്ള ശരിയായ മാർഗ്ഗം, ഒരു സ്വതന്ത്ര "നീതിന്യായപീഠ"ത്തിനു അവരുടെ കർത്തവ്യം ശരിയായി നിർവഹിക്കുന്നതിനു യാതൊരു തടസ്സവും ചെയ്യാതിരിക്കുന്നതാണ്. ഈ കേസ്സിൽ ഹർജി, ഏഴുമാസക്കാലം വച്ചു താമസപ്പെടുത്തിയതും, ഹർജി ന്യായമല്ലെന്നു കാരണത്താൽ ആണ് അയയ്ക്കാതിരുന്നതു് എന്നുള്ള പ്രതികളുടെ സമാധാനവും, നിലനില്ക്കത്തക്കതല്ലാത്തതും, ആക്ഷേപാർഹവുമാണ്. അതിനാൽ പ്രതികൾ ഏററവും ഗൌരവതരമായ കോർട്ടലക്ഷ്യക്കുററം ചെയ്തിരിക്കുന്നു. അവർ ശിക്ഷാർഹരാണ്."

വേറൊരു കോർട്ടലക്ഷ്യക്കേസ് വിധി ഈയിടെ മദ്രാസ് ഹൈക്കോടതി പ്രസ്താവിച്ചിരിക്കുന്നു. പ്രതി, മദ്രാസ് ഗവമ്മെൻറിന്റെ അസിസ്റ്റൻറ ഇൻഫർമേഷൻ ആഫീസരാണ്. ഈയിടെ സേലം ജയിലിൽ കമ്യൂണിസ്റ്റു തടങ്കൽ പുള്ളികളും, ജയിലധികാരികളും തമ്മിൽ ഒരു ലഹളനടക്കുകയും തടങ്കൽപുള്ളികളുടെ മേൽ ഒരു കേസ് മജിസ്ട്രേട്ടുകോടതിയിൽ ഫയലാക്കുകയുംചെയ്തു. ഈ അവസരത്തിൽ പ്രതി മേൽ പറഞ്ഞ ലഹളയെപ്പററി, തടങ്കൽപുള്ളികൾക്കു എതിരായി വിമർശനങ്ങൾനടത്തി ഒരു പ്രസ്താവന, ഗവമ്മെൻറിനുവേണ്ടി പ്രസിദ്ധപ്പെടുത്തി. ഒരു കേസ്, കോടതിയിൽ വിചാരണയിലിരിക്കുമ്പോൾ, ആ കേസിലെ സംഗതികളെപ്പററിയോ, സാരാംശത്തെപ്പററിയോ, വിമർശിക്കുന്നതു കോർട്ടലക്ഷ്യമാണ്. എന്തെന്നാൽ, ഒരുകേസിനെപ്പററി വെളിയിൽ വിമർശനങ്ങളും പ്രക്ഷോഭണങ്ങളും നടത്തുന്നതിനു അനുവദിക്കുന്നപക്ഷം കോടതികളിൽ നീതിന്യായം ശരിയായി പരിപാലിക്കുന്നതിനു തടസ്ഥം വരുമെന്നുള്ളതും, ഒരുകോടതി, കോടതിയിലെ തെളിവുകൾമാത്രംനോക്കി വിധിപ്രസ്താവിക്കണം എന്നുള്ള തത്വത്തിനു വിഘ്നംവരുമെന്നുമുള്ളതാണ്. അല്ലാത്തപക്ഷം, കോടതിയിലെ കർത്തവ്യമായ നീതിന്യായപരിപാലനം, വെളിയിലുള്ളവർ നിർവഹിക്കുന്നതായിത്തീരുമെന്നുള്ളതുമാണ്. കൂടാതെ ഇപ്രകാരമുള്ള വിമർശനങ്ങൾ, കേസിലെ കക്ഷികൾക്കു ദോഷമായിവരുകയുംചെയ്യും. ഈ തത്വം അനുസരിച്ചു ഈ കേസിലെ പ്രതിയായ മദ്രാസ് ഇൻഫർമേഷൻ ആഫീസർ കുററംചെയ്തു എന്നും ശിക്ഷാർഹനാണെന്നും വിധിപ്രസ്താവിച്ചു. പ്രതിയുടെ മുഖ്യമായ തക്കം, താൻ മേൽപ്രകാരം പ്രസിദ്ധീകരിച്ച പ്രസ്സ് നോട്ട് തന്റെ മേലധികാരിയായ ഗവമ്മെൻറിന്റെ ഉത്തരവു അനുസരിച്ചാണെന്നും, സ്വയമായിട്ടല്ലായിരുന്നു എന്നുമാണ്. ഈ തക്കം കോടതി നിരാകരിച്ചു.

* * *

പ്രതിയുടെ തക്കം നിരാകരിച്ചതു്, ഒരു പ്രധാനപ്പെട്ട നിയമതത്വത്തെ അടിസ്ഥാനപ്പെടുത്തി ആണ്. ഒരു ഗവമ്മെൻറ ഉദ്യോഗസ്ഥനു ഗവമ്മെൻറിൽനിന്നും പുറപ്പെടുവിക്കുന്ന അന്യായമായ ഉത്തരവുകളെ അനുസരിക്കേണ്ട കർത്തവ്യമില്ലെന്നും, ഒരു ഗവമ്മെൻറ ഉദ്യോഗസ്ഥൻ ഒരു പൊതുജനദാസൻ കൂടിയാകയാലും നിയമത്തിനു വിധേയനാകയാലും, ന്യായാനുസരണമായ ഉത്തരവുകൾ മാത്രമെ അനുസരിക്കേണ്ടതായിട്ടുള്ളു എന്നുമാണ് നിയമതത്വം. ഗവമ്മെൻറിൽനിന്നും, റോഡിൽ കാണുന്നവരെ വെടിവച്ചു കൊല്ലുവാൻ ഒരു ഗവമ്മെൻറ ഉദ്യോഗസ്ഥനു ഉത്തരവുകൊടുക്കുകയാണെങ്കിൽ, ആ ഉത്തരവു സാധുവാണോ? ആ ഉത്തരവിൻപ്രകാരമാണ് താൻ ആളുകളെ വെടിവച്ചു കൊന്നതെന്നുള്ള സമാധാനം കോടതി സ്വീകരിക്കുമോ? തീർച്ചയായും ഇല്ലതന്നെ. ഈ നിയമതത്വം, ഗവമ്മെൻറ ഉദ്യോഗസ്ഥന്മാരെ വിഷമപ്പെടുത്തും എന്നു തോന്നും. എന്തുകൊണ്ടെന്നാൽ ഗവമ്മെൻറ ഉത്തരവിനെ നിരാകരിച്ചാൽ, അയാളെ ജോലിയിൽനിന്നും പിരിച്ചുവിടും; ആ ഉത്തരവിനെ അനുസരിച്ചാൽ കോടതി ശിക്ഷിക്കും. ഈ പരിതഃസ്ഥിതിയിൽ അയാൾ എന്താണു ചെയ്യേണ്ടതു്? അന്യായമായ ഉത്തരവിനെ നിരാകരിക്കണം. അതിൽവച്ചു തന്നെ ജോലിയിൽനിന്നും പിരിച്ചുവിടുന്നു എങ്കിൽ, ഗവമ്മെൻറിന്റെ മേൽ കേസ്സുകൊടുത്തു ഹൈക്കോടതിയിൽനിന്നും ശാസനങ്ങൾ (High prerogative writs) വാങ്ങാവുന്നതോ, അല്ലെങ്കിൽ നഷ്ടപരിഹാരം ഈടാക്കാവുന്നതോ ആണ്. അല്ലാതെ രാഷ്ട്രത്തിലെ നിയമം ലംഘിക്കുകയോ നീതിന്യായക്കോടതികളെ അവഹേളിക്കുകയോ ചെയ്യുക്കൂടാത്തതാകുന്നു.

* * *

കഴിഞ്ഞ ആഴ്ചയിൽ രണ്ടു രസകരമായ കേസ്സുകൾ ബാംബെ ഹൈക്കോടതിയിൽ വിചാരണയ്ക്കു വരികയുണ്ടായി. ഒരു കേസ്സിൽ വാദി ഒരു പത്രാധിപരായ മി: ഫ്റാംബുൽസാറ (Mr. Dram Bulsara) എന്ന ആളാണ്. പ്രതികൾ ബാംബെ ഗവമ്മെൻറും, ബാംബെയിലെ പ്രൊഹിബിഷൻ ആഫീസറുമാണ്. മദ്യനിരോധനനിയമത്തിനെ എതിർത്താണ് കേസ്. താൻ ഭാരതത്തിലെ ഒരു പൌരനാണെന്നും, തനിക്കു ഏതു വസ്തുവും (വിഷം ഒഴിച്ചു) കുടിക്കുന്നതിനും, ഭക്ഷിക്കുന്നതിനും അവകാശമുണ്ടെന്നും, ആ അവകാശം ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ടെന്നും, ഈ മൌലിക അവകാശത്തിന് വിപരീതമായിട്ടാണ് മദ്യനിരോധനനിയമം നടപ്പിൽ വരുത്തിയിരിക്കുന്നതെന്നും, ഭരണഘടന അനുവദിച്ചിട്ടുള്ള പൌരസ്വാതന്ത്ര്യത്തെ തടയുന്ന മദ്യനിരോധനനിയമം പാസ്സാക്കുന്നതിനു ബാംബെ നിയമസമിതിക്കു അധികാരമില്ലെന്നും, അതിനാൽ മദ്യനിരോധനനിയമം, നിയമവിരുദ്ധവും അനധികൃതവുമാണെന്നു സ്ഥാപിച്ചും, പ്രതികൾ വാദിയെ മദ്യം ഉപയോഗിക്കുന്നതിൽനിന്നും തടസ്ഥപ്പെടുത്തരുതെന്നു ഒരു ശാശ്വതനിരോധനഉത്തരവും (wret of Mandamus) പുറപ്പെടുവിച്ചും ഉത്തരവുണ്ടാകണമെന്നാണ് വാദിയുടെ അപേക്ഷ. ചീഫ ജസ്റ്റീസ് വാദിഭാഗം കേട്ടശേഷം, പ്രതിഭാഗം കേൾക്കുന്നതിനായി അഡ്വക്കേററ് ജനറലിനു നോട്ടീസ്സുകൊടുത്തിരിക്കുകയാണ്.

രണ്ടാമത്തെ കേസ്സും മദ്യനിരോധനത്തെ എതിർത്തുകൊണ്ടുള്ളതാണ്. മദ്യനിരോധനനിയമപ്രകാരം, കീഴ്ക്കോടതിയിൽനിന്നും ശിക്ഷിച്ചതിന്മേലുള്ള അപ്പീലാണ് അതു്. ശിക്ഷിക്കപ്പെട്ട പ്രതിക്കുവേണ്ടി അഡ്വക്കേററ് എന്ന നിലയിൽ അപ്പീൽ ബോധിപ്പിച്ചിരിക്കുന്നതു് മി. എം. എ. ഇ. കോൽഹോ (Mr. M. A. E. Colho) ആണ്. ഇദ്ദേഹം ബാംബെയിൽ പ്രസിഡൻസിമജിസ്ട്രേട്ട് ആയിരുന്നു പെൻഷൻ പററിയ ദേഹമാണ്. മജിസ്ട്രേട്ട് ആയിരുന്ന കാലത്തു് ഒരു കേസ്സിൽ മദ്യനിരോധനനിയമം അസാധുവാണെന്നു് വിധിപ്രസ്താവിച്ച ആളാണ്. ൧. അപ്പീലിൽ പ്രതിക്കുവേണ്ടി അദ്ദേഹം ഉന്നയിക്കുന്ന വാദങ്ങൾ ഇപ്രകാരമാണ്: ഭാരതം ഒരു ഒററ രാഷ്ട്രമാണ്. അതിന്റെ ഒരു ഭാഗംമാത്രമായ ബാംബെയിൽമാത്രം മദ്യനിരോധനനിയമം പാസ്സാക്കാൻ അധികാരമില്ല. ൨. നിയമത്തിൽ പറയുന്നതു് ആരോഗ്യത്തിനു് ഹാനികരമായ മദ്യങ്ങൾ ഉപയോഗിക്കുവാൻ പാടില്ലെന്നാണ്. മദ്യം, ആരോഗ്യത്തിന് ഹാനികരമാണോ, ആണെങ്കിൽത്തന്നെ, ഏതെല്ലാംതരം മദ്യങ്ങൾ ഹാനികരമാണ് എന്നു് നിയമത്തിൽ പറഞ്ഞിട്ടില്ല. ആരോഗ്യത്തിന് ഹാനികരമായ മദ്യങ്ങൾ ഉപയോഗിക്കരുതു് എന്നു പറഞ്ഞിരിക്കുന്നതു് ഒരു ഉപദേശം മാത്രമാണ്. (Directive principles) ചട്ടമാകുകയില്ലനു. മദ്യം ചട്ടാളുകൾക്കും വിദേശീയർക്കും നിരോധിച്ചിട്ടില്ല. ഒരു രാഷ്ട്രത്തിൽ ഒരുകൂട്ടർക്കു മദ്യം ഉപയോഗിക്കാമെന്നും മററുള്ളവർക്കു് ഉപയോഗിക്കാൻ പാടില്ലെന്നുമുള്ളനിയമം സാധുവല്ല. ഇതു ഭരണഘടന ൧൪-ാം വകുപ്പിനു വിപരീതമാണ്. നിയമം എല്ലാപേരേയും ഒരുപോലെ ബാധിക്കണം. ചിലരെ നിയമത്തിൽനിന്നും ഒഴിവാക്കുന്നതു് "കലക്കിംനിയമത്തിന്റെമുമ്പിൽ സമത്വം" എന്ന തത്വത്തിന് വിപരീതമാണ്. ൩. ഭരണഘടനയിലെ മുഖവുരയിൽ (Preamble) വ്യവസ്ഥ ചെയ്തിട്ടുള്ള പൌരസ്വാതന്ത്ര്യത്തെയും പൌരാവകാശത്തെയും ലംഘിക്കുന്നു. ൪. ഭരണഘടന ആർട്ടിക്കിൾ ൪൭. (Article ൪൭.) വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം, ന്യൂനപക്ഷ സമുദായത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കേണ്ടതാണ്. മദ്യപന്മാർ ന്യൂനപക്ഷക്കാരാണ്. ൫. ഭാരതം ഒരു മതേതരരാഷ്ട്രമായി പ്രഖ്യാപനം ചെയ്തിരിക്കുന്ന സ്ഥിതിക്കു പൌരന്മാരുടെ സന്മാർഗ്ഗികജീവിതത്തിൽ, രാഷ്ട്രം കൈകടത്തുന്നതു് നിയമവിരുദ്ധമാണ്— ഈ കേസിലെ വാദം നടന്നുകൊണ്ടിരിക്കുന്നതേയുള്ളു.

* * *

ബാംബെ ഹൈക്കോടതിയിൽ പത്രസ്വാതന്ത്ര്യത്തെപ്പററിയുള്ള ഒരു കേസിൽ വിധി പ്രസ്താവിച്ചിരിക്കുന്നു. പീപ്പിൾസ് പബ്ളിഷിംഗ് കമ്പനിയിലെ, പ്രസാധകനായ മിസ്റ്റർ കേശവമേനോൻ, ഗവൺമെൻറ് അനുവാദം വാങ്ങാതെ ഒരു പത്രം തുടങ്ങി. ബാംബെ പൊതുരക്ഷാനിയമപ്രകാരം, ഒരു പത്രം പ്രസിദ്ധീകരിക്കുന്നതിനുമുമ്പ്, ഗവൺമെൻറിന്റെ അനുവാദം വാങ്ങണമെന്നുണ്ട്—കേശവമേനവന്റെ വാദം, ഭരണഘടന നടപ്പിൽവന്നതോടുകൂടി, പ്രസംഗസ്വാതന്ത്ര്യവും, പത്രസ്വാതന്ത്ര്യവും, പ്രസിദ്ധീകരണസ്വാതന്ത്ര്യവും, അനുവദിച്ചിട്ടുണ്ടെന്നും, അതിനാൽ മുൻകൂട്ടിയുള്ള ഗവൺമെൻറ് അനുവാദം ആവശ്യമില്ലെന്നുമായിരുന്നു. പത്രസ്വാതന്ത്ര്യം എന്നാൽ, മുൻകൂട്ടി അനുവാദം വാങ്ങിക്കാതെതന്നെ പത്രങ്ങൾ തുടങ്ങുന്നതിനും, പത്രങ്ങൾ തുടങ്ങിയതിൽ പിന്നീടു സാധാരണ നിയമങ്ങൾ ലംഘിച്ചാൽമാത്രം പത്രാധിപരെ ശിക്ഷിക്കുകയുള്ള എന്നുമുള്ള തത്വമാണ്. "പൂർണ്ണപത്രസ്വാതന്ത്ര്യം" അനുവദിച്ചിട്ടുണ്ടെങ്കിൽ, മുൻകൂട്ടി ഗവമ്മെൻറിൽനിന്നുള്ള അനുവാദമോ, ലൈസൻസു ഫീസോ, യാതൊന്നുമില്ലാതെ പത്രംതുടങ്ങുന്നതിനു യാതൊരു പൌരനും അവകാശമുണ്ടു്. ഭരണഘടന നടപ്പായതോടുകൂടി, പൂർണ്ണ പത്രസ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടു്. എന്നാൽ ഭരണഘടനയിലെ വകുപ്പു പൊതുരക്ഷാനിയമത്തെ റദ്ദാക്കുന്നുണ്ടോ എന്നാണ് ഈ കേസിലെ പ്രശ്നം. ഈ കേസ് ഭരണഘടന നടപ്പിൽവരുന്നതിനു മുമ്പു നടന്നിട്ടുള്ള കൃത്യത്തെ ആസ്പദമാക്കിയാകയാൽ അപ്പോൾ നടപ്പിലിരിക്കുന്ന പൊതുരക്ഷാനിയമപ്രകാരം ഗവമ്മെൻറ അനുവാദം വേണ്ടിയിരുന്നു എന്നും, അപ്രകാരം അനുവാദമില്ലാത്തതിനാലും ഭരണഘടനയ്ക്കു മുമ്പുണ്ടായിരുന്ന നിയമങ്ങളെ, ഭരണഘടനാനിയമം റദ്ദാക്കുന്നില്ലാത്തതിനാലും ഭരണഘടന നടപ്പിൽവന്നതിനുശേഷം മാത്രമെ പൂർണ്ണപത്രസ്വാതന്ത്ര്യമുള്ളു എന്നുമാണ് വിധി.

* * *

ആധുനികഭാരതത്തിലും, ഭൂലോകത്തിൽതന്നേയും, അഭിഭാഷകന്മാർ അനുവർത്തിക്കേണ്ട കർത്തവ്യങ്ങളെപ്പററി രണ്ടു പ്രസിദ്ധ നിയമജ്ഞന്മാർ ഈയിടെ പ്രസ്താവിച്ച സംഗതികളെപ്പററിയാണ് ഇനി വിചരിക്കുവാൻ പോകുന്നതു്. കൽക്കത്താ ഹൈക്കോടതി ജഡ്ജിയായിരുന്ന മിസ്റ്റർ എൻ. സി. ചാററർജി, രാജസ്ഥാൻ അഭിഭാഷകകാൺഫറൻസിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "സ്വേച്ഛാധികാരത്തിന്റെ തിരമാലകളെ, അടിച്ചുടച്ചു പൌരസ്വാതന്ത്ര്യം സ്ഥാപിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു:— "നീതിന്യായപീഠ"വും അഭിഭാഷകരും ഒത്തൊരുമിച്ചു പ്രവർത്തിച്ചില്ലെങ്കിൽ, ഭരണഘടനയിൽ പ്രഖ്യാപനംചെയ്തിരിക്കുന്ന മൌലികാവകാശങ്ങൾകൊണ്ടു യാതൊരു ഫലവുമുണ്ടാകുകയില്ല. പൌരസ്വാതന്ത്ര്യത്തെ സംരക്ഷിക്കേണ്ടതു ഒരു അഭിഭാഷകന്റെ കർത്തവ്യമാണ്. പൌരസ്വാതന്ത്ര്യത്തെ സാധാരണമനുഷ്യക്കു (Common man) മനസ്സിലാക്കിക്കൊടുത്തു് അവരിലും പൌരസ്വാതന്ത്ര്യാഭിലാഷം ഉണ്ടാക്കേണ്ട ചുമതലയും അഭിഭാഷകർക്കുണ്ടു്. ഒരു സ്വതന്ത്രവും കാര്യക്ഷമവുമായ നീതിന്യായപീഠവും, അഭിഭാഷകരും ഒരു രാഷ്ട്രത്തിലില്ലെങ്കിൽ, ആ രാഷ്ട്രത്തിൽ പൌരസ്വാതന്ത്ര്യമില്ലതന്നെ. രാഷ്ട്രീയപാർട്ടികൾ ഭരണംനടത്തുമ്പോൾ, ഒരു പ്രബല ഏതുകക്ഷി, നിയമസമിതിയിൽ ഇല്ലെങ്കിൽ ഏകീയഭൂരിപക്ഷഭരണം നടപ്പിൽ വരുകയും, അപ്പോൾ പൌരസ്വാതന്ത്ര്യത്തെയും, പത്രസ്വാതന്ത്ര്യത്തേയും ഇല്ലാതാക്കി അമിതഅധികാരങ്ങൾ കൈക്കലാക്കുന്നതിന് ഭരണകക്ഷി ശ്രമിക്കുമെന്നുള്ളതും ആകുന്നു അപ്പോഴാണ് "നീതിന്യായപീഠ"വും അഭിഭാഷകന്മാരും ഇടയ്ക്കുനിന്നു പൌരസ്വാതന്ത്ര്യത്തെ രക്ഷിക്കേണ്ടതു്."

* * * *

ഭൂലോകത്തിലെ അഭിഭാഷകരുടെ കർത്തവ്യത്തെപ്പററി, ഇംഗ്ലണ്ടിലെ സുപ്രസിദ്ധ അഭിഭാഷകനായ മിസ്റ്റർ ഡ. എൻ. പ്രിററ കെ. സി. (Mr D. N. Pret, K. C) ഒരു പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. അഖിലരാഷ്ട്ര അഭിഭാഷകസമ്മേളനം താമസിയാതെ വിളിച്ചുകൂട്ടേണ്ടതും, അതിൽ അറ്റാമിക്ക് ബാംബ (Atomic Bomb) നെ നിരോധിക്കുന്നതിനും, ഭൂലോകത്തിലെവിടെയും മനുഷ്യക്കു് പൂർണ്ണപൌരസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കുന്നതിനും ശാശ്വതലോകസമാധാനം കൈവരുത്തുന്നതിനും സകല രാഷ്ട്രങ്ങൾക്കും പൂർണ്ണസ്വയംഭരണം സ്ഥാപിക്കുന്നതിനും ഒരു രാജ്യം വേറൊരുരാജ്യത്തെ അടിമത്വത്തിൽവയ്ക്കുന്നതിനെ നിരോധിക്കുന്നതിനു വേണ്ട അഖിലരാഷ്ട്രനിയമാവലി നടപ്പിൽവരുത്തണമെന്നും ആണ്.

* * * *

ഒരു രസകരമായ നിയമപ്രശ്നം ഉന്നയിക്കുന്ന ഒരു പുനർവിവാഹക്കേസ്സിൽ മദ്രാസ് ഹൈക്കോടതി വിധി പ്രസ്താവിച്ചിരിക്കുന്നു. തൂത്തുക്കുടിനാപ്പള്ളിക്കാരനായ ഒരു വെങ്കിട്ടരാമയ്യർ, തിരുവനന്തപുരത്തുവച്ചു സീതാമ്മാൾ എന്ന സ്ത്രീയെ വിവാഹംകഴിച്ചു. വെങ്കിട്ടരാമയ്യനു് തൂത്തുക്കുടിനാപ്പള്ളിയിൽ ഒരു ഭാര്യയുണ്ടു്. ആദ്യത്തെ ഭാര്യ, വെങ്കിട്ടരാമയ്യരേയും രണ്ടാമത്തെ ഭാര്യയേയും പ്രതിചേർത്തു് തൂത്തുക്കുടിനാപ്പള്ളി മജിസ്ട്രേട്ടുകോടതിയിൽ ഒരു ക്രിമിനൽ അന്യായം കൊടുത്തു. മദ്രാസിൽ പാസ്സാക്കീട്ടുള്ള ഒരു പ്രത്യേകനിയമം (Special law) ആയ മദ്രാസ് ഹിന്ദു ബിഗമി പ്രിവൻഷൻ ആൻഡ് ഡൈവോർസ് ആക്ട് (Madras Hindu Bigamy Prevention and Devorce Act) അനുസരിച്ചു, ഒരു ഹിന്ദുവിനു് ഒരു ഭാര്യയുള്ളപ്പോൾ, വേ

# ഇന്തോചൈന

എ. കെ. ശങ്കർ,
ഇൻഡ്യൻകൗൺസിൽ ആഫ് വേൾഡ് അഫയേഴ്സ്.

ആസന്നമായ ഒരു ലോകമഹായുദ്ധത്തെപ്പറ്റി സൂചനകൾ കണ്ടുതുടങ്ങിയിരിക്കുന്നതായി പറയപ്പെടുന്ന ഈ അവസരത്തിൽ അതിന്റെ ആത്യന്തികമായ കാരണങ്ങളെക്കുറിച്ചും പങ്കെടുക്കാവുന്ന കക്ഷികളെക്കുറിച്ചും പൊട്ടിപ്പുറപ്പെടാവുന്ന സ്ഥലത്തെക്കുറിച്ചുമാണ് നിരീക്ഷകന്മാർ സന്ദേഹിക്കുന്നത്. കമ്യൂണിസത്തെ ചെറുക്കുവാനെന്ന ഭാവത്തിൽ അമേരിക്കയും ഫ്രാൻസും കൂടി ഇൻഡോചൈനയിൽ കൊളോണിയലിസത്തെ നിലനിറുത്തുവാൻവേണ്ടി ബവോദായിയെ സഹായിക്കുന്നതും, മറുവശത്ത് കമ്യൂണിസ്റ്റുകളുടെ നേതൃത്വം വഹിച്ചുകൊണ്ട് റഷ്യയും, ഏഷ്യയിലെ ഒരു പ്രധാനശക്തിയായ ചൈനയും ഹോചിമിൻഗവണ്മെന്റിന് പിൻതുണനൽകുന്നതും സൂക്ഷ്മമായി പരിശോധിച്ചാൽ ഒരു ലോകമഹായുദ്ധത്തിന്റെ നാന്ദിയാണ് നിഷ്പക്ഷനിരൂപകന്മാർ അവിടെ കാണുന്നത്. ഇങ്ങിനെ ലോകത്തിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഇൻഡോചൈനയെപ്പറ്റി, അതിന്റെ ചരിത്രവും പ്രാധാന്യവും ശരിയായി പഠിച്ചശേഷം, ഇന്ത്യൻകൗൺസിൽ അഫ് വേൾഡ് അഫയേഴ്സിലെ ഒരു ഗവേഷകവിദ്യാർത്ഥിയായ ലേഖകൻ ഇതിൽ വിജ്ഞേയമായ ചില ചർച്ചകൾ ചെയ്തിരിക്കുന്നു.

യുദ്ധാനന്തരലോകത്തിലെ ഒരു പ്രധാന സംഭവമാണ് ഒരേ രാഷ്ട്രത്തിലുള്ള ആളുകൾ തന്നെ രണ്ടു ഭാഗങ്ങളായി തിരിയുകയും ഓരോ വിഭാഗവും മറു രാഷ്ട്രങ്ങളുമായി ഒത്തുചേർന്ന് എതിരായുള്ള ഭാഗത്തിനോടു സമരം ചെയ്യുവാൻ സന്നദ്ധരാവുകയും ചെയ്തതു്. ലോകത്തിന്റെ രാഷ്ട്രീയജീവിതത്തിൽ പുതിയ ഒരദ്ധ്യായം തുറന്ന ഈ ഗതിവിശേഷം യൂറോപ്പിൽ വ്യക്തമായി കണ്ടതു് ഗ്രീസിലാണ്; ഏഷ്യയിൽ ഇന്തോചൈനയിലും. ആ രാജ്യത്തു നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ഇപ്പോൾ ഒരന്താരാഷ്ട്രീയപ്രശ്നമായിത്തീർന്നിരിക്കുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. ഒരു വമ്പിച്ച ശക്തിയായ അമേരിക്കയുടെ സഹായത്തോടും പ്രധാന പാശ്ചാത്യശക്തികളുടെയെല്ലാം അനുമതിയോടുംകൂടി ഫ്രാൻസ് ബാവോദായിചക്രവർത്തിയുടെ ആധിപത്യവും സ്വന്തസ്വാധീനശക്തിയും പുനഃസ്ഥാപിക്കുവാൻ ശ്രമിക്കുകയാണ്. മറുഭാഗത്തു് ലോകത്തിലെ കമ്യൂണിസ്റ്റുകളുടെ നേതൃത്വംവഹിച്ചുകൊണ്ടു് സോവിയറ്റ്റഷ്യയും ഏഷ്യയിലെ ഒരു പ്രധാന ശക്തിയായിത്തീർന്ന ചൈനയും സകല സഹകരണം വാഗ്ദാനംചെയ്തുകൊണ്ടും, അംഗീകാരം നൽകിക്കൊണ്ടും ഹോചിമിന്റെ ദേശീയഗവണ്മെന്റിനെ ഇന്തോചൈനയിൽ നിലനിർത്തുവാൻ ഉറച്ചുകൊണ്ടു നിൽക്കുന്നു. അടുത്ത ലോകമഹായുദ്ധത്തിന്റെ നാന്ദിയാണ് ഇവിടെ കാണുന്നതെന്ന് പല നിഷ്പക്ഷനിരൂപകന്മാരും അഭിപ്രായപ്പെടുന്നതിൽ അത്ഭുതമില്ല. ഈ പശ്ചാത്തലത്തിൽ ഇന്തോചൈനയെപ്പറ്റിയുള്ള പരിജ്ഞാനം ഏറാവും ആശാസ്യമായിരിക്കും.

വടക്ക് ചൈനയ്ക്കും, വടക്കുപടിഞ്ഞാറ് തായ ലാണ്ടിനുമിടയ്ക്കു് ൨൮൦,൦൦൦ ചതുരശ്രമൈൽ വിസ്തൃതമായാണ് ഇന്തോചൈനയുടെ കിടപ്പ്. ചൈനയിൽനിന്ന് ഉത്ഭവിച്ചൊഴുകുന്ന മിക്കോങ്ങ നദിയും, റിബറ്റിൽനിന്ന് പുറപ്പെടുന്ന ചുവപ്പുനദിയും, ഈ ഭൂവിഭാഗത്തെ ഫലഭൂയിഷ്ഠമാക്കുന്നു. "വിയറ്റ്നാം" എന്നും "ഇന്തോചൈന" എന്നും നാം പത്രങ്ങളിൽ കാണാറുണ്ടല്ലോ. "കി" എന്നറിയപ്പെടുന്ന റോങ്കിൻ, അന്നാം, കൊച്ചിൻചൈന എന്നീ സംസ്ഥാനങ്ങളടങ്ങിയ വിയറ്റ്നാമും, ലയോസ്, കാമ്പോഡിയാ എന്ന രണ്ടു സമതലസംസ്ഥാനങ്ങളുംകൂടി ഇന്തോചൈനയെന്നു വിളിക്കപ്പെടുന്നു.

ഇന്തോചൈനയിലെജനസംഖ്യ ൨൩൦൦൦൦൦൦ എന്ന് ഉദ്ദേശമായി കണക്കാക്കാം. രണ്ടാംലോകമഹായുദ്ധത്തിനുമുമ്പ് നെല്ലുവിളയുന്നതിൽ അഞ്ചാംസ്ഥാനവും, അരി കയറ്റുമതിയിൽ മൂന്നാംസ്ഥാനവും ഈ രാജ്യം കരസ്ഥമാക്കിയിരുന്നു. തെക്കുകിഴക്കേ ഏഷ്യയിലെ ഈ ധാന്യകലവറ, എണ്ണ, റബ്ബർ, കൽക്കരി, കൊയിനാ എന്നിവകൂടി ലോകത്തിലേക്കു ധാരാളം സംഭാവന ചെയ്യുന്നുണ്ട്.

ഇന്തോചൈനയിൽ ൯൦ ശതമാനം ജനങ്ങളും കർഷകരാണ്. ൪൦,൦൦൦ ചതുരശ്രമൈലോളം വരുന്ന റോങ്കിനിലും, കൊച്ചിൻചൈനയിലും ഉള്ള നദീമുഖങ്ങളിൽ ജനസംഖ്യയുടെ ൭൦ ശതമാനവും തിങ്ങിക്കൂടി വസിക്കുന്നു. ഈ ഡെൽറ്റാകളിലെ ഭൂമി തുണ്ടുതുണ്ടായി വിഭജിച്ചതുമൂലം കർഷകർ സാമ്പത്തികമായി വളരെ അധഃപ്പതിച്ച സ്ഥിതിയിലാണ്. സമതലങ്ങളാകട്ടെ ഏതാനും വൻകിട ജന്മികളുടെ കൈവശത്തിലാണ്.

പുരാതനകാലംമുതല്ക്കുതന്നെ ഇന്തോചൈന ചൈനയുമായി വളരെ ബന്ധപ്പെട്ടു കിടക്കുന്നു. ചൈനീസ് കയ്യെഴുത്തുരേഖകളിൽ ബി. സി. ൨൦൦൦ വർഷങ്ങൾക്കു മുമ്പുപോലും ഈ രാജ്യവുമായിട്ടുള്ള നയതന്ത്രബന്ധത്തെപ്പറ്റി രേഖപ്പെടുത്തീട്ടുണ്ട്. കൂടക്കൂടെ ചൈനയിൽനിന്നും ആക്രമണവും ഉണ്ടായിരുന്നു. ഇന്തോചൈനയിലെ ജനങ്ങൾ അവയെ വീറോടെ ചെറുത്തുനിന്നിരുന്നു. ചൈനയുടെ സാമീപ്യവും തുടരെയുള്ള ആക്രമണവും ചൈനയുടെ സംസ്കാരം വിയറ്റ്നാമിലേക്കു പകരുവാൻ സഹായിച്ചിരുന്നു. ചൈനയുടെ സ്വാധീനശക്തി കേന്ദ്രീകൃതവും, സുശക്തവുമായ ഭരണസമ്പ്രദായത്തിന്റെ വിത്തുകൾ അക്കാലങ്ങളിൽ തന്നെ ഇന്തോചൈനയിൽ പാകിക്കഴിഞ്ഞു.

ഏ. ഡി. ൯൩൯ അവസാനത്തോടുകൂടി ഒരു ദീർഘസമരത്തിനുശേഷം വിയറ്റ്നാം ചൈനീസ് ആധിപത്യത്തിൽനിന്നും വേർപെട്ടു. ഹ്യൂ ചക്രവർത്തിമാരുടെ അധീനത്തിൽ പത്തൊമ്പതാം ശതാബ്ദാവസാനംവരെ വിയറ്റ്നാം ജനത ഐക്യത്തോടുകൂടി വർത്തിച്ചുപോന്നു. എന്നാൽ ഫ്രഞ്ചുകാരാകട്ടെ, ഭരണസൌകര്യാർത്ഥം, വിയറ്റ്നാമിനെ റോങ്കിൻ, അന്നാം, കൊച്ചിൻചൈന എന്ന് മൂന്നു തുണ്ടുകളായി വിഭജിച്ചു. ഈ വിഭജനം രാജ്യത്തെ വിവിധരാഷ്ട്രീയവിഭാഗങ്ങളാക്കിയെങ്കിലും, ജനതയുടെ ഐക്യമനോഭാവത്തെ തുലയ്ക്കുവാൻ സാധിച്ചില്ല.

ഇന്തോചൈനയിൽ ഫ്രഞ്ചാധിപത്യം സ്ഥാപിച്ചതു് മൂന്നു ഘട്ടങ്ങളിലായാണ്. നെപ്പോളിയൻ മൂന്നാമൻമുതൽ ബാവോദായി ൧൯൪൫-ൽ ഇന്തോചൈനയുടെ ചക്രവർത്തിപദം സ്വീകരിച്ചതുവരെ ആദ്യകാലഘട്ടമായി പരിഗണിക്കാം.

ഫ്രഞ്ചുകാർ ൧൭൮൭-ൽ എഴുതിയുണ്ടാക്കിയ സംരക്ഷണ ഉടമ്പടി അനുസരിച്ച് ആധിപത്യം ആദ്യകാലങ്ങളിൽ സംരക്ഷിച്ചുവന്നുവെങ്കിലും, ആഭ്യന്തരഭരണം ചക്രവർത്തിയുടെ അധീനത്തിൽതന്നെയാണ് നടന്നുപോന്നതു്.

ഈ നില മൂന്നുകൊല്ലങ്ങൾക്കുശേഷം ഏതാനും ഫ്രഞ്ചുഡിക്രികൾ മുഖാന്തിരം പാടേ മാറി. "കി" എന്നറിയുന്ന മൂന്നു സംസ്ഥാനങ്ങൾക്കു പുറമേ ലയോസ്, കാമ്പോഡിയാ, എന്ന സമതല സംസ്ഥാനങ്ങളുംപ്പെടെ ഫ്രഞ്ചുകാർ ഒരു "ഇന്തോചൈനീസ് യൂണിയൻ" സ്ഥാപിച്ചു. ക്രമേണ, ആഭ്യന്തരകാര്യങ്ങളും ഫ്രഞ്ചുകാർ കരസ്ഥമാക്കുകയും, അങ്ങനെ കൊളോണിയലാധിപത്യത്തിന്റെ പരിപൂർണ്ണതയിലേക്കു നീങ്ങുകയുംചെയ്തു.

൧൯൨൫-ൽ "കായ്ഡിൻ" ചക്രവർത്തി മരിച്ചു. ഏകദേശം അതേസമയത്തുതന്നെ ഉണ്ടായ ഒരു കൺവൻഷൻപ്രകാരം, പ്രോവിൻസുകളുടെ ശക്തി നശിപ്പിക്കുകയും, അതിനോടുകൂടി ചക്രവർത്തി നാമാവശേഷമായി തീരുകയുംചെയ്തു. ഇതിനുശേഷം കൊളോണിയലാധിപത്യം അതിന്റെ തനിനിറത്തിൽ അടുത്ത പതിനഞ്ചുസംവത്സരങ്ങളിൽ നടമാടി. ചുരുക്കത്തിൽ ഇന്തോചൈനയെ ഫ്രാൻസിനെ പുഷ്ടിപ്പെടുത്തുന്നതിന് ഉപയുക്തമാക്കത്തക്കവണ്ണം എല്ലാ നടപടികളും ഫ്രഞ്ചുകാർ സ്വീകരിച്ചു.

ജപ്പാൻകാരുടെ സൈന്യം ൧൯൪൦-ൽ ഇന്തോചൈനയിൽ പ്രവേശിച്ചപ്പോൾ ഫ്രഞ്ചുകാർ യാതൊരു പ്രതിരോധത്തിനും തയ്യാറായില്ല. ശത്രുക്കളുമായി സഖ്യം പുലർത്തുന്നതിനാണ് അവർ ഒരുമ്പെട്ടതു്. നാട്ടുകാരോ അഭിമുഖീകരിച്ച പ്രശ്നം ഒന്നുകിൽ യുദ്ധം ചെയ്യുക, അല്ലെങ്കിൽ മരിക്കുക എന്നായിരുന്നു. എന്തെന്നാൽ ഭൂരിപക്ഷം ജനങ്ങളും കൊളോണിയലിസത്തെയും ഫാസിസത്തേയും ഒന്നുപോലെ വെറുത്തിരുന്നു. അങ്ങിങ്ങായി പൊട്ടിപ്പുറപ്പെട്ട എതിർപ്പുകൾ ജപ്പാന്റെ സംഖ്യാബലംകൊണ്ടു് നിഷ്പ്രയാസം അമർത്തപ്പെട്ടു. ഫ്രഞ്ചുകാരുടെ പരാജയം, ജപ്പാൻകാരുടെ യുദ്ധകാലചെയ്തികൾ - ഈ അനുഭവങ്ങൾ ജനതയെ തങ്ങളുടെ കഷ്ടാവസ്ഥയെപ്പറ്റി ചിന്തിപ്പിക്കുന്നതിന് പര്യാപ്തമാക്കി. ഈ അനുഭവങ്ങളിൽനിന്നും ഉടലെടുത്തതാണ്; ഇന്ന് ഇന്തോചൈനയിലാകമാനം ആളിക്കത്തുന്ന ദേശീയത്വം. ദേശീയവാദികളും; ഗവണ്മെന്റ് വിരുദ്ധസംഘടനകളും ചൈനയിലേക്കു് കടന്നു് ൧൯൪൫-ൽ ഹോയിമിന്റെ നേതൃത്വത്തിൽ "വിയറ്റ്മിൻ" ഗവണ്മെണ്ടു് രൂപീകരിക്കയും കൊളോണിയലിസത്തിനും ഫാസിസത്തിനും എതിരായി ഒരു പ്രവർത്തനപദ്ധതിയിലേർപ്പെടുകയുമുണ്ടായി.

യുദ്ധാവസാനസന്ധിയനുസരിച്ച് ഇരുപതാംഡിവിഷനിലെ ഇൻഡ്യനും ബ്രിട്ടീഷുംസേന സെയ്ഗോണിൽ പ്രവേശിച്ചപ്പോൾ കണ്ടതു് സെയ്ഗോണിലും, പ്രാന്തപ്രദേശങ്ങളിലും ദേശീയപതാകപാറുന്നതാണ്. യുദ്ധകാലത്തുതന്നെ ജപ്പാൻകാർ ചക്രവർത്തിയുടെ അധികാരത്തിൻ കീഴിൽ വിയറ്റ്നാമിനെ ഒരു സ്വതന്ത്രരാജ്യമായി അംഗീകരിച്ചു കഴിഞ്ഞിരുന്നു. ഫ്രഞ്ചുകാർ തിരിച്ചുവന്നതോടുകൂടി ഇരുസൈന്യങ്ങൾ തമ്മിൽ കൂട്ടിമുട്ടലുകളുണ്ടായെങ്കിലും അക്ടോബറിലെ യുദ്ധവിരാമസന്ധിമൂലം അന്തരീക്ഷം ശാന്തമായി. ൧൯൪൬ മാർച്ച് ആദ്യം ഹാനോയിൽവച്ച് ഫ്രഞ്ചുഗവണ്മെണ്ടു് ഹോയിമിനുമായി ഉടമ്പടിയിലേർപ്പെടുകയും, അതുപ്രകാരം അന്നാമിനു് ഇന്തോചൈനീസ് യൂണിയനിൽ പ്രത്യേക അംഗീകാരം ലഭിക്കയുമുണ്ടായി. വിയറ്റ്നാം റിപ്പബ്ളിക്കിനു്, സേനയും, ധനകാര്യവും സ്വന്തമായി കൈകാര്യം ചെയ്യാമെന്നും; വിയറ്റ്നാം ഫ്രഞ്ചുസേനയെ അംഗീകരിക്കണമെന്നും കുഴപ്പങ്ങൾ ഇരുകക്ഷികളും അവസാനിപ്പിക്കണമെന്നും ഈ വ്യവസ്ഥകളിൽ അടങ്ങിയിരുന്നു. വിയറ്റ്നാമിന്റെ അന്തർദ്ദേശീയകാര്യങ്ങൾ ചർച്ചചെയ്യുന്നതിനു് അടുത്തുതന്നെ വീണ്ടും കൂടുമെന്നും അതിൽ പറഞ്ഞിരുന്നു.

ഇന്തോ ബ്രിട്ടീഷു് സ്വാധീനം ൧൯൪൬ മാർച്ചുമാസത്തിൽ പിൻവലിക്കയുണ്ടായി. അതിനെത്തുടർന്നു് കൊച്ചിൻചൈനയെ ഫ്രഞ്ചുഗവണ്മെണ്ടു് സ്വതന്ത്രറിപ്പബ്ളിക്കായി പ്രഖ്യാപിച്ചു. ജൂലൈ ൧൯൪൬-ൽ വിളിച്ചുകൂട്ടിയ "ഫോൺടേൻബ്ലോ" കോൺഫറൻസിൽ ഇന്തോ-ചൈനീസു യൂണിയന്റെ പൊതുരൂപവും, വിയറ്റ്നാമിനുള്ള സ്ഥാനവും ചർച്ചചെയ്യുകയുണ്ടായി. പരസ്പരവിരുദ്ധങ്ങളായ ആശയസംഘട്ടനംമൂലം കോൺഫറൻസിന്റെ ഉദ്ദേശങ്ങൾ നിഷ്ഫലങ്ങളായി. അടുത്തുതന്നെ "ഡലാറ്റി"ൽ കൂടിയ കോൺഫറൻസിൽ, ലയോസും, കാമ്പോഡിയയും, കൊച്ചിൻചൈനയും പങ്കുകൊണ്ടു. ഇതിൽനിന്നും വിയറ്റ്നാം ഒഴിഞ്ഞു നില്ക്കുകയാണുണ്ടായതു്.

സെപ്തംബർ മദ്ധ്യത്തോടുകൂടി ഇരുകക്ഷികളും കലഹങ്ങൾ അവസാനിപ്പിക്കുന്നതിനും പ്രജായത്തഭരണം സ്ഥാപിക്കുന്നതിനും തീരുമാനങ്ങൾ അടങ്ങിയ ഒരു പ്രവർത്തനപദ്ധതിയിൽ ഹോചിമിനും ഫ്രഞ്ചുഗവണ്മെണ്ടും ഒപ്പുവെച്ചു. എന്നാൽ നവമ്പർ അവസാനത്തോടുകൂടി കൂടുതൽ ഫ്രഞ്ചുസേന വിയറ്റ്നാമിൽ കടന്നുകൂടുകയും യുദ്ധംവീണ്ടും ആരംഭിക്കുകയും ചെയ്തു. ഫ്രഞ്ചുകാർ സമാധാനസ്ഥാപനത്തിനു് ചില വ്യവസ്ഥകളുമായി ഹോചിമിനെ സമീപിച്ചു. ഈ വ്യവസ്ഥകളെ മുഴുവനായി നിരാകരിക്കുകയോ, സ്വീകരിക്കുകയോ ചെയ്യുക എന്നായിരുന്നു പ്രഖ്യാപനം. പ്രത്യേകം സേനയെ രൂപീകരിക്കുന്നതിനോ, നയതന്ത്രബന്ധം പുലർത്തുന്നതിനോ സമ്മതിക്കുന്നില്ല എന്ന കാരണത്താൽ ഹോചിമിൻ അതിനെ നിരാകരിക്കയുണ്ടായി.

ഹോചിമിനുമായുള്ള അകൽച്ചയോടുകൂടി, ഫ്രഞ്ചുകാർ മുമ്പു അന്നാം ചക്രവർത്തിപദമൊഴിഞ്ഞ ബാവോദായിയെ സമീപിക്കുകയും ൧൯൪൯ മാർച്ചുമാസത്തിൽ ബാവോദായിയുമായി ഒരു ഒത്തുതീർപ്പിൽ എത്തിച്ചേരുകയുംചെയ്തു. ഈ ഒത്തുതീർപ്പുപ്രകാരം ബാവോദായിക്കു നാമമാത്രമായ അധികാരം മാത്രമാണു ലഭിച്ചതു്. ഹോചിമിൻ നിരാകരിച്ച വ്യവസ്ഥകളാണു ബാവോദായി സ്വാഗതംചെയ്തതു്. ജൂണിൽ കൊച്ചിൻചൈനയുടെ ഭരണം ബാവോദായിഗവണ്മെന്റിനു നൽകുകയും ജൂലൈയിൽ ലയോസ് ഫ്രഞ്ചുയൂണിയനിൽ ഒരു സ്വതന്ത്രരാജ്യമായി പ്രഖ്യാപിക്കുകയുംചെയ്തു.

ഹോചിമിൻ ഈ വെല്ലുവിളി സ്വീകരിച്ചു രാജ്യമാകമാനം വിദ്ധ്വംസപ്രവർത്തനങ്ങൾ അഴിച്ചുവിടുകയും ചെയ്തു. ഒരു യുദ്ധത്തിനുള്ള ഒരുക്കങ്ങളും ഇതിനോടുകൂടിത്തന്നെ ആരംഭിച്ചുകഴിഞ്ഞിരുന്നു. ൧൯൫൦ ജനുവരി ൧൮-ന വിയറ്റ്നാം ഡെമോക്രാറ്റിക്കുറിപ്പബ്ളിക്കായി പ്രഖ്യാപിച്ചതിനെത്തുടർന്നു റഷ്യ, ചൈന, റുമേനിയ, ഹംഗേറിയ, ബാൾഗേറിയ ഈ രാജ്യങ്ങൾ റിപ്പബ്ളിക്കിനെ അംഗീകരിക്കുകയും ചെയ്തു. ബാവോദായിയാകട്ടെ മാർച്ചുഉടമ്പടി പ്രയോഗത്തിൽവരുത്തുന്നതിനു അനവധി വ്യവസ്ഥകളിലേർപ്പെടുകയും ഡിസമ്പർ ൩൦-ന ഭരണം ഫ്രഞ്ചുഹസ്തങ്ങളിൽനിന്നു ഏറ്റുവാങ്ങുകയുംചെയ്തു. അതിനെത്തുടർന്നു അമേരിക്ക, ഇംഗ്ലണ്ടു്, ബൽജിയം, നെതർലണ്ടു്, ആസ്ട്രേലിയ, ഗ്രീസ്, തായ ലാണ്ടു് ഈ രാജ്യങ്ങൾ അംഗീകാരം നൽകുകയുണ്ടായി.

ചേരിതിരിഞ്ഞുള്ള അംഗീകാരം ഇന്തോചൈനയെ ലോകത്തെ വിഷമമേറിയ പ്രശ്നങ്ങളിൽ ഒന്നാക്കിത്തീർത്തിരിക്കുന്നു. റഷ്യയും അമേരിക്കയുമായുള്ള ശീതയുദ്ധത്തിലെ പ്രധാന രംഗം ഇന്നു ഇന്തോചൈനയാണ്. ചൈനയിലെ കമ്യൂണിസ്റ്റുകളുടെ വിജയം മറ്റെല്ലാം ഏഷ്യൻരാജ്യങ്ങളിലെ ദേശീയസമരങ്ങൾക്കും പുതിയ ഉണർവുണ്ടാക്കിയിട്ടുണ്ട്. ചൈനയുമായുള്ള മുമ്പത്തെ സാംസ്കാരികബന്ധം പുതിയ വ്യവസ്ഥയിലും ഇന്തോചൈനയിലെ ജനതയുടെ അഭിലാഷങ്ങൾക്കു കൂടുതൽപ്രചോദനം നൽകുന്നതിനു സഹായിക്കുന്നതായി കാണാം.

ചാങ്ക്ഷേയുടെ പതനത്തിനുശേഷം അമേരിക്ക ഏഷ്യയിൽ കമ്യൂണിസം തടഞ്ഞുനിറുത്തുവാൻ വെമ്പൽകൊള്ളുകയാണ് ഇതിടുക്കത്തിൽ നിലവിലുള്ള അന്തർദ്ദേശീയനിയമം പോലും അതിലംഘിച്ചിരിക്കുന്നു. അമേരിക്കൻസ്ഥാനപതിയായ ജെസ്സപ്പ് "മോൺ ലാ ഓഫ നേഷൻസ്" എന്ന പുസ്തകത്തിൽ പരിപൂർണ്ണസ്വാതന്ത്ര്യമുള്ള രാജ്യത്തെ മാത്രമേ അംഗീകരിക്കാവൂ എന്നു് വ്യക്തമായി പറഞ്ഞിട്ടും കമ്യൂണിസത്തെ തടയുവാനുള്ള പരിശ്രമത്തിൽ അമേരിക്ക ലോകമര്യാദയെപ്പോലും അവഗണിച്ചതായിക്കാണാം.

ബവ്ദോയി ഗവണ്മെന്റിനു് ജനങ്ങളുടെ പിൻതുണ തുലോം പരിമിതമാണ്. അടുത്തുണ്ടായ മന്ത്രിസഭാക്കുഴപ്പം ആശ്രിതന്മാരിൽ പോലുമുള്ള അവിശ്വാസവും, ഭിന്നിപ്പും വിളിച്ചറിയിക്കുന്നു. ഹോചിമിൻ വിയറ്റ്നാമികളുടെ നേതാവാണ്. ജാപ്പനീസ് ഫാസിസത്തേയും, ഫ്രഞ്ചുകൊളോണിയലിസത്തേയും ചെറുത്തുനില്ക്കുവാൻ ജനങ്ങൾക്കു് കെല്പോടുകൂടിയ നേതൃത്വം നൽകിയിട്ടുണ്ട്. ഹോചിമിൻ കമ്യൂണിസ്റ്റുകാരനെങ്കിലും ഇന്നത്തെ വിയറ്റ്മിൻ ഗവണ്മെണ്ടു് എല്ലാ വിഭാഗക്കാരേയും ഉൾപ്പെടുത്തിയ ഒരു കൂട്ടമന്ത്രിസഭയോടുകൂടിയതാണ്. യുദ്ധകാലപരിതഃസ്ഥിതികളിൽപോലും സാധാരണക്കാരന്റെ ക്ഷേമത്തിനുവേണ്ടി മുൻകൈയെടുത്തു പ്രവർത്തിച്ച നേതാവെന്ന നിലയിൽ വിയറ്റ്നാമികളുടെ പരിപൂർണ്ണവിശ്വാസവും പിൻതുണയും ഹോചിമിനുണ്ട്.

ഫ്രഞ്ചുഗവണ്മെന്റ് ഇന്തോചൈനയിലെ സമരത്തിനു് ഫ്രഞ്ചുബഡ്ജറ്റിൽ ഒരു നല്ല പങ്കു മാറ്റിവയ്ക്കുന്നുണ്ട്. മാർഷൽപദ്ധതി മുഖാന്തിരം കിട്ടിയ ഡോളർ മുഴുവൻ ഇതിനകം ചിലവഴിച്ചുകഴിഞ്ഞു. പ്രതിദിനം ൧,൦൦,൦൦൦ ഡോളർ കവിഞ്ഞു ചിലവു വരുന്ന ഈ ഭാരിച്ചചുമതല ഇനിയും നീട്ടിക്കൊണ്ടുപോകുന്നതിനു് ഫ്രാൻസിലെ ജനങ്ങളുടെ ഒരു പ്രധാനവിഭാഗത്തിന്റെ പിൻതുണ ഇല്ലതന്നെ. ഒന്നരലക്ഷത്തോളം വരുന്ന ഫ്രഞ്ചുസേന ഹോചിമിന്റെ സേനയുമായി എതിരിടുവാൻ മതിയാകാതെ വന്നിരിക്കുന്നു. വിയറ്റ്മിനു് ചൈന ആയുധങ്ങൾ എത്തിച്ചുകൊടുക്കുന്നതായി റിപ്പോർട്ടുകൾ ഉണ്ടു്. അമേരിക്ക ഫ്രഞ്ചുഗവണ്മെന്റിനു് ൧൫,൦൦൦,൦൦൦ ഡോളർ ആയുധസഹായമായി നൽകിക്കഴിഞ്ഞു. ച്യാങ്ക്ഷേയുടെ വിധിയെ അനുസ്മരിപ്പിക്കുന്ന ഈ സഹായങ്ങൾ ബാവോദായിയുടെ പതനത്തിനു് വേഗതകൂട്ടുകമാത്രമാണ് ചെയ്യുന്നതു്. ഏഷ്യയിലെങ്ങും അലയടിച്ചുയരുന്ന ദേശീയതിരകളിൽ കൊളോണിയലിസം വച്ചുപുലർത്തുവാനുള്ള പാശ്ചാത്യശക്തികളുടെ അവസാനസംരംഭം നിഷ്ഫലമാകുമെന്നതിനു് സംശയമില്ല. എന്നാൽ സംഭവവികാസങ്ങൾ ഏറെക്കുറെ അമേരിക്കയുടെ നയത്തെ ആശ്രയിച്ചിരിക്കും. ഒന്നുകിൽ അമേരിക്കയുടെ സൈനികതീരുമാനങ്ങൾ അടുത്ത യുദ്ധത്തിനുള്ള തീകൊളുത്തും, അല്ലെങ്കിൽ തെക്കുകിഴക്കെ ഏഷ്യയിൽ പാശ്ചാത്യശക്തികളുടെ ആധിപത്യം അടുത്തുതന്നെ അവസാനിക്കും.

—o—

---

റൊരു സ്ത്രീയെ കല്യാണം കഴിക്കുന്നതു് ശിക്ഷാർഹമാണ്. പ്രതികളുടെതക്കം, തൃശ്ശിനാപ്പള്ളി മജിസ്ട്രേട്ടു കോടതയിൽ ഈ അന്യായം സ്വീകരിക്കുന്നതിനു് അധികാരമില്ലെന്നും വിവാഹം നടന്നകോടതി അതിർത്തിയായ തിരുവനന്തപുരം മജിസ്ട്രേട്ടുകോടതിക്കുമാത്രമേ അധികാരമുള്ളു എന്നുമാണ്—മദ്രാസ ഹൈക്കോടതി പ്രതിയുടെതക്കം സ്വീകരിച്ചു അന്യായംതള്ളി—ഈ വിധി ഗുരുതരമായ ഒരു പ്രശ്നം ഉണ്ടാക്കിയിരിക്കുന്നു. തിരുവിതാംകൂറിൽ Hindu Bigamy Prevention and Divorce Act എന്ന നിയമമല്ല - ഹിന്ദുലാ മാത്രമേയുള്ളു. ഹിന്ദുലാ പ്രകാരം പുനർവിവാഹം ശിക്ഷാർഹമല്ല. ആയതിനാൽ മേൽപറഞ്ഞ കേസ് തിരുവനന്തപുരത്തുകോടതിയിൽ ഫയൽചെയ്താൽതന്നേയും പ്രതികളെ ശിക്ഷിക്കുവാൻ നിവൃത്തിയില്ല. ഇൻഡ്യാ ഒരു അവിഭാജ്യരാഷ്ട്രമായി തീർന്നിട്ടുണ്ടെങ്കിലും നിയമങ്ങൾക്കു ഐകരൂപ്യം വരുത്തീട്ടില്ലാത്തതിനാൽ വന്ന ദൂഷ്യമാണ്—മദ്രാസിലെ ഒരുവനു് ബഹുഭാര്യാത്വം വേണമെങ്കിൽ, സ്ത്രീയേയുംകൊണ്ടു് തിരുവിതാംകൂറിലോ കൊച്ചിയിലോ ചെന്നു വിവാഹം കഴിച്ചാൽമതി—അയാൾ മദ്രാസിലെചട്ടത്തിനു് വിധേയനാകുകയില്ലെന്നു മാത്രമല്ല, മദ്രാസിലെ ചട്ടത്തിനെ ധൈര്യമായി അവഹേളിക്കുകയും ചെയ്യാവുന്നതാണ്.

—o—

സിനിമാപംക്തി

# ശ്രീമതി ആറന്മുള പൊന്നമ്മ

കെ. കെ. ഗുണ്ടം

ഒരു ഇംഗ്ലീഷ് സിനിമയിൽ സുപ്രസിദ്ധ സിനിമാനടനായ ബിംഗ് ക്രാസ്ബി ഹാളിവുഡിൽ സൌന്ദര്യവതികളായ താരങ്ങളിൽ ഒരാളായ ജോവാൻഫൊണ്ടെയിനെ ചുംബിക്കുന്നതായ ഒരു രംഗം ചലച്ചിത്രത്തിൽ വരുത്തുന്നതിന് ഇരുപത്തിഅയ്യായിരം ഡാളർ പാരമൌണ്ട് ചിത്രനിർമ്മാതാക്കൾ ചെലവാക്കിയത്രെ. ഒരു മിനിററും അഞ്ചു സെക്കൻറും പ്രദർശനസമയം എടുക്കുന്ന ഒരുനൂററിപ്പത്തടി ഫിലിം ഈ അതിനശ്വരരംഗം ചിത്രീകരിക്കുന്നതിന് ഉപയോഗപ്പെടുത്തി. ഇതിന് പശ്ചാത്തലപ്രദേശമായി സ്വീകരിക്കപ്പെട്ടതു് കനഡായിലെ റാക്കീസ് പർവ്വതനിരകളായിരുന്നു. ഇതിലേക്ക് സകല സാമഗ്രികളോടുംകൂടി ഫിലിംസംഘം രണ്ടായിരം മൈൽ യാത്രചെയ്യേണ്ടതായിവന്നു. ഇവയെല്ലാം പുറമെ ക്ലോസപ്പ് പടം എടുക്കുന്നതിനായി പർവ്വതത്തിനുസമീപം സ്ഥിതിചെയ്യുന്ന ലീച്ച്സരസ്സിൽ ഒരു ജംഗമോദ്യാനംതന്നെ വളരെ പണം ചെലവുചെയ്തു് നിർമ്മിച്ചു. ഇപ്രകാരം പാശ്ചാത്യരാജ്യങ്ങളിലെ ചലച്ചിത്രനിർമ്മാതാക്കൾ ചെലവുചെയ്യുന്ന വമ്പിച്ച തുകകളും വൈദഗ്ദ്ധ്യത്തോടുകൂടി അഭിനയിക്കുന്നതിന് സാമർത്ഥ്യശാലികളായ നടന്മാരെ തെരഞ്ഞെടുക്കുന്നതിനുള്ള അശ്രാന്തപരിശ്രമങ്ങളും വിവിധങ്ങളായ പശ്ചാത്തലസംവിധാനങ്ങൾ ആരാഞ്ഞറിയുന്നതിനുള്ള ഗവേഷണങ്ങളുംമററും അറിയുമ്പോൾ നാം അത്ഭുതപരതന്ത്രരാകുന്നതിൽ അത്ഭുതത്തിനവകാശമില്ല. അങ്ങിനെയിരിക്കെ അവയുമായി കേവലം ശൈശവാവസ്ഥയിൽ മാത്രം സ്ഥിതിചെയ്യുന്ന നമ്മുടെ മലയാളചലച്ചിത്രനിർമ്മാണവുമായി താരതമ്യപ്പെടുത്തി നിരൂപണംചെയ്യാൻ ഉദ്യമിക്കുന്നതു് തികച്ചും അനുചിതമാണ്. അവയ്ക്കു് സാമ്യമായിട്ടെങ്കിലും ഒരു നില കൈവരുത്തുന്നതിന് നാം എത്രകാലം കാത്തിരിക്കേണ്ടതായിവരുമെന്ന് തീർച്ചപ്പെടുത്താവുന്നതുമല്ല.

മലയാളചലച്ചിത്രങ്ങളിൽ കൈലാസ് പിക്ചേഴ്സ് തയ്യാറാക്കിയിട്ടുള്ള 'ശശിധരൻ' എന്ന് പടം മററു് മലയാളപടങ്ങളെ അപേക്ഷിച്ചു് വളരെ അധികം ആളുകളെ ആകർഷിച്ചുകൊണ്ടിരിക്കയാണ്. അതിൽ അഭിനയിച്ചിട്ടുള്ള എല്ലാപേരും അവരവരുടെ ഭാഗങ്ങൾ കഴിയുംവണ്ണം ഭംഗിയാക്കാൻ ശ്രമിച്ചിട്ടുള്ളതും ഏറെക്കുറെ വിജയിച്ചിട്ടുണ്ടെന്നുള്ളതും സംശയമററ സംഗതിയാണ്. അഭിപ്രായവ്യത്യാസങ്ങളും നിരൂപണങ്ങളും പലതുംഉണ്ടാകയുംചെയ്തിട്ടുണ്ട്. ശശിധരൻ മലയാളപ്പോകാൻതീർച്ചയാക്കി വിലാസിനിയുമായി വേർപിരിയുന്നഭാഗം അഭിനയിച്ചിരിക്കുന്നതു് ചിലക്ക് അരോചകമായി കാണുന്നുണ്ട്. ആ പരിരംഭണരംഗം അവരെക്കൊണ്ട് പടത്തിൽചെയ്യിക്കേണ്ടതില്ലായിരുന്നുവെന്നും മററുമാണ അവരുടെ വാദഗതി. വിദ്യാസമ്പന്നയും കുലീനയും സർവ്വോപരി അഭിനയപാടവംകൊണ്ടും മററും വിഖ്യാതയായിത്തീർന്നിരിക്കുന്ന നർഗ്ഗീസ് "അന്ദാസ്" എന്ന പടത്തിൽ സന്തോഷാധിക്യത്താൽ പിതാവിൻെറ കണ്ഠത്തിൽ പുത്രി കൈകൾകെട്ടി തൂങ്ങിനിൽക്കുന്നഭാഗം അഭിനയിച്ചിരിക്കുന്ന ആ രംഗം കാണുമ്പോൾ എന്തായിരിക്കും അഭിപ്രായം എന്നറിയുന്നില്ല. പ്രേമബദ്ധരായ രണ്ടാത്മാക്കൾ അനിവാര്യങ്ങളായ സംഭവഗതികളുടെ ഞെരുക്കത്താൽ വേർപെടേണ്ടിവന്നിരിക്കയും യാത്രാനമതിക്കു അവർ സന്ധിക്കുകയും ചെയ്യുന്ന ആ ദുർല്ലഭ അവസരത്തിൽ, പകർച്ചവ്യാധിബാധിതനെ പെട്ടെന്നു സമീപിച്ചതുപോലെയോ ഇലക്ട്രിക് ഷാക്ക ഏററതുപോലെയോ വെട്ടിമാറിനിൽക്കുന്നതായികാണിക്കുന്നതു് എത്രകണ്ട പടത്തിനു വൈരൂപ്യമുണ്ടാക്കികാണിക്കുമെന്നു ആലോചിക്കേണ്ടതുണ്ട്. ചലച്ചിത്രനിരൂപണപ്രസ്ഥാനം ഇനിയും വേണ്ടത്ര ഇവിടെ വളർന്നുകഴിഞ്ഞിട്ടില്ലെന്നുള്ളതു് സമ്മതിച്ചേ കഴിയൂ. ചലച്ചിത്രത്തിൽ അഭിനയവും ഒരു കലയാണ്. അതിലെ അഭിനയകല ഒരു മുഗ്ദ്ധയായ ബാലികയാണെങ്കിൽ നിരൂപണം അവളുടെ രക്ഷാകർത്തൃത്വം ഏററിരിക്കുന്ന പ്രഗത്ഭയായ മാതാവായിരിക്കണം. ധർമ്മബോധത്തോടും എന്നാൽ സർവ്വപ്രധാനമായ സൌന്ദര്യബോധത്തോടുംകൂടിയ പരിലാളന ഏററുവേണം അവൾ പ്രൌഢമായ യൌവനത്തിൽ എത്തിച്ചേരേണ്ടതു്. അതങ്ങിനെ നിൽക്കട്ടെ.

ശശിധരനിൽ ശ്രീമതി പൊന്നമ്മ അതിലെ പത്രാധിപർ പറയുന്നതുപോലെ "ആ ചെങ്കശേരിയിലെ കല്യാണി"യുടെ ഭാഗം അഭിനയിച്ചിരിക്കുന്നതിനെപ്പററിയാണ അല്പം പറയാനാഗ്രഹിക്കുന്നതു്. സംഗീതത്തിലും നാടകവേദിയിലും വേണ്ടവിധം വിഖ്യാതി ലഭിച്ചിട്ടുള്ള ശ്രീമതി പൊന്നമ്മ കേരളീയക്ക അപരിചിതയല്ല. എന്നാൽ ശ്രീ. പൊന്നമ്മ ചലച്ചിത്രത്തിൽ ഇദംപ്രഥമമായിട്ടാണ രംഗപ്രവേശം ചെയ്തിട്ടുള്ളതെന്നു പറയപ്പെടുന്നു. ഇതു് ശരിയാണെങ്കിൽ പ്രഥമോദ്യമത്തിൽതന്നെ അതിശയനീയമാംവണ്ണം വിജയിച്ചിട്ടുണ്ടെന്നു പറയുന്നതിൽ അഭിപ്രായവ്യത്യാസമുണ്ടാവാൻ തരമില്ല. ശശിധരനിൽ ശ്രീ. പൊന്നമ്മ കല്യാണിയായി അഭിനയിക്കുകയല്ല ചെയ്തതു് എന്നു പറയുന്നതാണ കുറേക്കൂടി ശരി. ശ്രീ. പൊന്നമ്മ സാക്ഷാൽ കല്യാണിയായി പ്രത്യക്ഷപ്പെടുകയാണ ചെയ്തിരിക്കുന്നതെന്നു കഥാബോധവും കലാബോധവും ഉള്ളവർ സശിരഃകമ്പം സമ്മതിച്ചേ മതിയാവൂ. വിവിധവികാരങ്ങളെ സ്ഫുടീകരിച്ചു വിജയപൂർവ്വം അനായാസേന പ്രകടിപ്പിക്കുന്നതിൽ വിഖ്യാതരായ നടീനടന്മാർക്കുള്ള അതിശയനീയമായ പാടവത്തിൻെറ പരമരഹസ്യം കലാവിഭാഗത്തിൻെറ ജീവത്സ്പർശിയായ ഈ വാഷയത്തിൽ, ദൈവദത്തമായോ നിരന്തരഅഭ്യാസത്താലോ അതിൽ അവക്ക സംസിദ്ധമായ ഒരു പിടി (hold) യാണെന്നാണ കലാമർമ്മജ്ഞകാവിദന്മാരുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായം. ഈ നിഗമനത്തിൻെറ അടിസ്ഥാനത്തിൽ പായുകയാണെങ്കിൽ ശ്രീ: പൊന്നമ്മയ്ക്കും ഈ കലാവിഭാഗത്തിൽ ഒരു പിടി സ്വായത്തമായിട്ടുണ്ടെന്നു കലാരസികന്മാർക്കു കാണാവുന്നതാണ്. സംശയാസ്പദമായ ജീവിതക്രമങ്ങൾ അനുഷ്ഠിച്ചുപോന്നിരുന്ന മാതാവു് പുത്രിയുടെപ്രേമസംബന്ധമായ സംരംഭങ്ങളിൽനിന്നും വിരമിപ്പിച്ചു തൻെറ ഇഷ്ടംപോലെയോ അനുസരിപ്പിക്കുന്നതിനുള്ള വെമ്പലോടുകൂടി പ്രകടിപ്പിക്കുന്ന ആജ്ഞാശക്തിയുടെ സ്ഫുടതയും തന്മയത്വവും ഹാളിവുഡ്ഡിലെ സുപ്രസിദ്ധതാരങ്ങളിൽ ഒരാളായ മേരി ആസ്റ്ററിൻെറ അഭിനയചാതുര്യത്തെ ചില ഘട്ടങ്ങളിൽ ശ്രീ: പൊന്നമ്മ അതിശയിപ്പിക്കത്തക്കനിലയിൽ ഫലിപ്പിച്ചിട്ടുണ്ടെന്നുതന്നെ പറയാം. മാതൃപുത്രീബന്ധത്തെ കേന്ദ്രീകരിച്ചു നിർമ്മിക്കപ്പെട്ട Desert Fury എന്നു ഒരു ഇംഗ്ലീഷ് ചലച്ചിത്രം ഉണ്ട്. ഒരു രഹസ്യചൂതുകളിശാലയുടെ നടത്തിപ്പുകാരിയും അവമാനാർഹമായ ജീവിതം അവലംബിച്ചിരുന്നവളുമായ ഒരു മാതാവു് തൻെറ വാസ്തവപരിതഃസ്ഥിതിയെപ്പററി സ്വപുത്രിയിൽനിന്നും മറച്ചുവച്ചിരുന്നു എങ്കിലും കാലക്രമേണ തൻെറ "പ്ലാൻ" മുഴുവൻ തകർന്നുതുടങ്ങി. കാളേജു് വിദ്യാർത്ഥിനിയായിരുന്ന പുത്രി മാതാവിൻെറ വിക്രിയകളിൽ അമർഷം കൊണ്ടു. മാതാവും (മേരിആസ്റ്റർ) പുത്രിയും (ലിസ്ബത്ത്സ്കാട്ട്) തമ്മിൽ വാഗ്വാദം നടക്കുന്നു. ആദർശത്തിൻേറയും ന്യായത്തിൻേറയും വെളിച്ചത്തിൽ തൻെറ വാദങ്ങൾക്കു ശക്തിയില്ലെന്നു ബോദ്ധ്യപ്പെട്ട മാതാവു കുപിതയായി "പോ വീട്ടിനകത്തു" എന്നു അലറിക്കൊണ്ടു മകളുടെ ചെകിട്ടിൽ ആഞ്ഞു ഒരടികൊടുക്കുന്നു. ശശിധരനിലെ ഏകദേശം തുല്യമായ ഈ രംഗം ശബ്ദകോലാഹലങ്ങളും പ്രഹരവും കൂടാതെ ശ്രീമതി പൊന്നമ്മ അഭിനയിക്കുന്നതു എത്ര പ്രൌഢഗംഭീരമായിട്ടാണെന്നു നോക്കുക. ശോകാദിരസങ്ങളും ഭംഗിയായിട്ടഭിനയിക്കുന്നതിനുള്ള കഴിവു് ശ്രീമതി പൊന്നമ്മയ്ക്കുണ്ടെന്നു ഈ സിനിമയിൽതന്നെ തെളിയിച്ചുകഴിഞ്ഞു. ആ കല്പാടെ മലയാളചലച്ചിത്രത്തിൽ ശ്രീമതി പൊന്നമ്മ ഒരു നേട്ടമായിരിക്കുമെന്നു പ്രവചിക്കാവുന്നതാണ്. ചലച്ചിത്രത്തിൽ ഇദംപ്രഥമമായി രംഗപ്രവേശംചെയ്ത ശ്രീമതി പൊന്നമ്മയുടെ കഴിവുകൾ ഇത്രകണ്ട അഭിനന്ദനാർഹമായി കാണുന്ന സ്ഥിതിക്ക് ഈ കലാവിഭാഗത്തിൻെറ സുസ്ഥിതിക്കും സദ്യശസ്സിനും അവരുടെ കലാസമ്പത്ത് നിർല്ലോഭം പ്രദാനംചെയ്യുന്നതിനു അവക്ക സന്മനസ്സുണ്ടാകുമെന്നും മലയാളചലച്ചിത്രനിർമ്മാതാക്കൾ അതു സദയം സ്വീകരിച്ചു ഏവംവിധമുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനു സകല ശ്രമങ്ങളും ചെയ്യുമെന്നും നമുക്കു പ്രത്യാശിക്കാം.

—o—

## ഭാരതീയ സിനിമാ വ്യവസായം

—o—

ഇക്കഴിഞ്ഞ മുപ്പത്തിഏഴ വർഷത്തിനിടയിൽ ഭാരതീയ ചലച്ചിത്രവ്യവസായം അത്ഭുതാവഹമായവിധം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. ഫിലിംവ്യവസായത്തെസംബന്ധിച്ചിടത്തോളം അമേരിക്കാ കഴിഞ്ഞാൽ അടുത്തസ്ഥാനം ലഭിച്ചിരിക്കുന്നതു് ഇന്ത്യയ്ക്കാണ്. ചലച്ചിത്രനിർമ്മാണം, വിതരണം, പ്രദർശനം എന്നീ ഭിന്നവകുപ്പുകളിലായി ഏകദേശം മുപ്പതുകോടി രൂപാ ഇന്ത്യ ഈ വ്യവസായത്തിൽ മൂലധനമായി മുടക്കിട്ടുണ്ട്. ൧൦൦൦൦൦ പേരോളം ഈ വ്യവസായം മൂലം തൊഴിലിൽ ഏർപ്പെട്ടു ജീവിതം നയിക്കുന്നുമുണ്ട്.

ദന്തിരാജ് ഗോവിന്ദഫൽക്കെയായിരുന്നു ഇന്ത്യൻ ഫിലിംവ്യവസായത്തിൻെറ പിതാവു്. അദ്ദേഹം ൧൯൧൨-ഡിസംബർ മാസത്തിൽ ബോംബെയിലെ "കാറണേഷൻ" തിയേറററിൽ തൻെറ പ്രഥമ ചലച്ചിത്രമായ "രാജാ ഹരിശ്ചന്ദ്രാ" പ്രദർശിപ്പിച്ചു. ൧൯൧൮-വരെ അദ്ദേഹം ഫാൽക്കെ ഫിലിംസ് എന്ന കമ്പനി നാമധേയത്തിൽ ൨൩ ഫിലിമുകൾ നിർമ്മിച്ചു. തുടർന്നു അദ്ദേഹം ബോംബെയിലെ അഞ്ചു വ്യവസായപ്രമുഖരുമായി പങ്കുചേർന്നു തുടർച്ചയായി ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നതിന് ഹിന്ദുസ്ഥാൻ ഫിലിം കമ്പനി എന്ന പേരിൽ ഒരു കമ്പനി സ്ഥാപിച്ചു. ൧൯൨൦-നും ൧൯൩൦-നും മദ്ധ്യേ ഏകദേശം ൧൮൦ ഫിലിം നിർമ്മാണക്കമ്പനികൾ ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ടെങ്കിലും അവയിൽ "രഞ്ജിററ് മൂവിടോൺ" കമ്പനി മാത്രമെ ഇപ്പോൾ പ്രവർത്തനത്തിൽ അവശേഷിക്കുന്നൊള്ളു. ൧൯൩൧-നും ൧൯൩൯-നും ഇടയ്ക്കു് ൧൦൦൦-ൽപരം ഇന്ത്യൻ ചലച്ചിത്രങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഏകദേശം നാന്നൂറിൽപ്പരം സിനിമാ തിയേററുകളും ഉണ്ടാകുകയുംചെയ്തു. ചിത്രനിർമ്മാണത്തെയും പ്രദർശനത്തെയും ക്രമീകരിക്കുന്നതിനു ൧൯൧൮-ൽ ഇന്ത്യാഗവർമ്മെൻറ "സിനിമാറ്റോഗ്രാഫ് ആക്ട്" എന്ന നിയമവും പാസ്സാക്കി. ൧൯൨൦-ൽ ചിത്രങ്ങൾ "സെൻസർ" ചെയ്യുന്ന സമ്പ്രദായവും നടപ്പിലാക്കി.

൧൯൩൧ മാർച്ച് ൧൪-ാംനു ബോംബെയിലെ മെജസ്റ്റിക്ക തിയേറററിൽ ഇന്ത്യയിലെ പ്രഥമസ്വനച്ചലച്ചിത്രമായ "ആലം ആരാ" പ്രദർശിപ്പിക്കപ്പെട്ടു. അടുത്ത പത്തുകൊല്ലത്തിനുള്ളിൽ ൧൨൦൦-ൽപരം സ്വനച്ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നതിനു ഭാരതത്തിനു കഴിഞ്ഞു. സിനിമായിൽനിന്നു നിർമ്മാതാക്കൾ വമ്പിച്ച ലാഭം ലഭിക്കുവാൻ ആരംഭിച്ചതോടുകൂടി ഗവർമ്മെൻറ് ടിക്കററ് വിലയുടെ ൧൨½ ശതമാനത്തോളം വരുന്ന വിനോദനികുതി ചുമത്തുകയുണ്ടായി. വിവിധ പ്രവിശ്യകളിലും ഈ നികുതി നടപ്പിലാക്കി. ക്രമേണ വിനോദനികുതി വർദ്ധിപ്പിക്കുന്നതിനും ഗവർമ്മെൻറ തുനിഞ്ഞു. ഇപ്പോൾ ഏകദേശം ൫൦ ശതമാനത്തോളം നികുതി ചുമത്തുന്നുണ്ട്. ഇന്ത്യയിൽ ഏററവും കൂടുതൽ നികുതിചുമത്തപ്പെട്ടിട്ടുള്ള വ്യവസായവും സിനിമായാണ്. നാലുകോടിയിൽപരം രൂപായാണ് ഇപ്പോൾ ഗവർമ്മെൻറിനു നികുതിയിനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നതു്.

൧൯൩൨-ൽ സിനിമാനിർമ്മാണകർ "മോഷൻപിക്ച്ചർ സൊസൈററി ആഫ് ഇന്ത്യാ" എന്നപേരിൽ ഒരു സംഘടന രൂപവൽക്കരിച്ചു. മി: കെ. എസ്സ്. ഹെർലെക്കർ ആയിരുന്നു ഈ സംഘടനയിലെ പ്രധാനപ്രവർത്തകൻ. ൧൯൩൫-വരെ ജി. വി. ദേശമുഖ്, മി: ബി. വി. ജാദേവു്, സർ ഫിറോസ് സേത്നാ, സർ എം. ചിനായ തുടങ്ങിയവർ സംഘടനയുടെപ്രസിഡണ്ടുസ്ഥാനം അലങ്കരിച്ചിരുന്നു. ൧൯൩൫-ൽ മി: ചുനിലാലിനെ പ്രസിഡണ്ടായി തിരഞ്ഞെടുക്കുകയും അദ്ദേഹം ഇപ്പോഴും ആ സ്ഥാനത്തിൽ തുടരുകയും ചെയ്യുന്നു. തുടർന്ന് "ഇന്ത്യൻ മോഷൻ പിക്ച്ചർപ്രൊഡ്യൂസർ അസോസിയേഷൻ" "ഇന്ത്യൻ മോഷൻപിക്ച്ചർ ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ" "സിനിമാറ്റോഗ്രാഫ് എക്സിബിറ്റേഴ്സ് അസോസിയേഷൻ" തുടങ്ങിയ അനവധിസംഘടനകൾ ആവിർഭവിക്കുകയും ൧൯൩൯-ൽ ഇന്ത്യയിലെ വിവിധഫിലിം സംഘടനകളുടെ ഒരു ഫെഡറേഷൻ രൂപവൽക്കരിക്കുകയും ചെയ്തു.

൧൯൩൦-വരെ ഇന്ത്യയിൽ നിർമ്മിച്ചിട്ടുള്ള ചിത്രങ്ങൾ പരിശോധിക്കുന്നപക്ഷം അവയിൽ ഭൂരിപക്ഷവും പുരാണചിത്രങ്ങളും ഭക്തിപരമായ ചിത്രങ്ങളുമാണെന്നു കാണാൻ കഴിയുന്നതാണ്. സാമുദായികകഥകൾക്കു് അക്കാലത്തു പ്രാധാന്യം നൽകിയിരുന്നില്ല. നാല്പതുശതമാനം ചിത്രങ്ങൾ പുരാണപരവും ഭക്തിപരവും ൧൦ ശതമാനം ചരിത്രപരവും ൩൦ ശതമാനം സാമൂഹ്യവും ൨൦ ശതമാനം വീരപരാക്രമങ്ങൾ ഉൾക്കൊള്ളുന്നവയുമായിരുന്നു. എന്നാൽ ൧൯൩൦-നു ശേഷം ഇന്ത്യൻ ചലച്ചിത്രനിർമ്മാണത്തിൽ ചില വ്യതിയാനങ്ങൾ സംഭവിക്കുകയും സാമൂഹ്യചിത്രങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു. ഇന്ത്യയിൽവെച്ചു് ഏററവും കൂടുതൽ സ്റ്റുഡിയോവുകളും ഫിലിംനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളും ബോംബെയിലാണ്. "പുക്കാർ" "അൺഎക്സ്പെറഡ്" "ആദമി" "ശാന്തഅക്കാറാം" "ശകുന്തള" "ബസന്ത്" "കിസ്മത്ത്" "രാമരാജ്യം" "ഭാരത് മിലാപ്" "അന്ദാസ്" "ബർസാത്ത്" "ഗൃഹസ്ഥി" "കല്പന" തുടങ്ങിയവയാണ് ഇന്ത്യയിൽ നിർമ്മിച്ചിട്ടുള്ളവയിൽ പ്രധാനപ്പെട്ട ചിത്രങ്ങൾ. ഇപ്പോൾ ഇന്ത്യയിലുള്ള ഡയറക്ടറന്മാരിൽ ശാന്താറാം, ബാബുറാവു പട്ടേൽ തുടങ്ങിയവരും നടന്മാരിൽ അശോക്കുമാർ, കിഷോർസാഹു രാജകപൂർ, ദിലീപ്കുമാർ തുടങ്ങിയവരും നടികളിൽ നർഗ്ഗീസ്, സുരയ്യ തുടങ്ങിയവരും പ്രത്യേകം പ്രസ്താവന അർഹിക്കുന്ന വിശിഷ്ടവ്യക്തികളാണ്. ഇന്ത്യൻ സിനിമാവ്യവസായം ഇപ്പോൾ അഭിലഷണീയമായ പരിവർത്തനങ്ങളോടുകൂടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

—o—

## വാർത്തകൾ

ശ്രീകൃഷ്ണാ പ്രൊഡക്ഷൻസ് വാഹിനി സ്റ്റുഡിയോവിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ചന്ദ്രിക എന്ന ചിത്രം ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആഗസ്റ്റ് പതിനഞ്ചാംതീയതി ചിത്രം റിലീസ ചെയ്യണമെന്നാണ് നിർമ്മാണകരുടെ ഉദ്ദേശം. അടുത്തുതന്നെ കന്യാകുമാരി മുതലായ തിരുവിതാംകൂറിലെ പ്രകൃതിരമണീയമായ ഭൂപ്രദേശങ്ങൾ ഷൂട്ടുചെയ്തു ചിത്രത്തിൽ ചേർക്കുന്നതാണ്. വാഴക്കെ ഫെയിം കെ. സാരംഗപാണിയും ഈ ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.

* * *

രാജകുമാരി, ചിന്നപ്പാ എന്നിവർ പ്രധാനഭാഗങ്ങളിൽ അഭിനയിച്ചുകൊണ്ടിരിക്കുന്ന കൃഷ്ണാപിക്ചേഴ്സുകാരുടെ "വനസുന്ദരി" എന്ന ചിത്രം നൂറ്റാണിൽപകുതിയിലധികം നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. ടി. ആർ. രഘുനാഥനാണ് ചിത്രം ഡയറക്ടുചെയ്യുന്നതു്. ഈ ചിത്രത്തിൻെറ പിന്നണിസംഗീതം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു പെരിയനായകി, പട്ടമ്മാൾ, ലീലാ, കെ. വി. ജാനകി മുതൽപേരാണ്. ദീപാവലിസംബന്ധിച്ചു ചിത്രം റിലീസ്ചെയ്യുന്നതാണ്.

* * * *

ശോഭനാചലാ പിക്ചേഴ്സുകാരുടെ "മായാമാലാ" എന്ന ചിത്രം തമിഴിലും തെലുങ്കിലും നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ചിത്രത്തിലെ നായികയുടെഭാഗം അഭിനയിക്കുന്നതു അഞ്ജലിദേവിയും ഡയറക്ടുചെയ്യുന്നതു മിർജാപൂർരാജയുമാണ്.

* * * *

ശക്തി പ്രൊഡക്ഷൻസിൻെറ "വിധി" എന്ന ചിത്രത്തിൽ അഭിനയിക്കുന്നതിനായി ബി. എസ്സ്. സരോജാ, പി. കെ. സരസ്വതി, എസ്സ്. ഏ. നടരാജൻ, എം. ജി. ചക്രപാണി, നരസിംഹഭാരതി എന്നിവരെ തിരഞ്ഞെടുത്തിരിക്കുന്നു. പ്രബലാസ്റ്റുഡിയോവിൽ ചിത്രത്തിൻെറ ഷൂട്ടിംഗ് ആരംഭിക്കുന്നതാണ്.

* * * *

തമിഴ്ഹാസ്യനടിയായ ശ്രീമതി ടി. ഏ. മധുരം ഈയിടയായി ടെന്നീസുകളി പരിശീലിച്ചുകൊണ്ടിരിക്കുന്നു.

* * *

സേലം മോഡേൺ തിയേറ്റേഴ്സുകാരുടെ "മന്ത്രികുമാരി" എന്ന ചിത്രം മിക്കവാറും പൂർത്തിയായിട്ടുണ്ട്. മാധുരിദേവി, ശകുന്തള, എം. ജി. രാമചന്ദ്രൻ, നമ്പിയാർ മുതലായവരാണ് പ്രധാന നടീനടന്മാർ. വാഴ്കൈ എന്ന ചിത്രത്തിലെ "ടട ടടാ" പാട്ടിനെപ്പോലും അതിശയിക്കത്തക്കവിധത്തിലുള്ള ഒരു ഗാനം ഈ ചിത്രത്തിൻെറ വിശേഷതയ്ക്കു മാററുകൂട്ടുന്നതായിരിക്കും.

* * *

ശോഭനാസമർത്ഥ് തൻെറ സ്വന്തം ചിത്രമായ ഹമാരിബേട്ടിയുടെ നിർമ്മാണം ദ്രുതഗതിയിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

* * *

മൂന്നേകാൽകോടി രൂപാ ചെലവുചെയ്തു ഹോളിവുഡ്ഡിൽ നിർമ്മിക്കുന്ന മെട്രോഗോൾഡ്വിൻ മെയേഴ്സുകമ്പനിക്കാർ "കോ വാഡിസ്" എന്ന കഥ ചലച്ചിത്രത്തിലെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ചിത്രം റോമിൽവെച്ചാണ് നിർമ്മിക്കുന്നതു്. ൫൦ പ്രധാന നടീനടന്മാരും ൧൨൦൦൦ അപ്രധാന നടന്മാരും ഈ ചിത്രത്തിന് ആവശ്യമുണ്ട്.

* * *

ബോംബെയിലെ ഫിലിമിസ്ഥാൻ കമ്പനി ഒരു കൽക്കട്ടാ വ്യവസായിയായ മി. ജലാൻ പതിനാലുലക്ഷം രൂപായ്ക്കു വിലയ്ക്കുവാങ്ങിയിരിക്കുന്നു.

* * *

സെൻട്രൽ ഗവർമ്മെൻറ മിനിസ്റ്റർ ശ്രീ: ആർ. ആർ. ദിവാകർ അഡയാറിലെ സെൻട്രൽ സംഗീതകാളേജിൽവെച്ചു് ചെയ്ത ഒരു പ്രസംഗത്തിൽ കർണ്ണാട്ടിക്ക് സംഗീതകല അഭ്യസിക്കുന്നതിന് ലക്നൌവിലും ഹിന്ദുസ്ഥാനി സംഗീതത്തിനു മദ്രാസിലും ഓരോ കാളേജുകൾ സ്ഥാപിക്കേണ്ടതാണെന്നു് അഭിപ്രായപ്പെട്ടു. രണ്ടുതരം സംഗീതങ്ങളും ഇന്ത്യയിൽ പ്രചരിപ്പിക്കുന്നതിന് ഈ പദ്ധതി സഹായിക്കുമെന്നു് അദ്ദേഹം വിശ്വസിക്കുന്നു. നൃത്തവുംകൂടി സംഗീതകാളേജിൽ അഭ്യസിപ്പിക്കുന്നതു് അഭിലഷണീയമായിരിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു.


## ആവശ്യമുണ്ട്

പുതിയ ഡിസൈനിലുള്ള യു. എസ്. ഏ. ഫൌണ്ടൻപേനകളുടെ വില്പനയ്ക്കായി കമ്മീഷൻ വ്യവസ്ഥയിലോ, 300രൂപ മുതൽ 700 രൂപ വരെയുള്ള ശമ്പളവ്യവസ്ഥയിലോ ഏജൻറന്മാരെ ആവശ്യമുണ്ട്. സാമ്പിളിനും സൌജന്യ ഏജൻസിവ്യവസ്ഥകൾക്കും എഴുതുക. എഴുത്തുകൾ ഇംഗ്ലീഷിൽമാത്രം.

Imperial Trading Co. (M. R. Q.)
Saader Bazaar, DELHI.


Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.